"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

## 'സാന്ത്വനപ്രകാശമേ, നയിച്ചാലും'

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

Vol. LXI AUGUST 2011 No. 8

# CONTENTS


| | | |
|---|---|---|
| ഇടയലേഖനം-29 | - | 475 |
| സർക്കുലർ-തടവറപ്രേഷിതദിനം | - | 481 |
| സർക്കുലർ-ജസ്റ്റീസ് സൺഡേ | - | 484 |
| കച്ചേരിക്കാര്യം | - | 488 |
| സർക്കുലർ-103 | - | 489 |
| Collection List | - | 522 |
| അഭിവന്ദ്യ പിതാവിന്റെ - യു.എ.ഇ. സന്ദർശനം | - | 527 |
| Plus Two Result 2011 | - | 531 |
| പൗരോഹിത്യചിന്തകൾ | - | 532 |
| ആദിലാബാദ് വാർത്തകൾ | - | 542 |
| വാർത്തകൾ | - | 545 |
| ആദരാഞ്ജലികൾ | - | 570 |
| Prayer Day | - | 571 |
| പിതാവിന്റെ ഡയറിയിൽ നിന്ന് | - | 573 |
| Bishop's Engagements | - | 573 |






# പുണ്യവാന്മാരുടെ ഐക്യം
# (വിശുദ്ധരുടെ കൂട്ടായ്മ)

ദൈവപരിപാലനയിൽ പാലാ രൂപതയുടെ മെത്രാനായ

**മാർ ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**

സഭയുടെ അനുദിന ശുശ്രൂഷകളിൽ ഏറ്റവും പ്രധാനപ്പെട്ടത് വിശ്വാസപരിശീലനവും വിശ്വാസം കൈമാറ്റം ചെയ്യുന്നതിൽ സഭ കാണിക്കുന്ന ജാഗ്രതയുമാണ്. സഭയുടെ വിശ്വാസപ്രമാണത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകവും വിശ്വാസപരിശീലനത്തിന്റെ കേന്ദ്രസ്ഥാനത്ത് നിൽക്കേണ്ടയൊന്നുമാണ് പുണ്യവാന്മാരുടെ ഐക്യം എന്നത്. ഈ മേഖലയിൽ പലരും ചില സംശയങ്ങൾ ഉന്നയിച്ചതുകൊണ്ടാണ്, 'പുണ്യവാന്മാരുടെ ഐക്യത്തിലും ഞങ്ങൾ വിശ്വസിക്കുന്നു' എന്നതിനെക്കുറിച്ചുള്ള വിശദീകരണം ഇപ്പോൾ നല്കുന്നത്.

'സഭ പുണ്യവാന്മാരുടെ ഐക്യമല്ലെങ്കിൽ പിന്നെ മറ്റെന്താണ്' എന്ന് ഒരു പഴഞ്ചൊല്ലുതന്നെ ആദിമക്രൈസ്തവരുടെ ഇടയിലുണ്ടായിരുന്നു. അതായത്, പുണ്യവാന്മാരുടെ അല്ലെങ്കിൽ വിശുദ്ധരുടെ ഐക്യം എന്നത് സഭയുടെ മറ്റൊരു പേരാണ്. സഭ ഏകവും പരിശുദ്ധവും കാതോലികവും ശ്ലൈഹികവുമാണ് എന്നുപറയുന്നതുപോലെതന്നെ പ്രാധാന്യമുള്ളതാണ് സഭ പുണ്യവാന്മാരുടെ ഐക്യമാണ് എന്നു പറയുന്നതും. ഈ ഗുണവിശേഷങ്ങളെല്ലാം സഭയെ ഉള്ളിൽനിന്നുതന്നെ നിർവ

ചിക്കുന്നവയത്രേ. സഭ പുണ്യവാന്മാരുടെ ഐക്യമാണ് എന്ന തത്രേ മിശിഹായോടുള്ള സജീവബന്ധത്തിൽ അവളെ നില നിർത്തുന്നത്. ലോകാരംഭംമുതലുള്ള നീതിമാന്മാരും പ്രവാച കന്മാരും രക്തസാക്ഷികളും പാത്രിയാർക്കീസുമാരും ഒരൊറ്റസ ഭയാണ്. ആബേൽമുതലുള്ള നീതിമാന്മാരെല്ലാം ഒരേ സഭയിലെ അംഗങ്ങളാണ്. കാരണം, എല്ലാവരും വിശുദ്ധീകരിക്കപ്പെടുന്നത് ഒരേ വിശ്വാസത്താലാണ്; ഒരേ സഭാത്മകജീവിതത്താലാണ്.

പുണ്യവാന്മാരുടെ ഐക്യത്തിന് രണ്ട് അർത്ഥതലങ്ങളു ണ്ട്: 1) വിശുദ്ധ വസ്തുക്കളിലുള്ള കൂട്ടായ്മ 2) വിശുദ്ധർ അല്ലെ ങ്കിൽ വിശ്വാസികൾ തമ്മിൽത്തമ്മിലുള്ള കൂട്ടായ്മ. വിശുദ്ധർ എന്നതുകൊണ്ട് എല്ലാ സത്യവിശ്വാസികളെയുമാണ് ഉദ്ദേശിക്കു ന്നത്. നമ്മുടെ വി. കുർബാനയിൽ കുർബാനസ്വീകരണത്തി നുമുമ്പ് കാർമ്മികൻ ചൊല്ലുന്ന മനോഹരമായ പ്രാർത്ഥനയിൽ ഇവ രണ്ടും വിളക്കിച്ചേർത്തിട്ടുണ്ട്: “വിശുദ്ധ കുർബാന വിശുദ്ധ ജനത്തിനുള്ളതാകുന്നു.” മലങ്കരസഭയുടെ കുർബാനക്രമത്തിൽ ഇതേകാര്യം, “വിശുദ്ധ വസ്തുക്കൾ വിശുദ്ധിയും വെടിപ്പും ഉള്ള വർക്ക് നൽകപ്പെടുന്നു” എന്നുകാണാം. അതായത്, വിശ്വാസി കൾ വിശുദ്ധ വസ്തുക്കളാൽ വളർത്തപ്പെടുന്നു. വിശുദ്ധ കൂദാ ശകളിലൂടെ, പ്രത്യേകിച്ചും വി. കുർബാനയിലൂടെയാണ് വിശ്വാ സികൾ ഐക്യത്തിലും വിശുദ്ധിയിലും വളർത്തപ്പെടുന്നത്. ഈ അർത്ഥങ്ങൾ രണ്ടും ഒരുപോലെ പ്രധാനപ്പെട്ടതാണ്. അതാ യത്, പുണ്യവാന്മാരുടെ ഐക്യം എന്നത് സ്വർഗ്ഗത്തിലെ വിശു ദ്ധർ തമ്മിൽത്തമ്മിൽ മാത്രമുള്ള ഐക്യമല്ല, സ്വർഗ്ഗവാസികളും ഭൂവാസികളും തമ്മിലുള്ള ഐക്യവും മാത്രമല്ല; പ്രത്യുത, വിശുദ്ധ വസ്തുക്കളിലുള്ള കൂട്ടായ്മ കൂടിയാണ്. പുണ്യവാ ന്മാരുടെ ഐക്യമെന്നത് മിശിഹായോട് ബന്ധപ്പെട്ട എല്ലാവരും, വിശുദ്ധ രഹസ്യങ്ങളിലുള്ള പങ്കുചേരൽവഴി ആഴമായ ഐക്യ ത്തിൽ കഴിയുന്നു എന്നതത്രേ.



മിശിഹായിൽ വിശ്വസിക്കുന്ന എല്ലാവരും തമ്മിലുള്ള ഐക്യമാണ് സഭ. മരണത്തിന്റെ പടിവാതിൽക്കൽ സഭ അവ സാനിക്കുന്നില്ല. ഭൗമികസഭയും സ്വർഗ്ഗീയസഭയുംതമ്മിൽ ഗാഢ മായ ഐക്യമുണ്ട്. മിശിഹാ മഹത്ത്വത്തിൽ വരുമ്പോൾ പിന്നെ മരണമുണ്ടാകുകയില്ല. എല്ലാം അവന് കീഴ്പ്പെടും. എന്നാൽ, ഇപ്പോൾ ചിലർ ഭൂമിയിലാണ്, തീർത്ഥാടകരാണ്. മറ്റുചിലർ മരിച്ചു ശുദ്ധീകരണത്തിന് വിധേയരാകുന്നു; വീണ്ടുംചിലർ മഹ ത്ത്വത്തിലാണ്. ഇവരെല്ലാം തമ്മിൽ സജീവ ഐക്യമുണ്ട്. നമ്മൾ ആണ് സഭ എന്നുപറയുമ്പോൾ, ഈ നമ്മൾ ഭൂമിയിലെ വിശ്വാ സികൾ മാത്രമല്ല. ഭൂമിയിലെ വിശ്വാസികൾ തമ്മിലുള്ള ഐക്യം മാത്രമാണ് സഭാകൂട്ടായ്മയെങ്കിൽ അത് വളരെ ബലഹീനമായ ഒരു ഐക്യമാണ്. നിർഭാഗ്യവശാൽ ഭൗമികസഭയും സ്വർഗ്ഗീയ സഭയും തമ്മിലുള്ള ഐക്യം ഇന്ന് വളരെ ദുർബലമാകുന്നുണ്ട് എന്നു നാം തിരിച്ചറിയണം. പരലോകചിന്തയും ദൈവവിചാ രവും ദൈവഭാഷയും ഏറെ കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാല ഘട്ടമാണിത്. പുണ്യവാന്മാരുടെ ഐക്യം എന്നത് ഈശോ യിൽ വിശ്വസിക്കുന്ന എല്ലാവരും തമ്മിലുള്ള കൈകോർക്കലാ ണ്; സ്വർഗ്ഗീയസഭയും ഭൗമികസഭയും തമ്മിലുള്ള അടുപ്പമാ ണ്; ഓരോരുത്തരും മറ്റുള്ളവർക്കുവേണ്ടിക്കൂടി ജീവിക്കുവാൻ പഠിക്കലാണ്. നമുക്കുമുമ്പേ ജീവിച്ചിരുന്നവരും നമ്മെപ്പോലെ തന്നെ സഭയിലാണ്, സഭയാണ്. അവർ സഭയിലെ ഒട്ടും കുറഞ്ഞ അംഗങ്ങളല്ല. രണ്ടാം വത്തിക്കാൻ സൂനഹദോസ് തിരുസ്സഭയെ ക്കുറിച്ചുള്ള പ്രമാണരേഖയിൽ പറയുന്നു: “മിശിഹായോട് കൂടു തൽ ഐക്യപ്പെട്ടുകൊണ്ട്, സ്വർഗ്ഗത്തിൽ വസിക്കുന്നവർ സഭയെ വിശുദ്ധിയിൽ കൂടുതൽ ഉറപ്പിക്കുന്നു. ഭൂമിയിൽ ദൈവത്തിന് നല്കുന്ന ആരാധനയുടെ മഹത്ത്വം വർദ്ധിപ്പിക്കുന്നു. സഭാ ഗാത്രത്തെ നിർമ്മിക്കുവാൻ പലവിധത്തിൽ സഹായിക്കുന്നു. അവരുടെ സഹോദരതുല്യമായ പരിഗണന നമ്മുടെ ബലഹീ നതയ്ക്ക് ശക്തിപകരുന്നു” (തിരുസ്സഭ 49). നിത്യഭാഗ്യത്തിന്

അർഹരായ വിശുദ്ധരുടെ മഹത്ത്വത്തിൽ സഭ മുഴുവൻ സന്തോഷിക്കുന്നു (ഹെബ്രാ. 12:22-24). ശുദ്ധീകരണസ്ഥലത്തു വേദന അനുഭവിക്കുന്ന സഹോദരങ്ങളിൽ സഭ മുഴുവൻ വേദനിക്കുന്നു. 'ഒരവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു. ഒരവയവം പ്രശംസിക്കപ്പെടുമ്പോൾ എല്ലാ അവയവങ്ങളും പ്രശംസിക്കപ്പെടുന്നു' (1 കോറി.12:26). പുണ്യവാന്മാരുടെ ഐക്യം അല്ലെങ്കിൽ വിശുദ്ധരുടെ കൂട്ടായ്മ എന്ന വിശ്വാസത്തിൽ നിന്നാണ് മരിച്ചവർക്കുവേണ്ടിയുള്ള സഭയുടെ പ്രാർത്ഥനകളും വിശുദ്ധരോടുള്ള മധ്യസ്ഥപ്രാർത്ഥനകളും മനസ്സിലാക്കാൻ കഴിയുന്നത്. മരണമടഞ്ഞവരെ ജീവിച്ചിരിക്കുന്നവർക്ക്, സഭയ്ക്ക് സഹായിക്കാൻ പറ്റും.

വിശുദ്ധരായവർ സ്വർഗ്ഗത്തിൽ മിശിഹായോട് ഗാഢമായ ഐക്യത്തിലാണ്. അവരാണ് സ്വർഗ്ഗത്തിലെ നമ്മുടെ ശക്തമായ സഹായം. അത് അദൃശ്യമായ, ശക്തമായ ഒരു നദിയാണ്. വി. കൊച്ചുത്രേസ്യാ പറയുന്നു: "സ്വർഗ്ഗത്തിലെ എന്റെ സമയം ഭൂമിയിൽ നന്മ ചെയ്യാൻവേണ്ടി ഉപയോഗപ്പെടുത്തും. എന്റെ സ്വർഗ്ഗം ഭൂമിയിൽ ലോകാവസാനംവരെ പ്രവർത്തിക്കും. സ്വർഗ്ഗത്തിൽ ദൈവം എന്റെ ആഗ്രഹം സാധിച്ചുതരും. കാരണം, ഭൂമിയിൽ ഞാൻ എന്റെ ആഗ്രഹമൊന്നും സാധിച്ചെടുത്തിട്ടില്ല." കൊച്ചുത്രേസ്യായുടെ ജീവിതാന്ത്യത്തിൽ ഒരാൾ ചോദിച്ചു: 'നീ സ്വർഗ്ഗത്തിലിരുന്നുകൊണ്ട് ഞങ്ങളെ നോക്കില്ലേ?' അവൾ പറഞ്ഞു: "ഇല്ല. ഞാൻ താഴേക്ക് ഇറങ്ങിവരും." പുണ്യവാന്മാരുടെ ഐക്യത്തിന്റെ അർത്ഥം സ്വർഗ്ഗം ഭൂമിയോട് അടുത്താണ് എന്നത്രേ. ദൈവം എന്നും നമ്മോടുകൂടെയാണ്. "വിശുദ്ധീകരിക്കുന്നവരും വിശുദ്ധീകരിക്കപ്പെടുന്നവരും ഉത്ഭവിക്കുന്നത് ഒരുവനിൽനിന്നുതന്നെ" (ഹെബ്രാ.2:13).

സ്വർഗ്ഗത്തിലെ വിശുദ്ധരായ നമ്മുടെ സ്വന്തം സഹോദരങ്ങളിൽനിന്ന് നാം എന്താണ് പ്രതീക്ഷിക്കുന്നത്? സഭയുടെ



യഥാർത്ഥ സ്വഭാവത്തിന് നിരക്കാത്തതൊന്നും പ്രതീക്ഷിക്കരുത്. സഭ നല്കുന്നത് ദൈവികമൂല്യങ്ങളാണ്, കൃപയാണ്; മിശിഹായോടുള്ള ഐക്യമാണ്. ഇവ നാം വേണ്ട രീതിയിൽ ശ്രദ്ധിക്കാതെയും പരിഗണിക്കാതെയും വിടാറുണ്ട്; അപ്രധാനമെന്ന് കരുതാറുണ്ട്. ഇന്ന് നാം പലപ്പോഴും സഭയിൽനിന്ന് ഭൗതിക നേട്ടങ്ങളും ലാഭങ്ങളുമാണ് ആഗ്രഹിക്കുന്നത്. കേവലം മാനുഷിക പ്രതീക്ഷകളുമായി നടക്കുമ്പോൾ നിരാശപ്പെടേണ്ടിവരുന്നു. മനുഷ്യർ ആഗ്രഹിക്കുന്നതെല്ലാം സാധിച്ചുകൊടുക്കാൻ സഭയ്ക്കു സാധ്യമല്ല. അത് സഭയുടെ സ്വഭാവത്തിനു ചേർന്നതുമല്ല. ഇന്ന് അത്ഭുതങ്ങളുടെയും രോഗശാന്തിയുടെയും പിറകെ ഓടുന്ന വലിയ ഒരു പ്രവണത വളർന്നുവരുന്നുണ്ട്. നമ്മൾ ആഴപ്പെടേണ്ടത് ദൈവവചനത്തിലും സഭയുടെ പ്രബോധനങ്ങളിലും ആരാധനക്രമത്തിലുമാണ്. വിശ്വാസത്തിൽ ആഴപ്പെടുമ്പോഴാണ് ശാന്തിയും സമാധാനവും കൈവരുന്നത്. എല്ലാ രോഗങ്ങളും വേദനകളും ദൈവവിളികളാണെന്നുകൂടി തിരിച്ചറിയുമ്പോഴാണ് നാം യഥാർത്ഥ വിശ്വാസികളാകുന്നത്. ഈ പശ്ചാത്തലത്തിലാണ് രക്തസാക്ഷിത്വത്തിലൂടെയും സഹനത്തിലൂടെയും വിശുദ്ധരായവരുടെ പ്രസക്തി കൂടുന്നത്. എന്നാൽ, ഇന്ന് സ്വർഗ്ഗത്തിലെ പുണ്യവാന്മാർ ഭൂമിയിൽ വേണ്ടതുപോലെ വിലമതിക്കപ്പെടുന്നില്ല, പ്രഘോഷിക്കപ്പെടുന്നില്ല; സഭയുടെ യഥാർത്ഥ മൂലധനമായിട്ട് കരുതപ്പെടുന്നില്ല.

സ്വർഗ്ഗത്തിൽനിന്നുള്ള സഹായങ്ങൾ നമുക്ക് ലഭിക്കുന്നത് സ്വർഗ്ഗീയവസ്തുക്കളിലുള്ള കൂട്ടായ്മവഴിയാണ്. വി. കുർബാനയിലാണ് സ്വർഗ്ഗവും ഭൂമിയും, സ്വർഗ്ഗീയസഭയും ഭൗമികസഭയും ഒരുമിച്ചുചേരുന്നത്. വി. കുർബാനയുടെ ആഘോഷത്തിൽ സ്വർഗ്ഗം ഭൂമിയിലേക്ക് ഇറങ്ങുകയാണ്. സ്വർഗ്ഗീയസഭയും ഭൗമികസഭയും ഒരേസഭയുടെ രണ്ടു മുഖങ്ങളാണ്. നമ്മുടെ പരി. കുർബാനയിൽ നാം പ്രാർത്ഥിക്കുന്നുണ്ടല്ലോ:

"സ്വർഗ്ഗവാസികളുടെ ആയിരങ്ങളും മാലാഖമാരുടെ പതിനായിരങ്ങളും അങ്ങയെ കുമ്പിട്ടാരാധിക്കുന്നു" എന്ന്. അവരോടു കൂടിയാണ് ഭൗമികസഭ ആരാധന നടത്തുന്നത്. സകല മാലാഖമാരോടും വിശുദ്ധരോടുംകൂടിയാണ് നാം പരി. കുർബാന അർപ്പിക്കുന്നത്. നമ്മിൽനിന്നു വേർപിരിഞ്ഞവരോടുമുള്ള ഐക്യത്തിലാണ് നാം ബലിയർപ്പിക്കുന്നത്. പുണ്യവാന്മാരുടെ ഐക്യം എന്നത് മിശിഹായെപ്പോലെയും മിശിഹായോടുകൂടിയും എല്ലാവരും ഒന്നിച്ചുനില്ക്കുന്നതാണ്. സഭയിൽ ആരും ഒറ്റപ്പെട്ടവരല്ല. ആരും തങ്ങൾക്കുവേണ്ടിമാത്രം ജീവിക്കുന്നവരുമല്ല. സ്വർഗ്ഗത്തിൽ എത്തുമ്പോൾമാത്രമാണ് അവിടുത്തെ വിശുദ്ധരോട് നാം എത്രമാത്രം ബന്ധപ്പെട്ടാണ് കഴിഞ്ഞിരുന്നത് എന്ന് ബോധ്യമാകുന്നത്. ബാബേലിലെ ചിതറിക്കപ്പെടലിന്റെ മറുമരുന്നാണ് പുണ്യവാന്മാരുടെ ഐക്യം. ബാബേൽ വെറുമൊരു ഗോപുരമല്ല; നമ്മിൽ ഓരോരുത്തരിലുമുള്ള അനൈക്യത്തിന്റെയും അഹങ്കാരത്തിന്റെയും ചിതറിക്കലിന്റെയും ധാരണക്കുറവിന്റെയും വിദ്വേഷത്തിന്റെയും ഭാഗമാണ്. പുണ്യവാന്മാരുടെ ഐക്യം, നിരന്തരമായ യോജിപ്പിന്റെ നിറനിലാവാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

ബിഷപ്സ് ഹൗസ്
പാലാ; 01-08-2011

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതയുടെ മെത്രാൻ

N.B. ഈ ഇടയലേഖനം ഓഗസ്റ്റ് 7-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ എല്ലാ ദൈവാലയങ്ങളിലുംവായിക്കേണ്ടതാണ്.



# തടവറ പ്രേഷിത ദിനം 2011

**(ആഗസ്റ്റ് 14)**

**കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ്സ് ഫ്രറ്റേണിറ്റി നടത്തുന്ന തടവറ പ്രേഷിത പ്രവർത്തനത്തിൽ സഭാമക്കൾ പങ്ക് ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ.**

യേശുക്രിസ്തുവിൽ സ്നേഹമുള്ളവരേ,

ആഗസ്റ്റ് 14-ാം തീയതി വിശുദ്ധ മാക്സ്മില്യൻ മരിയ കോൾബെയുടെ തിരുനാൾ സാർവത്രിക സഭ കൊണ്ടാടുകയാണ്. ഈ ദിനം തന്നെയാണ് ഭാരത സഭ തടവറ പ്രേഷിത ദിനമായി ആചരിക്കുന്നത്. ജർമ്മനിയിലുള്ള നാസി തടവറയിൽ സഹതടവുകാരന് വേണ്ടി സ്വജീവൻ അർപ്പിച്ച വിശുദ്ധനാണ് കോൾബെ. സഹോദരന് വേണ്ടി ജീവൻ ബലി അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല എന്ന ക്രിസ്തു സന്ദേശം ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തിയ അദ്ദേഹം തടവുകാരോടു നമുക്ക് ഉണ്ടായിരിക്കേണ്ട കാരുണ്യത്തിന് ഉത്തമ മാതൃകയാണ്. നീതിമാൻമാരെയല്ല, പാപികളെ വിളിക്കാനാണ് ഞാൻ വന്നിരിക്കുന്നത് (മത്തായി. 9:13) എന്ന യേശുനാഥന്റെ പ്രബോധനം അർത്ഥവത്താക്കുകയാണ് തടവറ പ്രേഷിത പ്രവർത്തനത്തിന്റെ ലക്ഷ്യം. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകറ്റി നിറുത്തപ്പെടുന്നവരെ, നല്ല ഇടയനായ ക്രിസ്തുനാഥന്റെ മാതൃകയിൽ അന്വേഷിച്ച് കണ്ടെത്തി മാറോടണയ്ക്കുകയാണ് തടവറ പ്രേഷിതത്വം നിർവഹിക്കുന്നത്. ഞാൻ കാരാഗൃഹത്തിലായിരുന്നു നിങ്ങളെന്നെ സന്ദർശിച്ചു (മത്താ.25:36) എന്ന യേശു വചനം ഈ ശുശ്രൂഷയിലേക്ക് കടന്ന് വരാൻ ഏവർക്കും പ്രേരകമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

മനുഷ്യന്റെ എല്ലാ നൊമ്പരങ്ങളോടും താദാത്മ്യം പ്രാപിച്ചുകൊണ്ടാണ് ഈശോ മനുഷ്യന്റെ വേദന ദൈവത്തിന്റെ വേദനയാണെന്ന് നമ്മെ പഠിപ്പിക്കുന്നത്. ആയതിനാൽ തടവറ മക്കളുടെയും വേദന ഏറ്റുവാങ്ങാൻ അവിടന്ന് തിരുവുള്ളമായി. ഒരു രാത്രി മുഴുവനും അവിടന്ന് പീലാത്തോസിന്റെ തടവറയിലായിരുന്നു. ക്രൂരമായ ശാരീരിക മാനസിക പീഢകൾ ഏറ്റെടുത്ത് അവിടന്ന് ഒരു കുറ്റവാളിയെ

പ്പോലെ ക്രൂശിലേറ്റപ്പെട്ട്, മരിച്ച് ഉത്ഥാനം ചെയ്തു. ജയിൽ വാസികൾ ക്രിസ്തുവിനോട് താദാത്മ്യപ്പെടുകയും പുതുജീവിതത്തിലേക്ക് പ്രവേശിക്കുകയും വേണമെന്ന ലക്ഷ്യത്തോടെയാണ് ജീസസ്സ് ഫ്രറ്റേണിറ്റി പ്രവർത്തിക്കുന്നത്. തടവറക്കാർ കുറ്റബോധവും നിരാശയും കൊണ്ട് നിറഞ്ഞവരാകാൻ സാധ്യതയുണ്ട്. അവരിൽ പശ്ചാത്താപവും മാനസാന്തരവും ജനിപ്പിച്ച് പ്രത്യാശയിലേക്ക് നയിക്കാനാണ് ജീസസ്സ് ഫ്രറ്റേണിറ്റി ശ്രമിക്കുന്നത്. നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കരുണയും സ്നേഹവും വാക്കിലൂടെയും പ്രവൃത്തിയിലൂടെയും തടവറ മക്കളിലേക്ക് പകരാവുന്ന സുപ്രവർത്തനങ്ങളിൽ അനേകർ കടന്നുവരിക ആവശ്യമാണ്.

കാരാഗൃഹവാസം അന്യായമായി അനുഭവിക്കുന്നവരുണ്ടാകാം. ആദിമ സഭയുടെ ചരിത്രം അന്യായമായി തടങ്കലിൽ വേദന അനുഭവിച്ചവരുടെ ചരിത്രം കൂടിയാണ്. ജയിലിൽ സ്തോത്രം പാടിയ പൗലോസും സീലാസും തടവറ വാസം എങ്ങനെ ഭാവാത്മകമായി ഉപയോഗപ്പെടുത്താം എന്നതിന് ഉത്തമ ഉദാഹരണങ്ങളാണ്. ഓരോ നാടിന്റെയും സ്വാതന്ത്ര്യസമരചരിത്രത്തിലും അന്യായമായി തടങ്കലിൽ പീഡിപ്പിക്കപ്പെട്ട എത്രയോ മഹദ്വ്യക്തികളെ കാണാം. തങ്ങളുടെ കാരാഗൃഹവാസം വായനയിലും ഗ്രന്ഥരചനയിലും ഏർപ്പെട്ട് ഉദാത്തമാക്കിയ ആ മഹാന്മാരുടെ മാതൃകയിലേക്ക് തടവറയിൽ കഴിയുന്നവരുടെ ശ്രദ്ധയെ തിരിക്കുന്നത് അവരെ നിഷേധാത്മക മനോഭാവത്തിൽ നിന്നും പുറത്ത് കടക്കുവാൻ സഹായിക്കും.

ബന്ധിതരെ മോചിപ്പിക്കുവാൻ വന്ന യേശുനാഥന്റെ മാർഗ്ഗം സ്വീകരിച്ച് തടവറയിലെ സഹോദരരെ സന്ദർശിച്ച് ആശ്വസിപ്പിക്കാനും മാതാപിതാക്കളോ സഹോദരരോ തടവറയിലായിരിക്കുന്നതുകൊണ്ട് ദുരിതമനുഭവിക്കുന്നവരുടെ കുടുംബങ്ങളെ സഹായിക്കാനും കരുതാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. കെ.സി.ബി.സിയുടെ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ കീഴിൽ ഇത്തരത്തിലുള്ളവരെ സംരക്ഷിച്ച് വളർത്താൻ 13 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. കൂടാതെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് കുട്ടികളെ സഹായിക്കുകയും തടവറയിൽ നിന്നും പുറത്ത് വരുന്ന സഹോദരരെ പുനരധിവസിപ്പിച്ച് പുതിയ ജീവിത മേഖലകളിലേക്ക് നയിക്കുകയും ചെയ്യുന്നു. ഈ പ്രവർത്തനങ്ങളിലെല്ലാം എല്ലാവരുടെയും സഹകരണമുണ്ടാകണമെന്നും ഈ ശുശ്രൂഷയ്ക്ക് വേണ്ട സാമ്പത്തിക സഹായം ഉദാരമായി നല്കണമെന്നും എല്ലാവരോടും സ്നേഹപുരസരം അപേക്ഷിക്കുന്നു.



ക്രിസ്തുവിന്റെ സ്നേഹത്താൽ നമ്മെ നിറയ്ക്കുന്നതും സ്വർഗ്ഗരാജ്യപ്രവേശനത്തിന് നമ്മെ സഹായിക്കുന്നതുമായ ഈ മനോഗുണ പ്രവൃത്തിയിൽ പങ്കാളികളാകുവാൻ പരിശുദ്ധാത്മാവായ ദൈവം നമ്മെ സഹായിക്കട്ടെ. ദൈവപിതാവിന്റെ സ്നേഹവും പുത്രൻ തമ്പുരാന്റെ കൃപയും പാവനാത്മാവിന്റെ സഹവാസവും നിങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട്,

ജീസസ്സ് ഫ്രറ്റേണിറ്റിക്കുവേണ്ടി

**ബിഷപ്പ് സ്റ്റീഫൻ അത്തിപ്പൊഴിയിൽ**

ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ്

ഡെവലപ്മെന്റ് കമ്മീഷൻ

**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

**ബിഷപ് മാർ ബോസ്കോ പുത്തൂർ**

വൈസ് ചെയർമെൻ, കെ.സി.ബി.സി. ജസ്റ്റിസ്, പീസ് ആൻഡ്

ഡെവലപ്മെന്റ് കമ്മീഷൻ

---

N:B: തടവറപ്രേഷിതദിനമായ ആഗസ്റ്റ് 14-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കേണ്ടതാണ്.

സർക്കുലർ

# ജസ്റ്റീസ് സൺഡേ – 2011

## ( ആഗസ്റ്റ് – 21 )

വന്ദ്യ വൈദികരേ, പ്രിയസന്യസ്തരേ, കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഭാരതസഭ ഈ വർഷം ആഗസ്റ്റ് 21-ാം തീയതി നീതി ഞായറാഴ്ചയായി (ജസ്റ്റിസ് സൺഡേ) ആചരിക്കുകയാണ്. മതത്തിന്റെ പേരിൽ തുല്യാവകാശവും നീതിയും നിഷേധിക്കപ്പെട്ട ഭാരതത്തിലെ ദലിത് ക്രൈസ്തവർ നീതിക്കുവേണ്ടി പോരാടുന്ന സാഹചര്യത്തിലാണ് വീണ്ടും ഒരു നീതി ഞായർ കടന്നുവരുന്നത്. ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 64 വർഷം തികയുകയാണ്. സ്വതന്ത്രഭാരതത്തിൽ നീതി കിട്ടാത്ത ഒരു ജനവിഭാഗം ദലിത് ക്രൈസ്തവരല്ലാതെ മറ്റൊന്നുണ്ടാവില്ലെന്ന് കഴിഞ്ഞ 64 വർഷങ്ങളായി നാം മനസ്സിലാക്കുന്നു. ജാതിയുടെയോ മതത്തിന്റെയോ പ്രദേശത്തിന്റെയോ പേരിൽ ഒരു പൗരനും വിവേചനം പാടില്ലായെന്ന് ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്നുണ്ട്. ഏതു പൗരനും ഇഷ്ടമുള്ള മതം സ്വീകരിക്കുന്നതിനും വിശ്വസിക്കുന്നതിനും മതാനുഷ്ഠാനമനുസരിച്ച് ജീവിക്കുന്നതിനും വിശ്വാസം പ്രഖ്യാപിക്കുന്നതിനും ഭരണഘടന അവകാശം നല്കുന്നു (Article 3:25 (1). മതം മാറുന്നതുകൊണ്ട് ഒരു വ്യക്തിയുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ രാഷ്ട്രീയ സ്ഥിതിയിൽ മാറ്റം സംഭവിക്കണമെന്നില്ല. ഇത്തരം സാഹചര്യം നിലനില്ക്കേ ദലിത് ക്രൈസ്തവർ "ക്രിസ്തുമതം സ്വീകരിച്ചു" എന്ന ഒറ്റക്കാരണത്താൽ ഒരു ഇന്ത്യൻ പൗരന് ഭരണഘടനാപരമായി ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിക്കുന്നത് കടുത്ത അനീതിയാണ്. മാത്രമല്ല, ഇത് ഭരണഘടനാ ലംഘനവും മനുഷ്യാവകാശ ലംഘനവുമാണ്. ഈ നീതി നിഷേധത്തിനെതിരേ ദലിത് ക്രൈസ്തവർ കഴിഞ്ഞ 64 വർഷമായി നിരന്തരമായ പോരാട്ടത്തിലാണ്.

നീതി നിഷേധിക്കപ്പെട്ട ദലിത്, ആദിവാസി, പിന്നോക്ക, ന്യൂനപക്ഷവിഭാഗങ്ങളുടെ വിമോചനത്തിനായി പ്രവർത്തിച്ചതിന്റെ പേരിൽ നിരവധി വൈദികരും സന്യാസിനികളും അല്മായരും അതിദാരുണമായി പീഡിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്ത നിരവധി സംഭവങ്ങൾ ഈ അവസരത്തിൽ നാം ഓർക്കേണ്ടതാണ്. നീതിക്കുവേണ്ടി നടത്തുന്ന നിരാലംബരായ ദലിത് ക്രൈസ്തവരുടെ പോരാട്ടത്തെ കേന്ദ്ര ഭരണകൂടത്തിലും സംസ്ഥാന നിയമസഭകളിലും മാറിമാറി വന്നിട്ടുള്ള അധികാരികൾ കണ്ടില്ലെന്നു നടിക്കുകയാണ്. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിലും ഇക്കഴിഞ്ഞ കേരളാ നിയമസഭ തിരഞ്ഞെടുപ്പിലും ദലിത് ക്രൈസ്തവരെ സ്ഥാനാർത്ഥികളാക്കുന്നതിൽ ഇടതുപക്ഷവും വലതുപക്ഷവും ഒട്ടുംതന്നെ താത്പര്യം കാണിച്ചില്ല എന്നത് വേദനിപ്പിക്കുന്ന യാഥാർത്ഥ്യമാണ്.

2004-ൽ ഫ്രാങ്കിളിൻ സീസർ സുപ്രീം കോടതിയിലെത്തിച്ച കേസിൽ പതിനായിരത്തിലധികം പേജുകൾ വരുന്ന തെളിവുകൾവഴി ദലിത് ക്രൈസ്തവർ സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥയിലാണെന്ന് സമർത്ഥിച്ചു. പട്ടികജാതിക്കാരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച ഉത്തരവിന്റെ മൂന്നാം ഖണ്ഡികയുടെ ഭരണഘടനാപരമായ സാധുത ചോദ്യം ചെയ്യപ്പെട്ടു. ദലിത് ക്രൈസ്തവർക്ക് ആനുകൂല്യം നിഷേധിക്കുന്നത് നിയമപരമായി ശരിയാണോയെന്ന് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി നിയമിക്കപ്പെട്ട ജസ്റ്റിസ് രംഗനാഥമിശ്ര കമ്മീഷൻ പട്ടികജാതി സംവരണത്തിന് മതവിശ്വാസം തടസ്സമാകാൻ പാടില്ലായെന്ന് ശുപാർശ ചെയ്തു. പക്ഷേ ഇത് നടപ്പിലാക്കാനുള്ള ഇച്ഛാശക്തി സർക്കാരിന് ഇല്ലാതെ പോയി. ദലിത് ക്രൈസ്തവരുടെ സംവരണ പ്രശ്നം ആനുകൂല്യങ്ങൾക്കുവേണ്ടി മാത്രമുള്ളതല്ല, മറിച്ച് ഒരു ഇന്ത്യൻ പൗരന് ലഭിക്കേണ്ട ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനു വേണ്ടിയുള്ളതുമാണ്.

1956-ൽ സിക്കുമത വിശ്വാസികളായ ദലിതരെയും 1990-ൽ ബുദ്ധമത വിശ്വാസികളായ ദലിതരെയും ഭരണഘടനാ ഭേദഗതിയിലൂടെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി. ക്രിസ്തുമത വിശ്വാസികളായ ദലിതരെ ഇനിയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താൻ സർക്കാർ കാണിക്കുന്ന വിമുഖത നീതിബോധമുള്ളവർക്ക് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. ദലിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെ

ടുത്തുന്നതിനായി സുപ്രീം കോടതിയിൽ നിലവിലുള്ള കേസ്സ് സർക്കാർ വരുത്തുന്ന കാലതാമസത്തിലൂടെ അനന്തമായി നീട്ടിക്കൊണ്ടുപോകുകയും കൃത്യതയില്ലാത്ത തീരുമാനങ്ങൾ അറിയിച്ച് കോടതിയെപ്പോലും കബളിപ്പിക്കുകയും ചെയ്യുകയാണ്. കഴിഞ്ഞ വർഷങ്ങളിലെല്ലാം പാർലമെന്റിനു മുന്നിൽ റിലേ ഉപവാസ സമരങ്ങൾ നടത്തിയും നിവേദനം കൊടുത്തും ദലിത് ക്രൈസ്തവ സംവരണം നാം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഇത്രയൊക്കെയായിട്ടും സർക്കാരിന്റെ ഭാഗത്തുനിന്നും അനുകൂലമായ പ്രതികരണമുണ്ടായിട്ടില്ലെന്നത് അതീവ ഗൗരവത്തോടെ കാണണം.

ദലിത് ക്രൈസ്തവരോടും നീതി നിഷേധിക്കപ്പെട്ട എല്ലാ വിഭാഗങ്ങളോടുമുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനാണ് ജസ്റ്റിസ് സൺഡേ (നീതി ഞായർ) നാം ആചരിക്കുന്നത്. 1986-ൽ ഗോവയിൽ കൂടിയ ഭാരത മെത്രാൻ സമിതിയാണ് ഈ തീരുമാനമെടുത്തത്. ഈ വർഷം ജസ്റ്റിസ് സൺഡേയുടെ രജതജൂബിലി വർഷവുമാണ്. ഇതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ നടത്തപ്പെടുന്ന ആഘോഷങ്ങളെക്കുറിച്ചും കലാസാഹിത്യമത്സരങ്ങളെക്കുറിച്ചും ഒരോ രൂപതയിലെയും ഡയറക്ടർ നിങ്ങളെ യഥാസമയം അറിയിക്കുന്നതായിരിക്കും. ദലിത് ക്രൈസ്തവ സഹോദരങ്ങളുടെ സർവതോന്മുഖമായ പുരോഗതിക്കായി കേരളത്തിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ അംഗീകാരത്തോടെയുള്ള ദലിത് കത്തോലിക്കാ മഹാസഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഏവരും സഹകരിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. വിജയപുരം രൂപതയുടെ നാഗമ്പടത്തുള്ള (കോട്ടയം റെയിൽവേ സ്റ്റേഷന് എതിർവശം) കെട്ടിടം ഡി.സി.എം.എസ്. സംസ്ഥാന കമ്മിറ്റിയുടെ ആഫീസായി 2011 മെയ് 10-ാം തീയതി മുതൽ പ്രവർത്തനം ആരംഭിച്ച കാര്യം ഏവരെയും അറിയിക്കാൻ സന്തോഷമുണ്ട്. ഇതിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുതന്ന അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കത്തച്ചേരിൽ പിതാവിനു ഹൃദയപൂർവം നന്ദി. നല്ല സമരിയാക്കാരന്റെ മാതൃക സ്വീകരിച്ചുകൊണ്ട് ക്രൈസ്തവ സ്നേഹത്തോടെ ഏവരും ദലിത് ക്രൈസ്തവരുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ പങ്കുചേരാൻ ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ദലിത് ക്രൈസ്തവരോടു പക്ഷംചേരുന്നതിലൂടെ നാം ചെയ്യുന്ന ഏതു പ്രവൃത്തിയും മാനുഷികാന്തസ്സ് പുന:സ്ഥാപിക്കുന്നതിനുള്ള പ്രയത്നങ്ങളായി വേണം കണക്കാക്കാൻ. “ഞാൻ വന്നിരിക്കുന്നത് ജീവൻ നല്കുവാനും അത് സമൃദ്ധമായി നൽകുവാനുമാണ്” (യോഹ 10,10). യേശുനാഥന്റെ ഈ വാക്കുകൾ ജസ്റ്റിസ് സൺഡേ ദിനത്തിൽ നമുക്ക് ഏവർക്കും അനുഗ്രഹവും പ്രത്യാശയും നല്കട്ടെ.

ജസ്റ്റിസ് സൺഡേ ദിനമായി ആചരിക്കുന്ന ആഗസ്റ്റ് 21-ാം തീയതി വിശുദ്ധ കുർബാന മദ്ധ്യേ നല്കുന്ന സംഭാവന ഉദാരപൂർവമായിരിക്കാൻ ശ്രദ്ധിക്കുമല്ലോ. ഇപ്രകാരം സ്വരൂപിക്കുന്ന തുക നമ്മുടെ ദലിത് സഹോദരങ്ങളുടെ സമഗ്രമായ ഉന്നമനത്തിനുവേണ്ടി മാത്രമാണ് വിനിയോഗിക്കപ്പെടുന്നത്. അതിലൂടെ ഇപ്പോൾ പലതരത്തിലും പിന്നാക്കം നില്ക്കുന്ന ദലിത് ക്രൈസ്തവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കാൻ പരിശ്രമിക്കാം.

നീതിക്കുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനങ്ങളെ കാരുണ്യവാനായ ദൈവം സർവ്വവിധ നന്മകളും നല്കി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെല്ലാവരെയും ആശീർവദിക്കുന്നു.

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**

ചെയർമാൻ, കെ.സി.ബി.സി SC/ST/BC കമ്മീഷൻ

**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്,**

**ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**

വൈസ് ചെയർമെൻ, കെ.സി.ബി.സി SC/ST/BC കമ്മീഷൻ

---

**N.B. 2011 ആഗസ്റ്റ് 21-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കേണ്ടതാണ്.**

## കച്ചേരിക്കാര്യം

### 1. സ്ഥലമാറ്റം, നിയമനം

Rev. Fathers

| | | |
|---|---|---|
| Cherukarakunnel Alexander | - | Mar Aprem priests' home palai |
| Elipulikatt Zacharias | - | Mar Aprem priests' home palai |
| Kuttianickal Martin | - | Asst. Vicar, St. Thomas Cathedral, Palai |
| Puthumana Joseph | - | Vice Rector & Professor, G.S. Major Seminary, Kunnoth |
| Thonikuzhy Sebastian | - | Principal, St. George College, Aruvithura |

### 2. സീറോ മലബാർ പ്രേഷിത വർഷ കലണ്ടർ

പ്രേഷിതവർഷാചരണത്തോടനുബന്ധിച്ച് സഭാകേന്ദ്രത്തിൽനിന്നും രൂപതയിലെ എല്ലാ കുടുംബങ്ങളിലും എത്തിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കി ഏൽപ്പിച്ചിരിക്കുന്ന കലണ്ടർ ബിഷപ്പ്സ് ഹൗസിൽ നിന്നും ലഭ്യമാണ്. ഒരു കലണ്ടറിന് 5 രൂപയാണ് വില. ഓരോ ഇടവകയിലേയ്ക്കും ആവശ്യമായുള്ള കലണ്ടർ ബഹു. വികാരിയച്ചന്മാർ കഴിവതുംവേഗം വാങ്ങിക്കൊണ്ടുപോകുമല്ലോ.

**ഫാ. ചാൻസിലർ**

## അഭിനന്ദനങ്ങൾ...

**ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി വൈസ് റെക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജോസഫ് പുതുമനയച്ചന് പാലാ രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും...**



**സർക്കുലർ No: 103**

## സീറോ മലബാർ പ്രേഷിതവർഷാചരണം

മിശിഹായിൽ ഏറ്റവും പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

സീറോമലബാർ പ്രേഷിതവർഷം പ്രമാണിച്ച് അഭിവന്ദ്യ മാർ ജോർജ് ആലഞ്ചേരിപിതാവ് നല്കിയ ഇടയലേഖനം ഇതിനോടകം നാം വായിച്ചുമനസ്സിലാക്കിയല്ലോ. 2011 ഓഗസ്റ്റുമാസം 15-ാം തീയതി മുതൽ 2012 ഓഗസ്റ്റ് 15-ാം തീയതിവരെ നാം ആചരിക്കുന്ന പ്രേഷിതവർഷകർമ്മപരിപാടികൾ സീറോമലബാർ കേന്ദ്രകാര്യാലയവും നമ്മുടെ രൂപതാകേന്ദ്രവും ആവിഷ്ക്കരിച്ചിട്ടുണ്ട്. സഭയുടെ എല്ലാ തലങ്ങളിലും ഈ കർമ്മപരിപാടികൾ നടപ്പാക്കി, സഭയുടെ ഈ സംരംഭത്തിൽ ആത്മാർത്ഥമായി എല്ലാവരും പങ്കുചേരണം. ഈ കർമ്മപരിപാടികളുടെ സഭാതല, രൂപതാതല, ഇടവകതല പദ്ധതികളാണ് ഈ സർക്കുലറിലൂടെ വിശദമായി എല്ലാവരുടെയും സത്വരശ്രദ്ധയ്ക്കായി നല്കുന്നത്. ഈ പരിപാടികൾ ഇടവകതലത്തിലും രൂപതാതലത്തിലും സജീവമായി നടപ്പാക്കി സഭയുടെ പ്രേഷിതചൈതന്യം കൂടുതൽ ഫലദായകമാക്കുവാൻ എല്ലാവരും സഹകരിക്കണം. ഇക്കാര്യത്തിൽ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

ബിഷപ്പ്സ് ഹൗസ്
പാലാ; 01-08-2011

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതയുടെ മെത്രാൻ

# പ്രവർത്തനപദ്ധതികൾ

## I. സഭാതലത്തിൽ

പ്രേഷിതവർഷാചരണത്തോടനുബന്ധിച്ച് സീറോ-മലബാർ സഭയുടെ കേന്ദ്രകാര്യാലയത്തിൽനിന്നും നടത്തുന്ന മിഷൻ ക്വിസ്, ഉപന്യാസമത്സരങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. മൾട്ടി മീഡിയാ മിഷൻ ക്വിസ്**

(വിശദാംശങ്ങൾ പിന്നീട് അറിയിക്കും)

**2. ഉപന്യാസമത്സരം**

3 ഗ്രൂപ്പുകളിലായി ഇടവകസമൂഹത്തെ തിരിച്ചുകൊണ്ടുള്ള മത്സരം.

1. 12 വയസ്സുമുതൽ 17 വയസ്സുവരെ (കുട്ടികൾ)
2. 18 വയസ്സുമുതൽ 25 വയസ്സുവരെ (യുവജനങ്ങൾ)
3. 25 വയസ്സിനു മുകളിലുള്ളവർ (മുതിർന്നവർ)

അപ്പസ്തോലപ്രവർത്തനം, രക്ഷകന്റെ മിഷൻ, സീറോ-മലബാർ സഭയുടെ പ്രേഷിതപ്രവർത്തനമാർഗ്ഗരേഖ, രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ മിഷൻ സംബന്ധിച്ച ഡിക്രി എന്നിവയെ ആസ്പദമാക്കിയായിരിക്കും വിഷയം. ഉപന്യാസമത്സരം രണ്ട് റൗണ്ടായി നടത്തും. ആദ്യ റൗണ്ട് ഇടവകതലത്തിലും രണ്ടാം റൗണ്ട് രൂപതാതലത്തിലും. ആദ്യ റൗണ്ട് ഒക്ടോബർ 15-നുമുമ്പും രണ്ടാം റൗണ്ട് ഡിസംബർ 10-നും ആയിരിക്കും. ഉപന്യാസം 3000 വാക്കുകളിൽ കൂടേണ്ടതില്ല.

1-ാം സമ്മാനം - 10,000 രൂപ, 2-ാം സമ്മാനം - 7,000 രൂപ

3-ാം സമ്മാനം - 5,000 രൂപ,

**3. കുട്ടികളുടെ സംഗമം**

2011 ഡിസംബർ 27-ാം തീയതി സീറോ മലബാർസഭയിലെ കേരളത്തിലുള്ള എല്ലാ രൂപതകളിൽനിന്നുമുള്ള കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കുട്ടികളുടെ സംഗമം നടത്തും.



## II. രൂപതാ തലത്തിൽ

സീറോ-മലബാർ പ്രേഷിതവർഷം പ്രമാണിച്ച് പാലാ രൂപത മിഷൻ കോർ കമ്മറ്റി തയ്യാറാക്കിയിരിക്കുന്ന രൂപതാതല കർമ്മപദ്ധതികൾ.

1. 2011 ആഗസ്റ്റ് 15-ന് പാലാ കത്തീഡ്രൽ ദേവാലയത്തിൽ പരി. കുർബാനയോടനുബന്ധിച്ച് പ്രേഷിതദീപം കൊളുത്തി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് പ്രേഷിതവർഷ രൂപതാതല ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും.
2. പ്രേഷിതവർഷാചരണത്തോടനുബന്ധിച്ച് സഭാകേന്ദ്രത്തിൽനിന്നും തയ്യാറാക്കിയിരിക്കുന്ന മിഷൻകലണ്ടർ എല്ലാ ഭവനങ്ങളിലും എത്തിക്കുക.
3. പ്രേഷിതവർഷം പ്രമാണിച്ച് പ്രത്യേകമായി ചൊല്ലുവാനുള്ള 'മിഷൻ റോസറി' തയ്യാറായിട്ടുണ്ട്. പ്രാർത്ഥനാഗ്രൂപ്പുകളിലും മറ്റ് ഉചിതമായ അവസരങ്ങളിലും സമയങ്ങളിലും ഈ റോസറി ചൊല്ലുവാൻ ശ്രദ്ധിക്കണം.
4. പ്രേഷിതസംഗമം: പാലാരൂപതയിലെ എല്ലാ പ്രേഷിതരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രേഷിതസംഗമം 2012 മെയ് 9-ന് രാമപുരത്തുവച്ച് നടത്തുന്നു. ഭാരതത്തിലും ഭാരതത്തിനു പുറത്തും സേവനം ചെയ്യുന്ന എല്ലാ മിഷനറിമാരും അവരുടെ മാതാപിതാക്കളും കൂടാതെ പാലാ രൂപതയിലെ എല്ലാ വൈദികരും സന്ന്യസ്തരും ഈ സംഗമത്തിൽ പങ്കെടുക്കും. തുടർന്ന് പരി.കുർബ്ബാനയും പൊതുസമ്മേളനവും ഉണ്ടായിരിക്കും.
5. സന്നദ്ധസംഘടനകളുടെയും ഭക്തസംഘടനകളുടെയും സഹായത്തോടെ പാലായിൽവച്ച് ആകാശപറവകളുടെ സംഗമം സംഘടിപ്പിക്കും.
6. മിഷൻസ്ഥലങ്ങൾ പ്രത്യേകമായി അദിലാബാദ് മിഷൻ സന്ദർശിക്കുകയും അവിടെയുള്ളവരെ കേരളം സന്ദർശിക്കുവാൻ പ്രോത്സാഹിപ്പിക്കുവാൻ സഹായിക്കുകയും ചെയ്യുക.
7. ക്രിസ്മസ്/ ഈസ്റ്റർ ഇവയോടനുബന്ധിച്ച് പ്രേഷിതവർഷത്തിൽ

വിവിധ മതസ്ഥരെ ഉൾപ്പെടുത്തി മതസൗഹാർദ്ദസംഗമം നടത്തുക.

8. 2012-ൽ റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡ് വിഷയമായ നവസുവിശേഷവൽക്കരണത്തെ ആസ്പദമാക്കി നടക്കുന്ന രൂപതാ എപ്പാർക്കിയൽ അസംബ്ലിയിൽ പ്രേഷിതവർഷവുംകൂടി ഉൾപ്പെടുത്തി ചർച്ചകൾ നടത്തുക.

9. മാർതോമാശ്ലീഹായുടെ പ്രേഷിതചൈതന്യവും അനന്യതയും സീറോമലബാർസഭയുടെ പ്രേഷിതാഭിമുഖ്യത്തെയും കുറിച്ചുള്ള സിമ്പോസിയവും സെമിനാറും സംഘടിപ്പിക്കുന്നു.

10. ഇക്കോ-മിഷൻ സംരംഭങ്ങൾ തുടങ്ങുക.

പ്രേഷിതവർഷത്തിൽ പരിസ്ഥിതിസംരക്ഷണം, ജൈവ വൈവിധ്യം, പരിസരശുചിത്വം, മാലിന്യസംസ്കരണം, ഊർജ്ജസംരക്ഷണം, ഗാർഹികഭക്ഷ്യസുരക്ഷ, ജൈവകൃഷി എന്നിവയ്ക്ക് പ്രാധാന്യം നൽകി അവബോധം നൽകുന്ന ശില്പശാല, സെമിനാർ, സ്റ്റഡിക്ലാസ്സുകൾ എന്നിവ നടപ്പിലാക്കുന്നു.

11. പ്രേഷിതവർഷം പ്രമാണിച്ച് രൂപതയുടെ ആഭിമുഖ്യത്തിലുള്ള പ്രസിദ്ധീകരണങ്ങളായ ദീപനാളം, മതദർശനം, കുഞ്ഞുമിഷനറി, കളരി etc. പ്രത്യേകം ലക്കങ്ങൾ പ്രസിദ്ധീകരിക്കുന്നു.

12. മിഷൻലീഗിനെ ശക്തിപ്പെടുത്താൻ ഒരു പ്രത്യേക പാക്കേജ് നടപ്പിൽ വരുത്തും.

13. ഒരു മിഷൻഡിറക്ടറി പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കും.

14. രൂപതയിലെ എല്ലാ വിശ്വാസപരിശീലകരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിശ്വാസശാക്തീകരണസംഗമം നടത്തും.

15. പാലാരൂപതയിലെ എല്ലാ ഇടവകകൾക്കും പ്രേഷിതവർഷത്തിൽ പ്രത്യേകം പ്രാർത്ഥിക്കുവാനും സാമ്പത്തികസഹായം നൽകുവാനും രൂപത ഏറ്റെടുത്തിട്ടുള്ള മൂന്ന് മിഷൻ രൂപതകളിലെ ഇടവക പ്രത്യേകം നിർദ്ദേശിച്ചുനല്കുന്നു.

16. 2012 ഓഗസ്റ്റ് മാസം 15-ാം തീയതി പാലാ കത്തീഡ്രലിൽ പ്രേഷിതവർഷസമാപനചടങ്ങുകൾ നടത്തുന്നു.



## III. ഇടവകതലത്തിൽ

പ്രേഷിതവർഷം പ്രമാണിച്ച് ഇടവകതലത്തിൽ നടത്തേണ്ട പദ്ധതികൾ.

1. രൂപതയിൽനിന്നും നിർദ്ദേശിച്ചുതന്നിരിക്കുന്ന മിഷൻ രൂപതകൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും എല്ലാ കുടുംബങ്ങളിലും ഈ രൂപതയെ സഹായിക്കാനുമുള്ള ഒരു മിഷൻ സഹായനിധി ആവിഷ്കരിക്കുവാൻ ഇടവകജനങ്ങളെ സജ്ജമാക്കുക.

2. മിഷൻ റോസറി പ്രാർത്ഥനാഗ്രൂപ്പുകളിലും മറ്റ് സാധിക്കുന്ന ഇടവകവേദികളിലും പ്രത്യേകമായി ചൊല്ലുവാൻ ജനങ്ങളെ അഭ്യസിപ്പിക്കുക, കുട്ടികൾക്ക് പ്രേരണ നൽകുക.

3. സൺഡേസ്കൂളിൽ ദൈവവിളി പ്രോത്സാഹിപ്പിക്കുവാനുദ്ദേശിച്ചുള്ള ആകർഷകമായ ദൃശ്യ-ശ്രാവ്യമാധ്യമപരിപാടികൾ നടത്തുക.

4. ഇടവകയിൽനിന്നും മിഷൻമേഖലകൾ സന്ദർശിക്കുവാൻ പ്രേരിപ്പിക്കുക. പ്രേഷിതവർഷത്തിൽ പിക്നിക്കുകൾക്കു പകരം 'പ്രേഷിതയാത്ര'കൾക്കു പ്രാധാന്യം നൽകുക.

5. ക്രിസ്മസ് രാത്രിയിലെ ക്രിസ്മസ്ട്രീ - നിർദ്ദേശിച്ചുതന്നിരിക്കുന്ന മിഷൻ ഇടവകയുടെ സാമ്പത്തികസഹായനിധിക്കായി നീക്കിവയ്ക്കുക.

6. 50 നോമ്പിലെ ഒരു വെള്ളിയാഴ്ച മിഷൻഈയർ ഉപവാസദിനമായി ആചരിക്കുകയും അതുവഴി ലഭിക്കുന്ന സാമ്പത്തികമെല്ലാം മിഷൻ സഹായഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുക.

7. ഇടവകതലത്തിൽ മിഷനറി സംഗമം നടത്തുക.
(രൂപതാതല സംഗമത്തിൽ പങ്കെടുക്കാനുള്ള സൗകര്യം കണക്കാക്കി തീയതി നിശ്ചയിക്കണം.)

8. മിഷൻ വർഷത്തിൽ ഒരു ഞായറാഴ്ച പരി.കുർബാനമദ്ധ്യേയും ഒരു ദിവസം സൺഡേസ്കൂൾപഠനസമയത്തും മിഷനറിമാരുടെ അനുഭവം പങ്കുവയ്ക്കലുകൾ നടത്തുക.

9. മിഷനറിമാരുടെ മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ഇടവകതലത്തിൽ മിഷൻകുടുംബസംഗമങ്ങൾ നടത്തുകയും അവരെ ആദരിക്കുകയും ചെയ്യുക.

10. സൺഡേസ്കൂൾ കുട്ടികൾക്കും യുവജനങ്ങൾക്കും മറ്റു സംഘടനാംഗങ്ങൾക്കും ഇടവകസമൂഹത്തിന് പൊതുവെയും പരിസ്ഥിതിസംബന്ധമായ അറിവുകൾ നൽകുന്ന മിഷൻ-ഇക്കോ ക്ലാസ്സുകളും സെമിനാറുകളും നടത്തുക.
11. സഭാതലത്തിൽ നടത്തുന്ന മൾട്ടിമീഡിയാ ക്വിസ്, ഉപന്യാസമത്സരങ്ങളിൽ എല്ലാ വിഭാഗങ്ങളിൽനിന്നുമുള്ളവരെ പങ്കെടുപ്പിക്കുവാൻ ഉത്സാഹിക്കുകയും പ്രചോദനം നൽകുകയും ചെയ്യണം.

ഈ പദ്ധതികൾകൂടാതെ രൂപതയിലെ എല്ലാ സംഘടനകളും പ്രസ്ഥാനങ്ങളും അവരവരുടേതായ പ്രത്യേക കർമ്മപരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കുന്നതാണ്.

## IV. മിഷൻ ഇടവകകളെ ദത്തെടുക്കൽ

ഈ സർക്കുലറിന്റെ രണ്ടാം ഭാഗത്തിന്റെ 15-ാമത്തെ പ്രവർത്തനപരിപാടിയായി ഇടവകകൾക്ക് നിർദ്ദേശിച്ചു നല്കുന്ന മിഷൻ ഇടവകകളുടെ പേരുകൾ ചുവടെ ചേർക്കുന്നു. നമ്മുടെ രൂപത ദത്തെടുത്തിരിക്കുന്ന ഉജ്ജയിൻ, തക്കല, അദിലാബാദ് മിഷൻ രൂപതകളിലെ ഇടവകകളാണ് പ്രത്യേകം പ്രാർത്ഥിക്കുവാനും സാമ്പത്തികസമാഹരണത്തിനുമായി നമ്മുടെ രൂപതയിലെ ഓരോ ഇടവകയ്ക്കും നിർദ്ദേശിച്ച് നല്കിയിരിക്കുന്നത്. ഈ മിഷൻ ഇടവകജനത്തെ അറിയിക്കുകയും മിഷൻ ഇടവകയ്ക്കുവേണ്ടി പ്രാർത്ഥിക്കുവാൻ അവരെ പ്രേരിപ്പിക്കുകയും വേണം. ഈ പ്രേഷിതവർഷത്തിൽ എല്ലാ വീടുകളിൽ നിന്നും ഈ മിഷൻ ഇടവകകളിലെ ജനങ്ങൾക്ക് സഹായം നല്കുന്ന കാര്യം ഓർമ്മിപ്പിക്കുകയും ചെയ്യണമെന്ന് ബഹു. വികാരിയച്ചന്മാരെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഈ തുക രൂപതാകേന്ദ്രം വഴി വേണം മിഷൻ ഇടവകയ്ക്കു നല്കുവാൻ. ഓരോ ഇടവകയിൽനിന്നും സമാഹരിക്കുന്ന തുക രൂപതാബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. പ്രത്യേക സമ്മാനങ്ങളും നൽകുന്നതാണ്.



# Name and Address of the Adopted Parish

| | | |
|---|---|---|
| 1. PALAI CATHEDRAL | - | Mehidpur<br>St. Joseph's Church, Catholic Mission, Dubli Village, Mehidpur<br>456 443 Ujjain (Dt.) M.P. |
| 2. ADIVARAM | - | Jhanda Venkatapur<br>Sacred Heart Church<br>Jhanda Venkatapur<br>Mamidighat P.O., 604 204<br>Adilabad (Dt.) A.P. |
| 3. ADUKKAM | - | Khadi, Catholic Ashramam<br>Khadi - 465 113, (Via), Sundersi<br>Shajapur (Dt) M.P. |
| 4. AIMCOMBU | - | Mandya, Santhome PB. 42<br>Engineering College road<br>Mandya 571 401 |
| 5. ALPHONSA GIRI | - | Shagalpur,<br>St. Peter's Catholic Church<br>Shajalpur, Shagalpur (Dt.)<br>M.P., 465 333 |
| 6. ALPHONSAPURAM | - | Hosdoddi<br>Pragadi, Hosadoddi, Halgur<br>Mandya (Dt); Karnataka<br>571 421 |
| 7. AMPARANIRAPPEL | - | Maksi<br>Infant Jesus Church, Kanasia<br>Maksi, Shajapur (Dt.)<br>M.P., 465 136 |
| 8. ANTHIALAM | - | Ujjain, St. Mary's Cathedral<br>Ujjain, M.P., 456 010 |
| 9. ANTHINAD | - | Kamed, Priest- in - charge<br>Ruhalaya Seminary, P.B. No.4<br>Ujjain city P.O., 456 006 |

10. ARAKKULAM (New) - Banda, Priest-in-charge
Divya Jyothi Seva Sadan
Banda, Sawanthawadi
Sindhudurg (Dt), M.S. 416 511

11. ARAKKULAM (Old) - Pilankarai
Loretto Matha Church, Pilankari
Colachel P.O., K.K. (Dt)
629 251. T.N.

12. ARUNAPURAM - Akodia, St. Alphonsa Church
Akodia, Shajapur (Dt)
M.P., 465 223

13. ARUNNOOTTIMANGALA M- Gollarahalli
Seva Sadana, Gollarahalli
Halagur, Mandya (Dt.)
Karnataka, 571 421

14. ARUVITHURA - Chandessary,
Blessed Virgin Mary Church
Aha Bhavan, Premnagar
Chandesary, Ujjain (Dt)
M.P., 456 664

15. AYYAMPARA - Biora,
St. John the Baptist Catholic
Church, Bora, Raggarh (Dt), M.P.
465 674

16. BHARANAGANAM - Thakkavilai
Holy Family Church, Thakkavilai
Palappallam, P.O., K.K. (Dt)
T.N., 629 159

17. CHAKKAMPUZHA - Agar, St. Little Theresa Church
Agar - Malwa, Shajapur (Dt)
M.P., 465 442

18. CHEMMALAMATTAM- Chandukhedy
St. Joseph's Catholic Church
Chandukhedy, Malwa
Ujjain (Dt.) M.P., 456 222



19. CHEMPILAVU - Piploda, St. Antony's Church
Prem Nivas, Piplodia -
Dwarkdhish, Ujjain (Dt.), M.P.,
456 006

20. CHENNAD - Luxettipet,
Bl. Mother Teresa Church
Snehadana Ashram, Andra Colony
Luxettipet P.O., Adilabad (Dt.),
A.P. 504215

21. CHERPUMKAL - Gogapur,
St. Mary's Church, Gogapur,
Mehidpur road
Ujjain (Dt.), M.P., 456 440

22. CHETTUTHODU - Watul, Nirmala Bhavan, Vilueade
Watal Lanja (TK)
Rathnagiri (Dt.), 415 643.

23. CHITTAR - Mandya
St. Thomas Church, Santhome
Bhavan, P.B. No. 227
Mendiya - Navakheda, Ujjain
(Dt), M.P., 456006

24. CHOLATHADAM - Miraj, Priest-in-charge
Alphonsa Kupwad Road
Miraj, Samgli (Dt.) M.S., 416410

25. CHOONDACHERRY - Ratnagiri
St. Thomas Community Centre
Karuvanchewadi Road,
P.B. No. 12,
MIDC P.O., Ratnagiri (Dt).
M.S., 415 639

26. EDADU - Bhedshi, Priest-in-charge
Satchi, Sindhuburg (Dt)
M.S. , 416 530

27. EDAMARUKU - Malikhedi
Deva Matha Catholic Ashram
Malikhedi, Ghattia (Via)
Ujjain (Dt), M.P., 456550

28. ELAMTHOTTAM - Asifabad
Arogya Matha Catholic Centre
Jankapur, Asifabad P.O.
Adilabad (Dt), A.P. 504 293

29. EDAPPADY - Thettivilai, St. Michaels Church
Thettivilai, Arumanai P.O.
K.K. (Dt), T.N., 629 151

30. ELANJI - Surner,
St. Thomas Catholic Cburch
Surner, Shajapur (Dt.)
M.P.,465 447

31. ELAPPALLY - Pudur, St. Thomas
MissionChurch
Main Road Padur, Puliyari,
Shenkottai, Thiruneveli (Dt),
K.K.(Dt), T.N. 627 813

32. EZHACHERRY - Thettiyode
St. Paul's Church Thettiyode
Kaliyakkavilai, K.K. (Dt)
T.N., 629 153

33. FATHIMAPURAM - Meghacode
St. Francis Assisi Church
Meghacode, Vellchipara, P.O.
K.K. (Dt), T.N., 629 153

34. GAGULTHA - Chiplum
Priest-in-charge, Mary matha
Church, Kalambante Chiplum
Ratnagiri (Dt), M.S. 415 605

35. GEOVALLEY - Mandya, Santhome P.B. No. 42
Engineering College Road
Mandya, 571 401, Karnataka

36. IDAMATTAM - Tamsi, St. Thomas Church
Tamsi P.O., Adilabad (Dt)
A.P. 504 312



37. JAIGIRI - Nennel,
Bl. Mother Theresa Church
Nennel P.O., Adilabad (Dt)
A.P. , 504 219

38. JOSE MOUNT - Thakalay
St. Mary's Chapel, Bishop's
house, Thakalay P.O., K.K. (Dt)
T.N., 629 175

39. JOSE GIRI - Zirapur,
St. Alphonsa Catholic Church
Zirapur, Raggarh (Dt),
M.P., 465 692

40. KADANAD - Valannagar
St. Joseph's Church, Kannuvilai
Kaliyikavila P.O., K.K. (Dt),
T.N.

41. KADAPLAMATTAM - Rajgarh (Biaora), M.P., 465 661

42. KADUTHURUTHY (Thazhath) Guthalu, Vimalaya
Guthalu, Mandya (Dt)
Karnataka, 571 403

43. KAIPPALLY - Duletia, St. Benedict's Ashram
Duletia Village, Piplia-thlama
Ujjain (Dt), M.P., 456 006

44. KAKKOOR - Valliyathumukham,
Mar Siluvai Mission,
Valliyattumukham
K.K. (Dt), T.N.

45. KAKOMBU - Vanchi Nagar
St. Mary's Church, Vanchi Nagar
Ilanji P.O., Yenkasi
Thiruneveli (Dt), T.N., 627 805

46. KALATHOOKADAVU- Mna, St. Alphonsa Church,Mana,
Kurawar (Via), Raggarh (Dt.),
M.P., 465 667

47. KALATHOOR - Arekara, Priest-in-charge
Jeevodaya Sultan Road
Arekara, Mandya (Dt)
Karnataka, 571415

48.KALIKAVU - Anjugramam
St. Thomas Church, Anjugramam
Kayakumari, T.N., 629 401

49. KANJIRAMATTAM - Varuthatt
St. Xavier's Church, Varuthatt
Methukummal P.O., K.K. (Dt)
T.N., 629172

50. KANJIRATHANAM - Athencode
St. Maria Goretti Church
Attecode
Madichel Post, Padanthalumood
K.K. (Dt), T.N. 629194

51. KARIMPANY - KANADU, Priest-in-charge,
St. Sebastian's Church
Kanadu, Shajapur (Dt)
M.P., 465230

52. KAROOR - Anukoda,
St. Mary's Church, Balaji
Anakode P.O., (Via) Sirpur,
Adilabad (Dt), A.P., 504 299

53. KATTAMPAK - Rallamettupalli
Shanthi Dham Church,
Yessaibpalli, Rallamettupalli P.O.,
Bhimini Mandal
Adilabad (Dt)., A.P., 504219

54.KAVALY - Kotra
Lourde Matha Church, Vikan
Maitri, Kotra,
Rajgarh (Dt.),M.P.,
465 669



55. KAVEEKUNNU - Nursinghgarh
St. Joseph's Catholic Church
Narsinghgarh
Raggarh (Dt.), M.P., 465 669

56. KAVUMKANDAM - Sangli,
Ashadeep, Ragindre Housing
Society, Balaji Nagar East
Sangli, 416 416, M.S.

57. KAYYOOR - Vayalinkari
St. Antony's Church, Vayalinkari
Methukunnel P.O., K.K. Dt
T.N., 629 172

58. KEEZHOOR - Mukkootukal,
Holy Family Church,
Mukkoottukal
Manjalummood P.O., K.K. (Dt)
T.N., 629 151

59. KIZHAPARAYAR - Girgoanphata
Viswadeepthi Missiology Centre
P.B. No. 1, Kalamba, Kolhapur
(Dt), M.S., 416 007

60. KONDAD - Viswabathapuram
St. Thomas Church, Door No. 2/
62 J, Railway Feeder Road
Viswanathapuram (Dt). T.N.,
627810

61. KOODALLOOR - Anchechittinahalli
Santhi Nilaya, Anchechittinahalli
Nagamalika, Mandya (Dt)
Karnataka, 571 432

62. KOOTHATTUKULAM - Talsana,
St. Thomas Catholic Church
Sarwathi nagar, Tarana
Ujjain (Dt)., M.P.

63. KOOTTICKAL - Repalliwada, St. Xavier's Church
Rapalliwada P.O., Tandue (Via),
Adilabad (Dt). A.P, 504 272

64. KOTHANALLOOR - Hadana Priest-in-charge
Christalaya, Hadanur
Tendakera, K.R. Pet, Mandya
(Dt) Karnataka, 571 426

65. KOZHUVANAL - Sarangpur, St. George Catholic
Church, Sarangpur, Ragghar (Dt)
M.P., 465 697

66. KUDAKKACHIRA - Yappalagudem, Catholic Church
Yappalayudem, Kautala Mandal
Adilabad (Dt), A.P., 504 299

67. KUDAYATHOOR - Bercha, St. Mary's Church
Christu Jyothi Nagar, Beecha
Shajapur (Dt), M.P., 465 110

68. KULAMAVU - Pachore
Infant Jesus Catholic Church
Dultaria, Pachore
Rajgarh (Dt), M.P., 465 683

69. KUNNONNI - Mancherial, Sacred Heart
Church, Mancherial, P.O.,
Adilabad (Dt), A.P. 504 208

70. KURAVILANGAD - Netta, St. Thomas Church
Netta Via Kaliyal
K.K. (Dt), T.N., 629 101

71. KURICHITHANAM - Pariacode, Christ the king Church
Paraicode, Mulayummode P.O.
K.K. (Dt)., T.N., 629 167

72. KURINJI - Kodoli
Pries-in-charge, St. Joseph
Sadan, Sheikh Road Kodoli
Kolhapur (Dt)., M.S., 416 114



73. KURUMANNU - Raggimuddanahalli
Gulabi Sadana
Raggimuddanahalli, Chinakurli,
Mandya (Dt), Karnataka,
571455

74. KURUVINAL - Bellampally, Sacred HeartChurch
Bellapally P.O., Adilabad (Dt),
A.P., 504 251

75. LALAM (New) - Bajarangarh
Scred Heart Catholic Church
Bajrangarh, Pipilia, Hama,
Ujjain (Dt)., M.P., 456 006

76. LALAM (Old) - Bheemaram
Suma Catholic Church
Bheemaram P.O., Jaipur Mdl
Adilabad (Dt)., A.P., 504 204

77. MALAPPURAM - Mathapuram
St. Thomas Church, Mathapuram
Tholayavattom P.O., K.K. (Dt)
T.N., 629 157

78. MALAYINCHIPARA - Maethidi
Christ the king Church, Maethidi
Bogadaguda P.O., Bejjar (Md)
Adilabad (Dt.), A.P., 504299

79. MALLIKASSERY - Manjalumood
Little flower Forane Church
Manjalummoode P.O.
K.K. (Dt), T.N., 629 151

80. MANALUMKAL - Annikkarai, St. Mathew's Church
Annikkarai, Kulapweam P.O.
K.K. (Dt), T.N., 629153

81. MANATHOOR - Nennel
Blessed Mother Theresa Church
Nennel P.O., Adilabad (Dt)
A.P. 504 219

82. MANGALAGIRI - Mandmari, Carmel Church
Kalyani khani P.O., Adilabad (Dt)
A.P., 504 231

83.MANIAMKULAM - Ghonsla, Christ the king Church
Rageshwar Bhavan, Ghonsla
Ujjain (Dt), M.P., 456 551

84. MANIAMKUNNU - Neradigonda
St. Mary's Catholic Church
House No: 1-196, Behind MRO
Office, Adilabad (Dt), A.P.,
504323

85. MANJAMATTAM - Arukani
Holy Family Forane Church
Arukani P.O., K.K. (Dt)
T.N., 629 701

86. MANNACKANADU - Pallikkonam,
Sacred Heart Church,
Pallikkonam
Chithral, K.K. (Dt), T.N.,
629 115

87. MANNAR - Malicode
Holy Cross Church, Malaicode
Edaicode P.O., K.K. (Dt), T.N.
629152

88. MANNARAPPARA - Mekkaei
St. George Church, Mekkarai
Ponpoly P.O., Shenkottai
Thirunelveli (Dt). T.N., 627 807

89. MANVETTAM - Munchirai
St. George Church, Munchirai
Puthukkarai P.O., K.K. (Dt)
629 171., T.N.

90. MARANGATTUPALLY- Chenkanahalli, Nirmala Nivasa,
Cheekanahalli, Halebeedu
Pandavanpura (Tk), Mandya(Dt),
Karnataka, 571 434



91. MARANGOLY - Kaisalavilai
St. Xavier's Church, Kaisalavilai,
Meckamandapam
K.K. (Dt), T.N., 629 166

92. MARYLAND - Devdhe, Alphonsa Welfare
Centre
Manchekawadi, Devdhe
Lanja Ratnagiri (Dt), M.S.,
416 712

93. MATTAKKARA - Chenamcode,
Lourd Matha Mission,
Chennamcode, Maniamkuzhy
P.O., (Via) Kulsekharam
K.K. (Dt)., T.N., 629 161

94. MAVADY - Harsodan, St. Mary's Church
Jai Amala Catholic Church
Haesodan, Ujjain (Dt), M.P.,
456 661

95. MEENACHIL - Chennur
Bl. Chavara Catholic Centre
Chennur P.O., Adilabad (Dt).,
A.P., 504 201

96. MELUKAVUMATTAM- Inchalkaranji
Sanjoe Mission Alphonsa School
Yadrav, Kolhapur (Dt)
M.S. , 416 145

97. MONIPALLY - Jath, Alphonsa School, P.B.
No. 7
Bhosale Varttishengaon Road
Jath, Sangli (Dt), M.S., 416 404

98. MOOLAMATTAM - Khed, Priest-in-charge
Anugraha, Veral
Budhawadi Bharene, Khed
Ratnagiri (Dt), M.S., 415 709

99. MOONILAVU - Golappally - Adilabad
C/o Fr. Mathew Puthiyadam
Mission Cordinater, Adilabad

100. MOONILAVU - Killiyoor, Devamatha Church
Tholayavattom P.O., K.K. (Dt),
T.N. 629 167

101. MOOZHOOR - Cheenivilai, Amala Maria Mission
Cheenivilai, Vayalinkarai
Methukummal P.O., K.K. (DT),
629 171

102. MULAKULAM - Kaliyal
St. Mary's Church, Kaliyal P.O.,
P.B. No. 2, K.K. (Dt)
629101, T.N.

103. MUNDANKAL - Choda ,
Christ King Catholic Church
Echoda P.O., Adilabad (Dt)
A.P. 504 307

104. MUTHOLAPURAM - Udenkhedy,
St. Augustines Church,
Archana Bhavan D.S.J.
Udenkhedy, Rajgarh (Dt)
M.P. , 465 683

105. MUTHOLY - Pilankalai,
Little Flower Forane Church
Pilankalai, Mulayammood P.O.,
K.K. (Dt), T.N., 629 167

106. MUTTUCHIRA - Kalenahalli
Jyothirvikasa, Kalenhalli
Mandya (Dt). Karnataka
571 421

107. NAMBIAKULAM - Nithiravilai,
Jayamatha Forane Church,
Amalapuri,
Nithiavilai P.O., K.K. (Dt)
T.N., 629 154



108. NARIANGANAM - Mankarai
St. James Church, Valiavilai
Mankarai P.O., Kurangal
K.K. (Dt)., T.N., 629 157

109. NEELOOR - Kolahapur,
Saint Thomas Bhavan, Raman
Mala
P.B. No. 306 Kolhapur
M.S., 416 003

110. NEERANTHANAM - Pandithahalli
Nava Chethana, Pandithahally
Dasanadoddi, Mandya (Dt.)
Karnataka, 571 430

111. NELLAPPARA - Kozhipporvilai
Sychar Resource Centre,
Zion Nagar
Kozhipporvilai, Kuzhicode
K.K. (Dt)., T.N., 629 167

112. NELLIANI - Jannaram,St. Thomas Church
MCBS Santhom Ashramam
Mandappally, Ponkal P.O.,
Mandappally, Ponkal P.O.,
Janaram Mandai
Adilabad (Dt) A.P. 504 205

113. PADUA - Shajapur
St. Joseph's Catholic Church
Shajapur, Rajgarh (Dt)
M.P., 465 001

114. PAIKA - Venkattapuram - Adilabad
C/o Fr. Mathew Puthiyidam
Mission Cordinater, Adilabad

115. PAINGULAM - Perumchilampu,
St. Thomas Mission
Kalayamkonam, Velimala P.O.,
K.K. (Dt), T.N., 629 164

116. PALAKAD - Balanagar, St. Thomas Chuch, Santhome Catholic, Balanagar, Ujjain (Dt). M.P., 456 771

117. PALAKKATTUMALA- Pathakani St. Thomas Church, Pathukani K.K. (Dt).. T.N., 629 101

118. PALAYAM - Christurajapuram Christuraja Church Poothoppu, Christrajapuram Nithiravilai P.O., K.K. (Dt), T.N. 629 154

119. PARATHANAM - Kothoor - Adilabad C/o Fr. Mathew Puthiyidam Mission Cordinater, Adilabad

120. PAYYANITHOTTAM- Adadam, Adilabad C/o Fr. Mathew Puthiyidam Mission Cordinater, Adilabad

121. PERIAPURAM - Penchikilapet, St. Jude's Chuch, Penchikilapet P.O. (Via) Sirpur Kazanagar, Adilabad (Dt), A.P., 504 296

122. PERINGULAM - Adilabad Holy Family Cathedral Church Collectorate P.O. Adilabad (Dt), A.P. 504 002

123. PERUMTHURUTHU - Nagarcoil, St. Alphonsa Church, A.R.P. Camp Road Kottar P.O., Nagarcoil, K.K. T.N., 629 002

124. PIRAVAM - Kalluvillai Mother Theresa Mission Kalluvilai, Mulagumoodu P.O. K.K. (Dt), T.N.



125. PIUSMOUNT - Nagda, St. Francis XavierChurch Prakash Nagar, Nagda Ujjain (Dt), M.P., 456 335

126. PLASSANAL - Utnoor St. Paul's Chuch, Atnoor, Lakkaram P.O., Adilabad (Dt)., A.P., 504 311

127. POONJAR - Jamner, St. John the Baptist Church Shanti Bhavan, Jamner, Shajapur (Dt), M.P., 465 335

128. POOVAKULAM - Mallapady St. Thomas Church, Valiavillai Maeappady, Arumanai K.K. (Dt), T.N., 629 151

129. POOVARANY - Bahukeda Holy Cross Church, Jai Sleeva Ashram, Bachkeda, Panhihar Ujjain (Dt), M.P., 456 006

130. POOVATHODU - Kaytha, Holy Cross Church Sleeba Dham, Kaytha, Ujjain (Dt), M.P., 456 663

131. PRAVITHANAM - Vijayanagaram, St. Anne's Church Vijayanagaram, Gudlabari P.O. Kautala (Mdl), (Via) Sirpur Town Adilabad (Dt)., A.P., 504 299

132. RAMPURAM - Rudarakhipura, Divya Sadana Rudrakshipura, Somanahalli - Maddicor, Mandya (Dt), Karnataka, 571 429

133. RATNAGIRI - Penu, St. Mary's Church, Penu (Via) Kaliyal., K.K. (Dt) T.N. 629 101

134. SANTIGIRI - Zarp, Jeevadam, Khan Mohalla
A/P Zarap, Kudal, Sindhudurg (Dt)
M.S., 416 510

135. SANTHIPURAM - Karode
St. Joseph's Church, Karode P.O.,
Arumanai, K.K. (Dt), T.N.
629 151

136. SIBIGIRI - Kulashekharam
St. Joseph's Mission, Arunivilai
Kulashekaem P.O.T.N., 629 161

137. SLEEVAPURAM - Gollaradoddi, Priest-in-Charge
Preeti Nilaya, Gollardoddi
Maralinga, Mandya (Dt),
Karnataka, 571 419

138. TEEKOY - Sikkaripura,
Sanjeevana, Sikkaripura
Thappathumadu, Nagamangala
(Tk)

139. THAKIDY - Nirmal, St. Thomas Church
San Thome Nagar, Nirmal
Adilabad (Dt), A.P., 504 106

140. THIDANAD - Sikkaripura, Sanjeevana,
Thuppathamadu, Nagamangala
(Tk), Karnataka, 571 432

141. THIRUMARADY - Kottathurai, St. Michael's Church
Kattthurai, Maeuthackurichi P.O.
K.K. (Dt), T.N., 629 158

142. THODANAL - Gollappally,
Good Shepherd Church,
Gollappally
Mylaram P.O., Nennel (Via)
Adilabad (Dt), A.P. 504 219

143. THUDANGANAD - Maharajapuram
St. Michael's Church
Maharajapuram. K.K. (Dt), T.N.



144. THURUTHIPALLY - Kikkery
Chaithanya, Kodimarnahalli
Kikkery, K.R. Pet, Mandya (Dt)
Karnataka 571 42

145. UDAYAGIRI - Palugal, St. Thomas Church
Mathumpala, Palugal P.O.,
Mathampala, Palayal P.O.,
K.K. (Dt), T.N., 629 170

146. ULLANAD - Ambodia, Holy Spirit Church
Sanjeevan Dham, Ambodia, Ujjain
City, Ujjain (Dt), M.P., 456 006

147. URULIKUNNAM - Avlia - Bhutla
Holy Spirit Church, Sanjeevana
Ashram, Avila - Bhatia, Ujjainia
Ujjain (Dt), M.P., 456 550

148. URUMPUKAVU - Marthandom
St. Vincent de Paul Mission Church
Marthandom

149. VADAKARA - Kuzhivanthittai
St. Martin de Pores Church
Kahuvanthittai P.O.,
K.K. (Dt), T.N., 629163

150. VAGAMON - Bengiri, St.Benedict's Church
Bengiri, Mancode P.O., K.K. (Dt),
T.N., 629 152

151. VAKAKKAD - Anamakham,
Loretto Matha Church
Anamukham, Arukani P.O.
K.K. (Dt), T.N., 629 101

152. VAKKAD - Rampur, Catholic Mission Centre
Rampur, Adilabad (Dt)
A.P., 504 002

153. VALACHIRA - Muzhukode
St. Thomas Church, Muzhukode
Arumanai P.O., K.K. (Dt)
T.N., 629151

154. VALAVOOR - Boath,
St. Thomas Church, YSR P.O.,
Pochera Village, Boath P.O.,
Adilabad (Dt)., A.P. 504 304

155. VARIANIKKAD - Amberi, Priest-in-charge,
Cherish Amberi
Mangaon, Kudal, Sindhudurg (Dt)
M.S., 416519

156. VAYALA - Pallappallam,
Christ the king Church,
Pallappallam P.O.
K.K. (Dt)., T.N.. 629 159

157. VEDAGIRI - Padanthalumood
Sacred Heart Forane Church
Padanthalummood P.O., K.K. (Dt)
T.N., 629 194

158. VELANILAM - Saligaon
Mary Matha Church, Saligaon
Haththini P.O., Adilabad (Dt)
A.P., 504 273

159. VELLIAMATTAM - Soosaipuram
St. Joseph's Church, Soosaipuram
Karungal P.O., K.K. (Dt).
T.N., 629 157

160. VELLIKULAM - Konampetta- Adilabad
C/o Fr. Mathew Puthiyidam
Mission Cordinater, Adilabad

161. VEZHANGANAM - Navada, Infant Jesus Church
Navada Unbel, Ujjain (Dt)
M.P., 456 221

162. VILAKKUMADAM - Anayidi,
St. George Mission, Anayidi
K.K. (Dt)., T.N. 629 177



163. VIMALAGIRI - Puliyarai, Little Flower Church,
Bagavatipuram, Puliyarai P.O.,
Shenkottai, Thirunelveli (Dt),
T.N. 627 813

164. Xavierpuram - Kaganagar
Our Lady Fathima Church
Sixpur Kaganagar P.O.,
Adilabad (Dt)., A.P., 504 296

165. YETHAYAR - Sirpur Town, Eden Garden Church
Eden Gardens, Sirpur Town P.O.,
Adilabad (Dt), A.P., 504 299

**Filial Chruches**

1. Kizhathadiyoor - Kothapally, Adilabad
2. Lourdes Mount, - Mannyagudam, Adilabad
3. Mangalaram - Kharji, Adilabad
4. Mevida - Cekkappally, Adilabad
5. Kurianad (Sunday School)- Boyyaram, Adilabad
6. Ammanakara, Nazhrathhill
(Sunday Schools) -Kusnaplly, Adilabad

**All this Centers have a contact person - Rev. Fr. Mathew Puthiyidam, Mission Co-ordinator, Adilabad.**

## മിഷൻ റോസറി

*(സീറോ-മലബാർ പ്രേഷിതവർഷത്തിൽ പ്രാർത്ഥനാഗ്രൂപ്പുകൾ, സന്ന്യാസഭവനങ്ങൾ, ഫോർമേഷൻഹൗസ് എന്നിവയിൽ പ്രത്യേകമായി ചൊല്ലുവാൻ)*

1. പരിശുദ്ധ ദൈവമാതാവേ, പിതാവിനാൽ അയയ്ക്കപ്പെട്ട പുത്രനായ ഈശോയുടെ രക്ഷാകരദൗത്യം അനുസ്മരിക്കുന്ന ഞങ്ങൾ, വചനംതന്നെയായ ഈശോയുടെ പ്രേഷിതരായി, അനേകരെ രക്ഷകനായ ഈശോയിലേയ്ക്ക് നയിക്കുന്നവരായിത്തീരുവാനുള്ള കൃപാവരത്തിനായി പ്രാർത്ഥിക്കണമെ.

1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

2. പരിശുദ്ധദൈവമാതാവേ, 'വിളവധികം വേലക്കാരോ ചുരുക്കം; അതിനാൽ വിളഭൂമിയിലേയ്ക്ക് വേലക്കാരെ അയയ്ക്കുവാൻ പ്രാർത്ഥിക്കുവിൻ', എന്ന അങ്ങേ തിരുക്കുമാരന്റെ വചനങ്ങൾ അനുസ്മരിക്കുന്ന ഞങ്ങളുടെ കുടുംബങ്ങളിൽനിന്നും ധാരാളം പ്രേഷിതവിളികൾ ലഭിക്കുവാൻവേണ്ടി പ്രാർത്ഥിക്കണമെ.

1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

3. പരിശുദ്ധദൈവമാതാവേ, 'നിങ്ങൾ ലോകമെങ്ങുംപോയി സകല സൃഷ്ടികളെയും സുവിശേഷം അറിയിക്കുവിൻ', എന്ന് അരുളിച്ചെയ്തുകൊണ്ട് ശിഷ്യന്മാരെ പ്രേഷിതരായി അയച്ച ഈശോയുടെ വചനം അനുസ്മരിക്കുന്ന ഞങ്ങളിൽ സുവിശേഷപ്രഘോഷണസന്നദ്ധതയും സാക്ഷ്യചൈതന്യവും വളരുവാനിടയാകുവാൻവേണ്ടി പ്രാർത്ഥിക്കണമെ.

1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

4. പരിശുദ്ധദൈവമാതാവേ, 'പോകുവിൻ ഇതാ ചെന്നായ്ക്കളുടെ ഇടയിലേയ്ക്ക് കുഞ്ഞാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു' എന്ന് ശിഷ്യന്മാരോടരുളിച്ചെയ്ത ഈശോയുടെ വചനം ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ സുവിശേഷവേല ചെയ്യുന്ന എല്ലാ പ്രേഷിതസഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും, കഴിയുംവിധമെല്ലാം അവരെ സഹായിക്കാനുമുള്ള കൃപാവരം ഞങ്ങൾക്കുണ്ടാകുവാൻവേണ്ടി പ്രാർത്ഥിക്കണമെ.

1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

4. പരിശുദ്ധദൈവമാതാവേ, പ്രേഷിതവർഷം ആചരിക്കുന്ന ഞങ്ങളുടെ സഭയെയും സഭാധികാരികളെയും എല്ലാ ശുശ്രൂഷകരെയും പ്രേഷിതരെയും പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായി സഭാത്മകപ്രവർത്തനങ്ങളിൽ തീക്ഷ്ണതയോടെ വ്യാപരിക്കുവാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കണമെ.

1 സ്വർഗ്ഗ. 10 നന്മ. 1 ത്രിത്വ.

(മിഷൻ റോസറിയുടെ കോപ്പികൾ സെന്റ് തോമസ് പ്രസിൽ ലഭ്യമാണ്.)

## സീറോ-മലബാർ പ്രേഷിതവർഷ പ്രാർത്ഥന

കർത്താവായ ദൈവമേ, മാർ തോമാശ്ലീഹായുടെ മിശിഹാനുഭവത്താലും പ്രേഷിതപ്രവർത്തനത്താലും രൂപംകൊണ്ട സീറോ-മലബാർസഭയെ നിരവധി അനുഗ്രഹങ്ങൾ നല്കി പരിപാലിച്ചുകൊണ്ടിരിക്കുന്നതിനെയോർത്ത് അങ്ങേക്ക് ഞങ്ങൾ നന്ദിപറയുന്നു. പ്രേഷിതവർഷം ആചരിക്കുന്ന ഞങ്ങൾ പുതിയ പെന്തക്കുസ്താനുഭവത്താൽ നിറഞ്ഞവരായി അങ്ങേയ്ക്കു സാക്ഷ്യം വഹിക്കുവാൻ അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു നല്കണമെ. സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം എന്ന തിരുവചനം ഹൃദയത്തിൽ കാത്ത് ഭാരതം മുഴുവനിലും അങ്ങയെ അറിയാത്ത മറ്റു സ്ഥലങ്ങളിലും അങ്ങയുടെ ദിവ്യപുത്രന്റെ പ്രേഷിതദൗത്യം നിർവ്വഹിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. സുവിശേഷത്തിനുവേണ്ടി തീക്ഷ്ണതയോടുകൂടി പ്രവർത്തിക്കുവാനും കഷ്ടതകൾ സന്തോഷത്തോടെ സഹിക്കുവാനും സന്മനസ്സുള്ള

ധാരാളം യുവതീയുവാക്കന്മാരെ അങ്ങയുടെ പ്രേഷിതവയലുകളിലേക്കയയ്ക്കണമേ. ഞങ്ങളുടെ കർത്താവീശോമിശിഹായുടെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ട സഭയുടെ അംഗങ്ങളെല്ലാവരും ജീവിതസാക്ഷ്യത്തിലൂടെയും, പ്രാർത്ഥനയിലൂടെയും പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കുചേരാൻ ഇടയാക്കണമേ.

പരിശുദ്ധ കന്യാമറിയത്തിന്റെ അപേക്ഷയും ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായുടെയും വി. അൽഫോൻസാമ്മയുടെയും ഞങ്ങളുടെ സഭയിലെ വാഴ്ത്തപ്പെട്ടവരുടെയും പ്രാർത്ഥനകളും ഈ പ്രേഷിതവർഷത്തിൽ ഞങ്ങളെ സഹായിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും ആമ്മേൻ.

(ഈ പ്രാർത്ഥന ഇടവകപള്ളികളിൽ കുർബാനയ്ക്ക് ശേഷവും കുടുംബങ്ങളിലും സന്ന്യാസസമൂഹങ്ങളിലും സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷവും ചൊല്ലുവാൻ നല്കിയിരിക്കുന്നതാണ്.)

## കാറോസൂസയിൽ കൂട്ടിച്ചേർക്കാവുന്ന പ്രാർത്ഥനകൾ

*(ഓരോ ദിവസവും ഏതെങ്കിലും ഒരു പ്രാർത്ഥന കുർബാനയിലെയും യാമപ്രാർത്ഥനകളിലെയും കാറോസൂസായിൽ കൂട്ടിച്ചേർക്കുക).*

1. നിങ്ങൾ ലോകമെങ്ങുംപോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന് ആഹ്വാനംചെയ്ത കർത്താവേ, മിഷൻ രംഗങ്ങളിൽ ശുശ്രൂഷചെയ്യുവാൻ ധാരാളം ദൈവവിളികൾ നല്കി ഈ പ്രേഷിതവർഷത്തിൽ ഞങ്ങളുടെ കുടുംബങ്ങളെ അനുഗ്രഹിക്കണമെ എന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
2. മിശിഹായ്ക്കുവേണ്ടി ജീവൻ സമർപ്പിക്കാനുള്ള ധൈര്യവും തീക്ഷ്ണതയും കാണിച്ച മാർ തോമാശ്ലീഹായെപ്പോലെ വിശ്വാസത്തിൽ ഉറച്ചവരും സുകൃതങ്ങളിൽ തീക്ഷ്ണതയുള്ളവരുമായ അല്മായസഹോദരങ്ങളെ ഈ പ്രേഷിതവർഷത്തിൽ തിരുസഭയ്ക്ക് പ്രദാനം ചെയ്യണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
3. 'എന്റെ കർത്താവേ, എന്റെ ദൈവമേ', എന്ന് ധീരതയോടെ പ്രഖ്യാപിച്ച് തന്റെ ദൃഢമായ വിശ്വാസം ഏറ്റുപറഞ്ഞ മാർ തോമാശ്ലീഹായെപ്പോലെ, വചനത്തിന്റെ പ്രഘോഷകരും അങ്ങയുടെ സാക്ഷികളുമായി ജീവിതം സമർപ്പിച്ചിരിക്കുന്ന ഞങ്ങളുടെ മേലദ്ധ്യക്ഷന്മാരെയും വൈദികരെയും സമർപ്പിതരെയും ഈ പ്രേഷിതവർഷത്തിൽ ധാരാളമായി അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.
5. രക്ഷകനായ മിശിഹായേ, നിന്റെ ദിവ്യരക്തത്താൽ നീ വീണ്ടെടുക്കുകയും രക്തസാക്ഷികളുടെ ചുടുനിണത്താൽ പരിപോഷിപ്പിക്കുകയും ചെയ്ത സഭയ്ക്ക് പ്രയാസങ്ങളെയും എതിർപ്പുകളെയും നേരിടുന്നതിനും നിന്റെ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും ഈ പ്രേഷിതവർഷത്തിൽ ശക്തിനല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
6. കർത്താവായ ഈശോയേ, നിന്റെ സുവിശേഷം ലോകമെങ്ങും അറിയിക്കുവാനിറങ്ങിത്തിരിച്ച ശ്ലീഹന്മാരെപ്പോലെ എല്ലാത്തരം പ്രതിബന്ധങ്ങളുടെയും മുമ്പിൽ പതറാതെ പരിശുദ്ധാത്മാവിൽ നിറഞ്ഞവരായി വചനം പ്രഘോഷിക്കുവാൻ ഞങ്ങളെല്ലാവരെയും അനുഗ്രഹിക്കണമെന്ന് ഈ പ്രേഷിതവർഷത്തിൽ ഞങ്ങൾ പ്രാർത്ഥിക്കുന്നു.
7. കർത്താവായ ഈശോയേ, ലോകത്തിന്റെ പ്രലോഭനങ്ങൾക്കു അടിമപ്പെടാതെ ഞങ്ങളുടെ കുഞ്ഞുങ്ങൾ വിശുദ്ധിയിലും

വിജ്ഞാനത്തിലും വളർന്ന് നിന്റെ സുവിശേഷത്തിനു സാക്ഷികളായിത്തീരാൻ അവരെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## സീറോമലബാർസഭയുടെ പ്രേഷിത വർഷാരംഭത്തിനും പ്രേഷിതവർഷാവസാനത്തിനും വേണ്ടിയുള്ള കുർബാനയിൽ ചേർക്കാവുന്ന പ്രത്യേക പ്രാർത്ഥനകൾ

### പ്രാരംഭപ്രാർത്ഥന

ഞങ്ങളുടെ കർത്താവായ ദൈവമേ, മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി അവിടുത്തെ പ്രിയപുത്രനായ ഈശോമിശിഹായെ ലോകത്തിലേക്ക് അയച്ചതിനെയോർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഈശോ പ്രഘോഷിച്ച ദൈവരാജ്യത്തെ പരിപൂർത്തിയിലെത്തിക്കാൻ അവിടുന്നു ഞങ്ങളെ പ്രാപ്തരാക്കണമേ. മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കുംവേണ്ടി ഈ ദിവ്യരഹസ്യങ്ങൾ യോഗ്യതയോടുകൂടി പരികർമ്മം ചെയ്യാൻ ഞങ്ങളെ ശക്തരാക്കണമെ. സകലത്തിന്റെയും നാഥാ, എന്നേക്കും.

സമൂ: ആമ്മേൻ.

ഒന്നാംവായന : പുറപ്പാട്: 3, 1-15 (മോശയെ വിളിക്കുന്നു)

രണ്ടാംവായന : ഏശയ്യ: 42, 1-7 (കർത്താവിന്റെ ദാസൻ)

ലേഖനം : റോമ: 10, 9- 17 (എല്ലാവർക്കും രക്ഷ)

സുവിശേഷം : ലൂക്കാ 4, 14-22 (മിശിഹായുടെ ദൗത്യം)

### കാറോസൂസ

ശുശ്രൂ: നമുക്കെല്ലാവർക്കും/ സന്തോഷത്തോടും ഉത്സാഹത്തോടുംകൂടെ/ കർത്താവേ ഞങ്ങളുടെ മേൽ കൃപയുണ്ടാകണമെ എന്നു പ്രാർത്ഥിക്കാം.

സമൂ: കർത്താവേ ഞങ്ങളുടെമേൽ കൃപയുണ്ടാകണമെ.

ശുശ്രൂ: രക്ഷകനായ മിശിഹായെ/ നിന്റെ ദിവ്യരക്തത്താൽ നീ വീണ്ടെടുക്കുകയും/ രക്തസാക്ഷികളുടെ ചുടുനിണത്താൽ നീ പരിപോഷിപ്പിക്കുകയും ചെയ്ത സഭയ്ക്ക്/ പ്രയാസങ്ങളെയും എതിർപ്പുകളെയും നേരിടുന്നതിനും/ നിന്റെ ദിവ്യദൗത്യം വിജയപ്രദമായി തുടരുന്നതിനും/ ശക്തി നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.



സമൂ: കർത്താവേ ഞങ്ങളുടെമേൽ കൃപയുണ്ടാകണമെ.

ശുശ്രൂ: സഭയോടൊത്തു ചിന്തിക്കുവാനും/ അവളുടെ പ്രവർത്തനങ്ങളിൽ കഴിവിനൊത്തു പങ്കാളികളാകാനുമുള്ള സന്മനസ്സ്/ നിന്റെ ജനത്തിന് നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെമേൽ കൃപയുണ്ടാകണമെ.

ശുശ്രൂ: നിന്റെ ആദർശങ്ങൾക്കൊത്ത് സത്യസഭയെ ധീരമായി നയിക്കുവാൻ ഞങ്ങളുടെ പരിശുദ്ധപിതാവ് മാർ (പേര്) പാപ്പായെയും/ ഞങ്ങളുടെ സഭയുടെ തലവനും പിതാവുമായ മാർ (പേര്) മെത്രാപ്പോലീത്തായെയും/ ഞങ്ങളുടെ അതിരൂപതാദ്ധ്യക്ഷനായ മാർ (പേര്) മെത്രാപ്പോലീത്തായെയും/ ഞങ്ങളുടെ മേലദ്ധ്യക്ഷനും പിതാവുമായ മാർ (പേര്) മെത്രാനെയും മറ്റെല്ലാ മെത്രാന്മാരെയും അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെമേൽ കൃപയുണ്ടാകണമെ.

ശുശ്രൂ: അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും തടവുകാർക്കു മോചനവും പ്രഖ്യാപിച്ച മിശിഹായേ, എല്ലാത്തരം ബന്ധനങ്ങളിൽനിന്നും ഞങ്ങളെയും, ലോകമെങ്ങുമുള്ള നിന്റെ ജനത്തെയും വിമോചിപ്പിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെമേൽ കൃപയുണ്ടാകണമെ.

ശുശ്രൂ: ദൈവവചനം ലോകമെങ്ങും വ്യാപിക്കുവാനും, അതുവഴിയായി സകലജനപദങ്ങളും ഈശോമിശിഹായിലുള്ള വിശ്വാസം ഏറ്റുപറഞ്ഞ് ശാശ്വതവും മഹത്വപൂർണവുമായ

രക്ഷ പ്രാപിക്കുവാനും, എല്ലാവരെയും അനുഗ്രഹിക്കണമെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെമേൽ കൃപയുണ്ടാകണമെ.

ശുശ്രൂ: അങ്ങയുടെ മുന്തിരിത്തോപ്പിലേക്ക് ധാരാളം പ്രേഷിതരെ അയയ്ക്കണമെന്നും അങ്ങയുടെ കരങ്ങളുടെ തണലിൽ അവരെ കാത്തുകൊള്ളണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു,

സമൂ: കർത്താവേ ഞങ്ങളുടെമേൽ കൃപയുണ്ടാകണമെ.

ശുശ്രൂ: പ്രേഷിതവേലയുടെ ഫലമായുണ്ടാകുന്ന ക്രൈസ്തവസമൂഹങ്ങളെ സത്യവിശ്വാസത്തിലും ശ്ലൈഹികപാരമ്പര്യത്തിലും നിലനിർത്തണമെന്നും, അങ്ങയുടെ സുവിശേഷത്തിന് ജീവിതത്തിലൂടെ സാക്ഷ്യംവഹിക്കാൻ ആ സമൂഹങ്ങളെ ശക്തരാക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെമേൽ കൃപയുണ്ടാകണമെ.

ശുശ്രൂ: നമുക്കെല്ലാവർക്കും നമ്മെയും നാമോരുരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സമർപ്പിക്കാം.

സമൂ: ഞങ്ങളുടെ ദൈവമായ കർത്താവേ അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു.

കാർമ്മി: നസ്രസിലെ പ്രാർത്ഥനാലയത്തിൽ സദ്‌വാർത്ത അറിയിച്ചുകൊണ്ട് ദൈവരാജ്യം സമാഗതമായെന്നു പ്രഖ്യാപിച്ച മിശിഹായേ, എല്ലായിടത്തും നിന്റെ സുവിശേഷദീപ്തി എത്തിക്കുവാൻ നിന്റെ തിരുസഭയെ പ്രാപ്തയാക്കണമെ. രക്ഷാകരമായ ദിവ്യസന്ദേശം ലോകമെങ്ങും പ്രചരിപ്പിക്കുന്നതിന് ഞങ്ങളെ അനുഗ്രഹിക്കണമെ. പ്രേഷിതവർഷം ആചരിക്കുന്ന ഞങ്ങളുടെ സഭയെ പ്രേഷിത തീക്ഷ്ണതയാൽ നിറയ്ക്കണമെന്ന് നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. സകലത്തിന്റെയും നാഥാ എന്നേക്കും.

സമൂ: ആമ്മേൻ.



## കൃതജ്ഞതാപ്രാർത്ഥനകൾ

കാർമ്മി: കർത്താവായ ദൈവമേ, ദരിദ്രർക്കു സദ്‌വാർത്തയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും അന്ധർക്കു കാഴ്ചയും നല്കാനായി പ്രിയപുത്രനെ അയച്ച അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങയുടെ ജീവദായകമായ വചനങ്ങളുടെ മാധുര്യം ആസ്വദിക്കുവാനും, രക്ഷാകരമായ ബലിയിൽ പങ്കുകൊള്ളുവാനും, കാരുണ്യപൂർവം അങ്ങു ഞങ്ങളെ യോഗ്യരാക്കി. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവേശ്വരാ, എന്നേക്കും.

സമൂ: ആമ്മേൻ, കർത്താവേ അനുഗ്രഹിക്കണമേ.

## സമാപനാശീർവാദം

കാർമ്മി: എല്ലാ മനുഷ്യരും രക്ഷപ്രാപിക്കണമെന്നും സത്യം അറിയണമെന്നും ആഗ്രഹിക്കുന്ന പിതാവായ ദൈവം വാഴ്ത്തപ്പെടട്ടെ. മനുഷ്യാവതാരംവഴി തന്നെത്തന്നെ ശൂന്യനാക്കി, കുരിശുമരണത്തോളം താഴ്ത്തിയ ഉത്ഥിതനായ മിശിഹാ നമ്മെ അനുഗ്രഹിക്കട്ടെ. എല്ലാറ്റിനെയും നവീകരിക്കുന്നവനായ പരിശുദ്ധാത്മാവ് നമ്മിൽ വസിക്കട്ടെ. ദൈവത്തിന്റെ പ്രതിരൂപമായ മിശിഹായുടെ മഹത്വമേറിയ സുവിശേഷത്തിന്റെ പ്രകാശം പരത്തുവാൻ ത്രിത്വൈക ദൈവം നമ്മെ ശക്തരാക്കട്ടെ. എല്ലായിടത്തും സുവിശേഷം പ്രഘോഷിക്കുവാനും, എല്ലാവർക്കും എല്ലാമാകുവാനും തന്റെ തിരുസഭയെ അവിടുന്നു പ്രാപ്തയാക്കട്ടെ. സഭയുടെ സുവിശേഷപ്രഘോഷണവേദികളാക്കി മാറ്റുവാൻ അവിടുന്നു നിങ്ങളെ ശക്തരാക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും.

സമൂ: ആമ്മേൻ

# Collection List

| PARISH | HOLY CHILDHOOD | HOLY LAND | HUNGER AND DISEASE | MADYA VIRUDHA DINAM | MASS MEDIA | MISSION SUNDAY (SYRO - MALABAR) |
|---|---|---|---|---|---|---|
| ADIVARAM | 1500.00 | 1800.00 | 2000.00 | 1500.00 | 1500.00 | 2000.00 |
| ADUKAM | 300.00 | 1000.00 | 250.00 | 300.00 | 300.00 | 250.00 |
| AIMCOMBU | 325.00 | | 350.00 | 375.00 | 250.00 | 400.00 |
| ALPHONSAGIRI | 350.00 | 960.00 | 340.00 | 320.00 | 340.00 | 310.00 |
| ALPHONSAPURAM | 420.00 | 900.00 | 600.00 | 380.00 | 400.00 | 600.00 |
| AMPARANIRAPPEL | 500.00 | 2820.00 | 3000.00 | 600.00 | 800.00 | 1500.00 |
| ANTHIALAM | 500.00 | 3000.00 | 500.00 | 500.00 | 500.00 | 500.00 |
| ANTHINADU | 500.00 | 1115.00 | 500.00 | 500.00 | 700.00 | 500.00 |
| ARAKULAM NEW | 1200.00 | 3375.00 | 3125.00 | 1000.00 | 1500.00 | 1700.00 |
| ARAKULAM OLD | 400.00 | 500.00 | 600.00 | 600.00 | 500.00 | 700.00 |
| ARUNAPURAM | 2554.00 | 8650.00 | 3293.00 | 700.00 | 623.00 | 4427.00 |
| ARUNOOTTIMANGALAM | 3004.00 | 5225.00 | 3378.00 | 1565.00 | 3724.00 | 3336.00 |
| ARUVITHURA | 11111.00 | 16666.00 | 30001.00 | 18888.00 | 13888.00 | 20002.00 |
| AYYAMPARA | 400.00 | 2500.00 | 750.00 | 450.00 | 475.00 | 400.00 |
| BHARANANGANAM FORANE | 1500.00 | 15000.00 | 17000.00 | 1515.00 | 5500.00 | 18880.00 |
| CHAKKAMPUZHA | 1300.00 | 2900.00 | 2180.00 | 810.00 | 1000.00 | 1201.00 |
| CHEMMALAMATTAM | 3100.00 | 11755.00 | 16225.00 | 4250.00 | 2710.00 | 3200.00 |
| CHEMPILAVU | 1662.00 | 3500.00 | 3000.00 | 2000.00 | 1500.00 | 2120.00 |
| CHENNAD | 750.00 | | | 500.00 | 400.00 | 500.00 |
| CHERPUMKAL FORANE | 12165.00 | 22382.00 | 19445.00 | 8320.00 | 10245.00 | 12968.00 |
| CHETTUTHODU | | 5244.00 | 1700.00 | | | |
| CHITTAR | 1800.00 | | | 795.00 | 1330.00 | 1760.00 |
| CHOLATHADAM | 200.00 | 200.00 | 200.00 | 200.00 | 200.00 | 200.00 |
| CHOONDACHERY | 500.00 | 2400.00 | 500.00 | 500.00 | 300.00 | 1000.00 |
| EDADU | 550.00 | 1500.00 | 1000.00 | 950.00 | 500.00 | 800.00 |
| EDAMARUKU | 2079.00 | 4484.00 | 3406.00 | 3138.00 | 2352.00 | 3170.00 |
| EDAMATTAM | 1234.00 | 5300.00 | 1001.00 | 1001.00 | 1150.00 | 1111.00 |
| EDAPPADY | 1500.00 | 2500.00 | 2500.00 | 2000.00 | 1000.00 | 1500.00 |
| ELAMTHOTTAM | 2500.00 | 2322.00 | 3450.00 | 2000.00 | 2600.00 | 2880.00 |
| ELANJI FORANE | 2180.00 | 7846.00 | 5300.00 | 2320.00 | 2100.00 | 3100.00 |
| ELAPPALLY | 450.00 | | | 550.00 | | |



| | | | | | | |
|---|---|---|---|---|---|---|
| EZHACHERRY | 950.00 | 2200.00 | 1150.00 | 1250.00 | 1200.00 | |
| FATHIMAPURAM | 2125.00 | 3050.00 | 3010.00 | 1500.00 | 1800.00 | 2300.00 |
| GAGULTHA,MATTATHIPARA | 1000.00 | 2000.00 | 1000.00 | 1000.00 | 1000.00 | 1000.00 |
| GEOVALLY,(ELIVALY) | 2540.00 | 2400.00 | 2666.00 | | 2000.00 | 2150.00 |
| JAIGIRI | 400.00 | 2140.00 | 1050.00 | 505.00 | 500.00 | 845.00 |
| JOSE MOUNT (ILLIARY) | | 1055.00 | 540.00 | | 787.00 | |
| JOSEGIRI, MUTHOLAPURAM | 600.00 | | | 550.00 | 400.00 | 1050.00 |
| KADANAD | 1330.00 | 4485.00 | 3295.00 | 1511.00 | 2605.00 | 1000.00 |
| KADAPLAMATTAM | 1500.00 | 4000.00 | 2000.00 | 1200.00 | 1500.00 | |
| KADUTHURUTHY | | 18394.00 | 14080.00 | | | |
| KAIPPALLY | 500.00 | 3000.00 | 2000.00 | 1000.00 | 1000.00 | 995.00 |
| KAKKOOR | 1215.00 | 5800.00 | 1900.00 | 1321.00 | 1900.00 | 1500.00 |
| KAKOMBU,ELLUMPURAM | 450.00 | 500.00 | 500.00 | 250.00 | 385.00 | 300.00 |
| KALATHOOKADAVU | 1400.00 | 2500.00 | 3050.00 | 600.00 | 1150.00 | 600.00 |
| KALATHOOR | 700.00 | 3000.00 | | | 500.00 | 1700.00 |
| KALIKAVU,VEMPALLY | 570.00 | 1570.00 | 960.00 | 500.00 | 1200.00 | 3125.00 |
| KANJIRAMATTAM | 1000.00 | 5000.00 | 8500.00 | 1000.00 | 2000.00 | 3500.00 |
| KANJIRATHANAM | 2000.00 | 13460.00 | 12785.00 | 3000.00 | 3335.00 | 5350.00 |
| KARIMPANY | 1200.00 | 4415.00 | 1500.00 | | 1440.00 | 1725.00 |
| KAROOR | | | 2899.00 | 1000.00 | 995.00 | 1000.00 |
| KATTAMPAK | 300.00 | 1500.00 | 1250.00 | 750.00 | 600.00 | 800.00 |
| KAVALY,THALUMKAL | 1050.00 | | 750.00 | 800.00 | 850.00 | 930.00 |
| KAVEEKUNNU | 1839.00 | | | 1440.00 | 1488.00 | |
| KAVUMKANDAM | 2400.00 | 2850.00 | 3150.00 | | 2000.00 | 2500.00 |
| KAYYOOR | 750.00 | | | 1000.00 | 700.00 | 1100.00 |
| KEEZHOOR | 1311.00 | 4500.00 | 2010.00 | 1314.00 | 1860.00 | 1481.00 |
| KIZHAPARAYAR | 597.00 | | 582.00 | 550.00 | 800.00 | 513.00 |
| KIZHATHADIYOOR, PALAI | 3125.00 | 9010.00 | 1500.00 | 1500.00 | 3100.00 | 3265.00 |
| KONDAD, KOODAPALAM | 1780.00 | 3040.00 | 2775.00 | 1380.00 | 1510.00 | 1360.00 |
| KOODALLOOR | 2200.00 | 9000.00 | 8500.00 | | 2000.00 | 1500.00 |
| KOOTHATTUKULAM | | | 1500.00 | | 1000.00 | 1000.00 |
| KOOTTIKAL | 2999.00 | 6061.00 | 2661.00 | 1000.00 | 1000.00 | 2900.00 |
| KOTHANALLOOR | 4500.00 | 7100.00 | 2500.00 | 2300.00 | 1500.00 | 10000.00 |
| KOZHUVANAL | 6066.00 | 7828.00 | 9224.00 | | 5326.00 | |
| KUDAKKACHIRA | 2025.00 | 4000.00 | 4500.00 | | 2425.00 | 2290.00 |
| KUDAYATHOOR | 500.00 | 4835.00 | | 500.00 | 2500.00 | 2100.00 |

| | | | | | | |
|---|---|---|---|---|---|---|
| KULAMAVU | 750.00 | 1300.00 | 650.00 | 600.00 | 650.00 | 450.00 |
| KUNNONNI | 1000.00 | 4500.00 | 1000.00 | 750.00 | 1000.00 | 1000.00 |
| KURAVILANGAD | 6000.00 | 25525.00 | 6000.00 | | | 16074.00 |
| KURICHITHANAM | 2100.00 | 4556.00 | 2330.00 | 1380.00 | 1363.00 | 1907.00 |
| KURINJI | 1639.00 | 3926.00 | 2010.00 | 1798.00 | 1551.00 | 2089.00 |
| KURUMANNU | 1000.00 | 2500.00 | 1500.00 | 600.00 | 1000.00 | 1000.00 |
| KURUVINAL | 300.00 | | 540.00 | 340.00 | 350.00 | 440.00 |
| LALAM NEW PALAI | 4800.00 | 4500.00 | 5400.00 | 4100.00 | 5000.00 | 6000.00 |
| LALAM OLD PALAI | | 5500.00 | 19000.00 | | | |
| LOURDES MOUNT | 150.00 | 670.00 | 150.00 | 150.00 | 140.00 | 150.00 |
| MALAPURAM, AYAMKUDI | 540.00 | 2830.00 | 720.00 | 580.00 | 605.00 | 600.00 |
| MALAYINCHIPARA | 1500.00 | 3000.00 | 1500.00 | 1400.00 | 1500.00 | |
| MALLIKASSERY | 1000.00 | 1500.00 | 3000.00 | 600.00 | 800.00 | 1000.00 |
| MANALUMKAL | 300.00 | 4300.00 | 300.00 | 300.00 | 300.00 | 300.00 |
| MANATHOOR | 2330.00 | 3650.00 | 2700.00 | 2500.00 | 3000.00 | 1600.00 |
| MANGALAGIRI | 300.00 | 485.00 | 1000.00 | 1051.00 | 558.00 | 739.00 |
| MANGALARAM, | 300.00 | 500.00 | 300.00 | 300.00 | 300.00 | 300.00 |
| MANIAMKULAM | 250.00 | 1000.00 | 250.00 | | 750.00 | |
| MANIAMKUNNU | 600.00 | 3425.00 | 1100.00 | 500.00 | 620.00 | 1300.00 |
| MANJAMATTAM | 1035.00 | 2850.00 | 2500.00 | 1440.00 | 880.00 | 1750.00 |
| MANNACKANAD | 1000.00 | 7250.00 | 7280.00 | 1500.00 | | 3025.00 |
| MANNAR, POOZHIKOL | 2600.00 | 7000.00 | 3700.00 | 2600.00 | 3200.00 | 3000.00 |
| MANNARAPPARA | 6203.00 | 10335.00 | 5935.00 | 5520.00 | 5083.00 | 4650.00 |
| MANVETTAM, MEMURI | 6159.00 | 6000.00 | 7142.00 | 2000.00 | 2200.00 | 6223.00 |
| MARANGATTUPALLY | 3001.00 | 5000.00 | 2500.00 | 2000.00 | 2001.00 | 2500.00 |
| MARANGOLY | 1010.00 | 4900.00 | | 1040.00 | 797.00 | 2420.00 |
| MARYLAND | | 5800.00 | 12000.00 | 750.00 | 2100.00 | 2100.00 |
| MATTAKKARA | | | | | 2050.00 | 4113.00 |
| MAVADY, VELATHUSSERY | 300.00 | 2500.00 | 350.00 | 300.00 | 300.00 | 300.00 |
| MEENACHIL | 730.00 | 2250.00 | 1005.00 | 700.00 | 700.00 | 840.00 |
| MELUKAVUMATTAM | 500.00 | 7301.00 | 3000.00 | 500.00 | 570.00 | 1100.00 |
| MEVIDA | 600.00 | 2060.00 | 560.00 | 530.00 | 560.00 | 650.00 |
| MONIPPALLY | 2893.00 | 2712.00 | 2392.00 | 2367.00 | 2470.00 | 2796.00 |
| MOOLAMATTAM | 3000.00 | 4330.00 | 3000.00 | | 1750.00 | 3330.00 |
| MOONNANI | 1000.00 | 3837.00 | 2784.00 | 1000.00 | 1000.00 | 1000.00 |



| | | | | | | |
|---|---|---|---|---|---|---|
| MOONNILAVU | 300.00 | | 400.00 | 200.00 | 200.00 | 250.00 |
| MOOZHOOR | 2490.00 | 11000.00 | 6000.00 | 2000.00 | 2775.00 | 3816.00 |
| MULAKULAM | 1500.00 | 4207.00 | | 1000.00 | 2000.00 | 1000.00 |
| MUNDANKAL | | | | | 2265.00 | 2610.00 |
| MUTHOLAPURAM | | | | | 600.00 | |
| MUTHOLY | 2000.00 | 3500.00 | 4200.00 | 800.00 | 800.00 | 2000.00 |
| MUTTUCHIRA FORANE | 5510.00 | | 5000.00 | 3000.00 | 7325.00 | 9545.00 |
| NAMBIAKULAM | 550.00 | | 1510.00 | | 550.00 | 1165.00 |
| NARIANGANAM | | 2357.00 | 4196.00 | | 1000.00 | 2604.00 |
| NEELOOR | 500.00 | 5845.00 | 1000.00 | 500.00 | 600.00 | 1000.00 |
| NEERANTHANAM | 530.00 | 1200.00 | 1001.00 | 550.00 | 555.00 | 505.00 |
| NELLAPPARA | 200.00 | | 200.00 | 200.00 | 250.00 | 200.00 |
| NELLIANI | | 2950.00 | 2430.00 | | 300.00 | 350.00 |
| PADUVA | | 4720.00 | 3575.00 | | 2550.00 | 3250.00 |
| PAIKA | | 5520.00 | 9150.00 | | 2570.00 | 7255.00 |
| PAINGULAM | 2300.00 | 2100.00 | 4000.00 | | 2100.00 | 2500.00 |
| PALAI CATHEDRAL | | 30000.00 | 32670.00 | | 6350.00 | 10742.00 |
| PALAKAD, MEENACHIL | 500.00 | 500.00 | 500.00 | 500.00 | 600.00 | 500.00 |
| PALAKATTUMALA | 500.00 | 1500.00 | 3000.00 | | 350.00 | 450.00 |
| PALAYAM | 2000.00 | 1500.00 | 500.00 | 400.00 | 500.00 | 400.00 |
| PARATHANAM | 500.00 | 5721.00 | 1000.00 | 500.00 | 500.00 | |
| PAYYANITHOTTAM | 481.00 | 1856.00 | 844.00 | | 667.00 | 504.00 |
| PERIAPURAM | | 3500.00 | 750.00 | | 1250.00 | 1250.00 |
| PERINGULAM | 2700.00 | 2650.00 | | | 2100.00 | |
| PERUMTHURUTH | | 1000.00 | 500.00 | | 500.00 | 500.00 |
| PIRAVOM | 2870.00 | 2000.00 | 2500.00 | | 3115.00 | 2660.00 |
| PIUSMOUNT | 300.00 | 3800.00 | 1900.00 | 500.00 | 500.00 | 1000.00 |
| PLASSANAL | 2919.00 | 3522.00 | 13942.00 | 5920.00 | 1986.00 | 2876.00 |
| POONJAR | 2000.00 | 8000.00 | 14500.00 | 1000.00 | 1000.00 | 8000.00 |
| POOVAKULAM | 850.00 | 1500.00 | 1000.00 | 700.00 | 600.00 | 750.00 |
| POOVARANY | 4500.00 | 9470.00 | 20100.00 | | 4000.00 | 4000.00 |
| POOVATHODU | 1015.00 | 3100.00 | 6000.00 | 750.00 | 750.00 | 1650.00 |
| PRAVITHANAM | 6000.00 | 10055.00 | 13291.00 | 2500.00 | 2500.00 | 10000.00 |
| RAMAPURAM | | 14000.00 | 10000.00 | | 10000.00 | 15000.00 |
| RATNAGIRI | 4030.00 | 4345.00 | 4135.00 | 4420.00 | 4870.00 | 4100.00 |

| | | | | | | |
|---|---|---|---|---|---|---|
| SANTHIGIRI | 300.00 | | 300.00 | 300.00 | 400.00 | 300.00 |
| SANTHIPURAM | 920.00 | 3200.00 | 2600.00 | 1400.00 | 810.00 | 2000.00 |
| SIBIGIRI (MUTTAM) | 2000.00 | | | 2000.00 | 1800.00 | 2250.00 |
| SLIVAPURAM | 500.00 | 2400.00 | 800.00 | 1500.00 | 800.00 | 800.00 |
| TEEKOY | 3100.00 | 8825.00 | 10650.00 | 4100.00 | 4975.00 | 4170.00 |
| THAKADI, KUNNONNY | 400.00 | 900.00 | 400.00 | 350.00 | 270.00 | 350.00 |
| THIDANAD | | 4942.00 | 2697.00 | | 1500.00 | |
| THIRUMARADY | 350.00 | 1550.00 | 400.00 | 400.00 | 350.00 | 350.00 |
| THODANAL | 1410.00 | 3640.00 | 3785.00 | 3000.00 | 2060.00 | 2415.00 |
| THUDANGANAD FORANE | 5020.00 | 8328.00 | 6003.00 | 5570.00 | 4000.00 | 4983.00 |
| THURUTHIPALLY | 820.00 | 3200.00 | 1400.00 | 750.00 | 850.00 | 1100.00 |
| UDAYAGIRI, MONIPPALLY | 1565.00 | | 2020.00 | 1366.00 | 1609.00 | 1715.00 |
| ULLANAD | 4020.00 | 10000.00 | 8270.00 | 1770.00 | 1880.00 | 2960.00 |
| URULIKUNNAM,NJANDUPARA | 600.00 | 1954.00 | 2380.00 | 575.00 | 500.00 | 750.00 |
| URUMPUKAVU | 2760.00 | 1800.00 | | 2000.00 | 3053.00 | 3450.00 |
| VADAKARA | | 6140.00 | 6700.00 | | 1000.00 | 3000.00 |
| VAGAMON, TEEKOY | | | | | | |
| VAKAKKAD | 2140.00 | 5735.00 | 3850.00 | 1900.00 | 2600.00 | 3100.00 |
| VAKKAD | | | | | 460.00 | 490.00 |
| VALACHIRA | 250.00 | 1000.00 | 250.00 | 150.00 | 250.00 | 250.00 |
| VALAVOOR | | 2000.00 | 1400.00 | 1500.00 | 1500.00 | |
| VARIANIKKAD | | 1550.00 | 1661.00 | | 1461.00 | 1683.00 |
| VAYALA | | 6805.00 | | | 760.00 | 1161.00 |
| VEDAGIRI | 1000.00 | 2500.00 | 2250.00 | 1000.00 | 500.00 | 1000.00 |
| VELANILAM | 1400.00 | 2200.00 | 1250.00 | 1300.00 | 1000.00 | 1350.00 |
| VELLIAMATTAM | | 4275.00 | | | | |
| VELLIKULAM | 1700.00 | | 3750.00 | 2150.00 | 1755.00 | 2000.00 |
| VEZHANGANAM | 600.00 | 2200.00 | 600.00 | 800.00 | 850.00 | 700.00 |
| VILAKUMADAM | 2700.00 | | | 2400.00 | 1200.00 | 4411.00 |
| VIMALAGIRI | 300.00 | 1400.00 | 2111.00 | 350.00 | 650.00 | |
| XAVIERPURAM | 875.00 | 3500.00 | 793.00 | 855.00 | 800.00 | 875.00 |
| YENTHAYAR | 1000.00 | 7230.00 | 4000.00 | 1000.00 | 1000.00 | 3000.00 |
| KALLOORKULAM CONVENT CHAPEL | | | 2200.00 | 1400.00 | | |
| VALAKKATTUKUNNU CH | 500.00 | 1500.00 | 1500.00 | 500.00 | 500.00 | 500.00 |
| PRIEST HOME, MUTTUCHIRA | | 400.00 | | | | |
| HOLY GHOST MISSION HOSPITAL, MUTTUCHIRA | | | | 1151.00 | | |



# അഭിവന്ദ്യപിതാവിന്റെ യു.എ.ഇ. സന്ദർശനം

മിഡിൽ ഈസ്റ്റിലെ പ്രസിദ്ധ കത്തോലിക്കാഇടവകകളിലൊന്നായ ഷാർജ സെന്റ് മൈക്കിൾസ് പള്ളിയിലെ ഈ വർഷത്തെ വി. തോമാശ്ലീഹായുടെ ദുക്റാന തിരുനാളിന്റെ മുഖ്യകാർമ്മികനായി ക്ഷണിക്കപ്പെട്ട തനുസരിച്ചാണ് അഭിവന്ദ്യപിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട് ജൂൺ 29-ന് ഷാർജയിലെത്തിയത്. ഷാർജയിലെ ആദ്യദിനം തന്നെ തിരക്കേറിയതായിരുന്നു. ദുബായ്, ഷാർജ എമിരേറ്റ്സിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പിതാവിനെ കാണുന്നതിനായി എത്തിച്ചേർന്നവർ അനേകരായിരുന്നു. വിവിധ കാര്യങ്ങൾക്കായി പിതാവിനെ ക്ഷണിക്കുന്നതിനും, സ്വാഗതമേകുന്നതിനുമായി ദുബായിലെ പാലാ സെന്റ് തോമസ് കോളജ് അലുമ്നി മെമ്പേഴ്സ്, ഷാർജയിലെ സീറോ മലബാർ കൊയ്നോണിയ മെമ്പേഴ്സ് തുടങ്ങിയവർ അവരിൽ ഉൾപ്പെടുന്നു.

**ജൂൺ – 30**

വി. കുർബാനയ്ക്കുശേഷം ഷാർജപള്ളിയുടെ പാരീഷ് ഹാളിൽ വച്ചു നടന്ന സീറോ മലബാർ സഭാദിന കൺവെൻഷൻ പിതാവ് ഉദ്ഘാടനം ചെയ്തു. "സഭയും പ്രേഷിതപ്രവർത്തനങ്ങളും" എന്ന വിഷയത്തിൽ അഭിവന്ദ്യപിതാവും, "സീറോ മലബാർ സഭയും പാരമ്പര്യങ്ങളും" എന്ന വിഷയത്തിൽ പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിയും ക്ലാസ്സുകൾ നയിച്ചു. വി. തോമ്മാശ്ലീഹായുടെ ഭാരതസന്ദർശനവും, സ്ഥാപിച്ച പള്ളികളും, സീറോ മലബാർ സഭാചരിത്രത്തിലെ നിർണ്ണായകസംഭവങ്ങളുമടങ്ങിയ ഒരു ചരിത്രപ്രദർശനവും ഷാർജ സീറോമലബാർ കൊയ്നോണിയ അംഗങ്ങൾ പാരീഷ് ഹാളിൽ ഒരുക്കിയിരുന്നു. ആദ്യദിവസത്തെ കൺവൻഷൻ വി. തോമ്മാശ്ലീഹായുടെ നൊവേനയും തുടർന്ന് ആരാധനയും നടത്തിയാണ് സമാപിച്ചത്.

**ജൂലൈ –1**

ഗൾഫ് രാജ്യങ്ങളിൽ വെള്ളിയാഴ്ചയാണല്ലോ പൊതു അവധി ദിവസം. മലയാളി സമൂഹത്തിന്റെ കർതൃദിനാചരണം വെള്ളി, ശനി, ഞായർ ദിവസങ്ങളിലായി നടത്തുന്നുണ്ടെങ്കിലും വെള്ളിയാഴ്ച

ദിവസം എല്ലാ സമയത്തുമായി വിവിധ ഭാഷകളിൽ വി. കുർബാന അർപ്പിക്കപ്പെടുന്നുണ്ട്. ജൂലൈ 1 വെള്ളിയാഴ്ച വി. തോമ്മാശ്ലീഹായുടെ ദുക്റാനതിരുനാൾ ഷാർജ സെന്റ് മൈക്കിൾസ് ദേവാലയത്തിൽ ഭക്ത്യാദരപൂർവ്വം നടത്തപ്പെട്ടു. 9 ദിവസത്തെ നൊവേന പ്രാർത്ഥനകളും ഈ ആഘോഷത്തിനുണ്ടായിരുന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച സീറോ മലബാർ സഭ കൺവെൻഷനിൽ "കുടുംബം സാർവ്വത്രികസഭയിൽ" എന്ന വിഷയത്തെ സംബന്ധിച്ച് ഫാ. ബെർക്കുമാൻസ് കുന്നുംപുറം ക്ലാസ് നയിച്ചു. തുടർന്ന് "വി. തോമ്മാശ്ലീഹായും വിശ്വാസജീവിതവും" എന്ന വിഷയത്തെ സംബന്ധിച്ച് അഭിവന്ദ്യ പിതാവും ക്ലാസ്സു നയിച്ചു. ഉച്ചക്ക് സീറോമലബാർ സമൂഹത്തിന്റെ നേതൃത്വത്തിൽ ഒരുക്കിയ സ്നേഹവിരുന്നിൽ ആയിരങ്ങൾ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് 1.30 ന് വി. കുർബാനയ്ക്കുള്ള പ്രദക്ഷിണം പാരീഷ് ഹാളിൽ നിന്നാരംഭിച്ചു. 2 മണിക്ക് ആഘോഷമായ തിരുനാൾ കുർബാന അഭിവന്ദ്യ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആരംഭിച്ചു. മോൺ. ജോസഫ് കുഴിഞ്ഞാലിൽ, ഷാർജ ഇടവകവികാരി റവ. ഫാ. അനി സേവ്യർ മലയാളിസമൂഹത്തിന്റെ ആത്മീയപിതാവ് റവ. ഫാ. ബിജോ കുടിലിൽ, റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം എന്നിവർ സഹകാർമ്മികർ ആയിരുന്നു. പരിശുദ്ധ കുർബാനയ്ക്കിടയിലെ പല പ്രാർത്ഥനകളും ഗീതങ്ങളും സുറിയാനി ഭാഷയിൽ അർപ്പിച്ചത് വിശ്വാസികളെ ഏറെ സന്തുഷ്ടരാക്കിയതായി പിന്നീട് അവർ പറഞ്ഞു. വി. തോമ്മാശ്ലീഹായുടെ ദുക്റാന സന്ദേശം അഭിവന്ദ്യ പിതാവ് നൽകി. 3.30 ന് ആരംഭിച്ച തിരുനാൾ പ്രദക്ഷിണത്തിലും പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. 4.30 ന് തിരുനാൾ പ്രദക്ഷിണം അവസാനിച്ചപ്പോൾ ദൈവജനം തിരുശേഷിപ്പു ചുംബിക്കുവാനും, അഭിവന്ദ്യ പിതാവിനെ കാണുന്നതിനുമായി തടിച്ചുകൂടിയത് ഒരു വലിയ വിശ്വാസപ്രഖ്യാപനം തന്നെയായിരുന്നു. ഷാർജ ദേവാലയത്തിലും പള്ളിയുടെ പാരീഷ് ഹാളിലും 3 പ്രാർത്ഥനാഹാളുകളിലും പള്ളിമുറ്റം നിറയെയും തിങ്ങിക്കൂടിയ വൻജനാവലി അവരുടെ വിശ്വാസതീക്ഷ്ണത പ്രവാസജീവിതത്തിലും നിലനിർത്തുന്നതായി വെളിപ്പെടുത്തുന്നതായിരുന്നു.



6 മണിയോടുകൂടിയാണ് തിരുശേഷിപ്പു ചുംബനം അവസാനിച്ചത്. തുടർന്ന് മലയാളി സമൂഹത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന സിയോൻ കരിസ്മാറ്റിക് പ്രാർത്ഥനയിലും, ഷാർജയിലെ എസ്. ആർ.എം. (Spiritual Revival Movement) പ്രാർത്ഥനാകൂട്ടായ്മയിലും സന്ദേശങ്ങൾ അഭിവന്ദ്യ പിതാവ് നൽകി. "രക്ഷകൻ" എന്ന മിഡിൽ ഈസ്റ്റ് മാസികയ്ക്ക് അഭിമുഖവും നൽകി.

**ജൂലൈ 2**

രാവിലെ മുതൽ വിവിധ മലയാളി കുടുംബങ്ങളിൽനിന്നുള്ള അംഗങ്ങൾ അഭിവന്ദ്യ പിതാവിനെ കാണുന്നതിനായി വന്നുകൊണ്ടിരുന്നു.രാവിലെ 9 മുതൽ 10 മണി വരെ സമയത്ത് മുൻകൂട്ടി അനുവാദം വാങ്ങി ദുബായിലെ സീറോ മലബാർ സമൂഹത്തിന്റെ പ്രതിനിധികൾ പിതാവിനെ സന്ദർശിച്ചു.

അബുദാബിയിലെ ബിഷപ് പോൾ ഹിണ്ടർ പിതാവിന്റെയും കത്തീഡ്രൽ പള്ളി വികാരിയുടെയും ക്ഷണമനുസരിച്ച് 6 മണിക്ക് പിതാവ് പള്ളിയങ്കണത്ത് എത്തി. അവിടെ മലയാളി സമൂഹം പിതാവിനെ സ്വീകരിച്ചു. തുടർന്ന് പള്ളി വികാരിയച്ചന്റെ നേതൃത്വത്തിൽ ബിഷപ്സ് ഹൗസിൽ ചെന്ന് ബിഷപ് പോൾ ഹിണ്ടറുമായി 35 മിനിട്ട് മലയാളി സമൂഹത്തിന്റെയും ഗൾഫ് പ്രേഷിതപ്രവർത്തനങ്ങളേയും സംബന്ധിച്ച് ചർച്ച നടത്തി.

6.45 ന് അബുദാബി പ്രാർത്ഥനാഗ്രൂപ്പിന്റെ ക്ഷണപ്രകാരം കൂട്ടായ്മയിൽ അഭിവന്ദ്യപിതാവ് സന്ദേശം നൽകി. 7.15 ന് കത്തീഡ്രൽ ദേവാലയത്തിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ തിരുനാൾ കുർബാന അഭിവന്ദ്യപിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ചു. തിരുനാൾ സന്ദേശവും പിതാവ് നൽകി.

**ജൂലൈ – 3**

രാവിലെ 9 മണിക്ക് ആഘോഷമായ വി. കുർബാന പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ചു. തുടർന്ന് ഷാർജയിലെ ഒരു പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ, പാലാ രൂപതാംഗങ്ങളായ പല കുടുംബങ്ങളും പിതാവിനെ കാണുന്നതിനായി എത്തിയിരുന്നു. വൈകിട്ട് 7 മണിക്ക് ഷാർജ സെന്റ് മൈക്കിൾസ് ദേവാലയത്തിലെ ദുക്റാന

തിരുനാൾ ചടങ്ങുകളുടെ സമാപനകർമ്മങ്ങളിൽ പങ്കുചേർന്ന് സന്ദേശം നൽകി. വൈകിട്ട് 7.30 ന് ഷാർജ സീറോ മലബാർ കൊയ്നോണിയാ അംഗങ്ങൾ പതിവായി നടത്തുന്ന റംശാ പ്രാർത്ഥനയിൽ പിതാവു പങ്കുചേർന്നു. 8 മണി മുതൽ പാലാ രൂപ താംഗങ്ങളുടെ മാത്രമായ ഒരു സമ്മേളനത്തിലും പിതാവ് പങ്കെ ടുത്ത് സന്ദേശം നൽകി. രാത്രി 9.30 ന് ഷാലോം ടി.വി. യ്ക്ക് ഒരു അഭിമുഖവും നൽകി.

**ജൂലൈ 4**

രാവിലെ വി. കുർബാനയ്ക്കുശേഷം വിവിധ സ്ഥലങ്ങളിൽ നിന്നു വന്ന സന്ദർശകരെ പിതാവ് കാണുകയും ആശയവിനിമയം നട ത്തുകയും ചെയ്തു.

ഉച്ചകഴിഞ്ഞ് 5.00 ന് ദുബായിലെ ഇന്ത്യൻ സ്കൂളിൽ പ്രിൻസി പ്പൽ കെ.പി. ജോസഫിന്റെ ക്ഷണപ്രകാരം സന്ദർശനം നടത്തി. തുടർന്ന് ദുബായ് സെന്റ് മേരീസ് പള്ളിയിലെ ക്ഷണപ്രകാരം പള്ളി യിലെത്തിയ പിതാവ് മലയാളി സമൂഹത്തിന്റെ പ്രാർത്ഥനാകൂട്ടാ യ്മയിൽ സന്ദേശം നൽകി.

## പ്ലസ്ടുവിന് മികച്ച വിജയം

പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ കീഴിലുള്ള 14 ഹയർ സെക്കൻഡറി സ്കൂളുകളും മികച്ച പരീക്ഷാ വിജയം കരസ്ഥ മാക്കി. കുറുപ്പന്തറ വി.എച്ച്.എസ്.എസ്. നൂറു ശതമാനം വിജയം കൈവ രിച്ചു. വിജയശില്പികളായ അദ്ധ്യാപകരെയും അവരുടെ ശിഷ്യത്വം സ്വീകരിച്ച കുട്ടികളെയും അനുമോദിക്കുന്നു.

**ഫാ. മാത്യു ചന്ദ്രൻകുന്നേൽ (കോർപ്പറേറ്റ് സെക്രട്ടറി)**

(സ്കൂളുകളുടെ വിജയശതമാനം ചുവടെ ചേർക്കുന്നു)



### CORPORATE EDUCATIONAL AGENCY DIOCESE OF PALAI - PLUS TWO RESULTS 2011

| | GROUPS ⟶ | | Science | | | | Humanities | | | | Commerce | | | | Total | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Rank | School | Name | Pass | Fail | Total | Pass | Pass | Fail | Total | Pass | Pass | Fail | Total | Pass | Total | Fail | Pass | Pass % | Previous Year |
| 1 | Cherpunkal | Holy Cross HSS | 143 | 1 | 144 | 99 | 0 | 0 | 0 | 0 | 48 | 1 | 49 | 98 | 193 | 2 | 191 | 99 | 95.7 |
| 2 | Pala | St.Mary's GHSS | 95 | 2 | 97 | 98 | 50 | 0 | 50 | 100 | 0 | 0 | 0 | 0 | 147 | 2 | 145 | 98.6 | 98 |
| 3 | Ramapuram | St.Augustine's HSS | 99 | 1 | 100 | 99 | 45 | 4 | 49 | 91.8 | 49 | 0 | 49 | 100 | 198 | 5 | 193 | 97.5 | 95.8 |
| 4 | Pala | St.Thomas HSS | 96 | 3 | 99 | 97 | 45 | 1 | 46 | 97.8 | 0 | 0 | 0 | 0 | 145 | 4 | 141 | 97.2 | 84.3 |
| 5 | Bharananganam | St.Mary's HSS | 95 | 4 | 99 | 96 | 43 | 1 | 44 | 97.7 | 49 | 1 | 50 | 98 | 193 | 6 | 187 | 96.9 | 96.8 |
| 6 | Kozhuvanal | St.John's NHSS | 95 | 1 | 96 | 99 | 45 | 4 | 49 | 91.8 | 0 | 0 | 0 | 0 | 145 | 5 | 140 | 96.6 | 91.6 |
| 7 | Teekoy | St.Mary's HSS | 90 | 4 | 94 | 96 | 0 | 0 | 0 | 0 | 48 | 1 | 49 | 98 | 143 | 5 | 138 | 96.5 | 89.8 |
| 8 | Kothanalloor | Emmanuel's HSS | 91 | 1 | 92 | 99 | 0 | 0 | 0 | 0 | 43 | 4 | 47 | 91 | 139 | 5 | 134 | 96.4 | 89.3 |
| 9 | Kadanad | St.Sebastian's HSS | 95 | 1 | 96 | 99 | 47 | 3 | 50 | 94 | 46 | 4 | 50 | 92 | 196 | 8 | 188 | 95.9 | 92.4 |
| 10 | Plassanal | St.Antony's HSS | 85 | 3 | 88 | 97 | 44 | 3 | 47 | 93.6 | 0 | 0 | 0 | 0 | 135 | 6 | 129 | 95.6 | 89 |
| 11 | Aruvithura | St.George HSS | 89 | 8 | 97 | 92 | 0 | 0 | 0 | 0 | 47 | 0 | 47 | 100 | 144 | 8 | 136 | 94.4 | 97.7 |
| 12 | Koravilangad | St.Mary's HSS | 91 | 2 | 93 | 98 | 41 | 6 | 47 | 87.2 | 0 | 0 | 0 | 0 | 140 | 8 | 132 | 94.3 | 85.6 |
| 13 | Elanji | St.Peter's HSS | 85 | 3 | 88 | 97 | 0 | 0 | 0 | 0 | 40 | 6 | 46 | 87 | 134 | 9 | 125 | 93.3 | 91.9 |
| 14 | Arakulam | St.Mary's HSS | 91 | 6 | 97 | 94 | 42 | 5 | 47 | 89.4 | 0 | 0 | 0 | 0 | 144 | 11 | 133 | 92.4 | 89.5 |
| 1 | Kuruppanthara | St. Xavier's VHSS | | | | | | | | | | | | | 53 | 0 | 53 | 100 | |




## നിത്യപുരോഹിതന്റെ മൃതസംസ്ക്കാരം

### (തിരുവചനഭാഗം: യോഹ 19,38-42)

ഈശോയുടെ മൃതസംസ്ക്കാരം ചുരുങ്ങിയ വാക്കുകളിൽ യോഹന്നാൻശ്ലീഹാ ഇവിടെ അവതരിപ്പിക്കുന്നു. യഹൂദരുടെ പ്രധാനപുരോഹിതന്റെ ആലോചനാസംഘത്തിൽപ്പെട്ട അരിമത്തിയാക്കാരൻ ജോസഫും നിക്കോദേമോസുമാണ് ഈശോയുടെ മൃതസംസ്ക്കാരം നടത്തുന്ന വ്യക്തികൾ. ഈശോയോടൊപ്പമുണ്ടായിരുന്ന സ്ത്രീകൾ ഈ സംഭവത്തിനു സാക്ഷികളുമാണ്. മൃതശരീരം രാത്രിയിൽ കുരിശിൽ കിടക്കുന്നത് നിയമവിരുദ്ധമായിരുന്നു: "ശവം രാത്രി മുഴുവൻ മരത്തിൽ തൂങ്ങിക്കിടക്കരുത്. നിന്റെ ദൈവമായ കർത്താവ് നിനക്കവകാശമായിത്തരുന്ന സ്ഥലം അശുദ്ധമാകാതിരിക്കാൻ അന്നുതന്നെ അതു മറവു ചെയ്യണം. മരത്തിൽ തൂക്കപ്പെട്ടവൻ ദൈവത്താൽ ശപിക്കപ്പെട്ടവനാണ്" (നിയമാ 21,23). അതുകൊണ്ടായിരിക്കണം അരിമത്തിയാക്കാരൻ ജോസഫ് ഈശോയുടെ ശരീരം എടുത്തു മാറ്റാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു വാങ്ങുകയും, സമീപത്തുണ്ടായിരുന്ന തോട്ടത്തിലെ കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തത് (വാക്യം 38). ഈശോയുടെ രഹസ്യശിഷ്യരായിരുന്ന ജോസഫും നിക്കൊദേമോസും ചേർന്ന് ഉചിതമായ ഒരു മൃതസംസ്ക്കാരം അവിടുത്തേയ്ക്കു നല്കി.



**1. പുരോഹിതൻ: ദൈവമഹത്വം തേടുന്നവൻ**

"*യഹൂദരോടുള്ള ഭയം നിമിത്തം ഈശോയുടെ രഹസ്യശിഷ്യനായിക്കഴിഞ്ഞിരുന്ന അരിമത്തിയാക്കാരൻ ജോസഫ് ഈശോയുടെ ശരീരം എടുത്തുമാറ്റാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു*" (വാക്യം 38).

അരിമത്തിയാക്കാരൻ ജോസഫിനെ ഈശോയുടെ 'രഹസ്യശിഷ്യൻ' എന്നാണ് യോഹന്നാൻശ്ലീഹാ വിശേഷിപ്പിക്കുന്നത്. വി. യോഹന്നാന്റെ സുവിശേഷത്തിൽ ഈശോയുടെ പരസ്യജീവിതത്തെ അവതരിപ്പിക്കുന്ന 'അടയാളങ്ങളുടെ പുസ്തക'ത്തിന്റെ അവസാനഭാഗത്ത് ഒരു വിലയിരുത്തൽ നടത്തുന്നുണ്ട്. വിലയിരുത്തൽ പൊതുവെ നിഷേധാത്മകമാണെങ്കിലും, "അധികാരികളിൽപ്പോലും അനേകർ അവനിൽ വിശ്വസിച്ചു" എന്നു പറയുന്നുണ്ട്. "എന്നാൽ സിനഗോഗിൽനിന്നു ബഹിഷ്കൃതരാകാതിരിക്കാൻവേണ്ടി ഫരിസേയരെ ഭയന്ന് അവരാരും അത് ഏറ്റു പറഞ്ഞില്ല" (യോഹ 12,42) എന്ന് യോഹന്നാൻശ്ലീഹാ കൂട്ടിച്ചേർക്കുന്നുമുണ്ട്. ഇങ്ങനെ ഈശോയുടെ രഹസ്യശിഷ്യനായിത്തീർന്നവരിൽ ഒരുവനായിരിക്കണം ജോസഫ്. ഈശോയുടെ രഹസ്യശിഷ്യരായിക്കഴിയുവാൻ അവർ പ്രേരിതരായത് ദൈവമഹത്വത്തെക്കാൾ മനുഷ്യപ്രശംസ അഭിലഷിച്ചതുകൊണ്ടാണെന്ന് യോഹന്നാൻശ്ലീഹാ പറയുന്നുണ്ട് (12,43). എന്നാൽ, ജോസഫ് ഇതിന് ഒരപവാദമായിരുന്നുവെന്നു തോന്നുന്നു. ഈശോയുടെ മൃതദേഹം എടുത്തുമാറ്റാൻ പീലാത്തോസിൽനിന്നും അനുവാദം വാങ്ങുന്നതും ഉചിതമായ ഒരു മൃതസംസ്ക്കാരം ഈശോയ്ക്ക് നല്കുന്നതും അതിന്റെ സൂചനകളാണ്. ജോസഫ് ആലോചനാസംഘത്തിലെ ബഹുമാന്യനായ ഒരംഗവും ദൈവരാജ്യം പ്രതീക്ഷിച്ചിരുന്നവനുമായിരുന്നുവെന്ന് മർക്കോസ് സുവിശേഷകൻ പറയുന്നുണ്ട് (മർക്കോ 15,43). അവൻ നല്ലവനും നീതിമാനുമായിരുന്നുവെന്നും അവൻ അവ

രുടെ ആലോചനകളിലോ പ്രവൃത്തികളിലോ പങ്കുചേർന്നിരുന്നില്ല എന്നും ലൂക്കാസുവിശേഷകനും പറയുന്നു (ലൂക്കാ 23,50-51).

യഹൂദരുടെ ആലോചനാസംഘത്തിന്റെ തീരുമാനമനുസരിച്ചാണ് ഈശോ വധിക്കപ്പെട്ടത് (യോഹ 11,50-52; മത്താ 26,65-68). അവരുടെ ആലോചനയിൽ പങ്കുചേരാതിരിക്കുകയും, അവരുടെ ആലോചനക്കനുസൃതമായി വധിക്കപ്പെട്ട ഒരാൾക്ക് മാന്യമായ മൃതസംസ്ക്കാരം നല്കുകയും ചെയ്യുന്നത് അവരുടെ ദൃഷ്ടിയിൽ തീർച്ചയായും കുറ്റകരമാണ്. എങ്കിലും ജോസഫ് ധൈര്യപൂർവ്വം പീലാത്തോസിനെ സമീപിക്കുകയും മിശിഹായുടെ മൃതശരീരം ഏറ്റുവാങ്ങി ഭക്ത്യാദരപൂർവ്വം സംസ്ക്കരിക്കുകയും ചെയ്യുന്നു. ജോസഫ് മിശിഹായെ സംസ്ക്കരിച്ചത് തന്റെ പുതിയ കല്ലറയിലായിരുന്നുവെന്ന് മത്തായി സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (27,60). യഹൂദരുടെ കാഴ്ചപ്പാടിൽ ശിക്ഷാർഹമായ ഈ നടപടി സ്വീകരിക്കുവാൻ ജോസഫ് തയ്യാറായത് അദ്ദേഹം മിശിഹായിൽ ദൈവത്തിന്റെ പ്രവർത്തനം ദർശിച്ചതുകൊണ്ടായിരിക്കണം. അതുകൊണ്ട് ജോസഫ് മനുഷ്യരുടെ പ്രീതിയെക്കാൾ ദൈവമഹത്വം തേടുന്നവനായിരുന്നിരിക്കണം. മനുഷ്യപ്രശംസയെക്കാൾ ദൈവമഹത്വം തേടിയ ജോസഫ് പുരോഹിതർക്ക് മാതൃകയാണ്. അജപാലനശുശ്രൂഷാരംഗത്ത് മനുഷ്യപ്രീതിയും പ്രശംസയും തേടാനുള്ള പ്രലോഭനങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. അവയെ അതിജീവിച്ച് ദൈവമഹത്വം മാത്രം ലക്ഷ്യമാക്കി ശുശ്രൂഷ ചെയ്യുവാൻ പുരോഹിതനു കഴിയണം.

### 2. പുരോഹിതൻ: ബോദ്ധ്യങ്ങളുടെ മനുഷ്യൻ

*"ഈശോയെ ആദ്യം രാത്രിയിൽ ചെന്നുകണ്ട നിക്കോദേമോസും അവിടെയെത്തി. മീറയും ചെന്നിനായകവും ചേർന്ന ഏകദേശം നൂറുറാത്തൽ സുഗന്ധദ്രവ്യവും അവൻ കൊണ്ടുവന്നിട്ടുണ്ടായിരുന്നു"* (വാക്യം 39).

നിക്കോദേമോസും ഈശോയുടെ രഹസ്യശിഷ്യരിൽ ഒരാളായിരുന്നു. ആലോചനാസംഘത്തിലെ ഒരംഗവുമായുന്നു. ഇതിനു മുമ്പ് രണ്ടുപ്രാവശ്യം നിക്കോദേമോസ് യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട് - മൂന്നാമദ്ധ്യായത്തിലും



ഏഴാമദ്ധ്യായത്തിലും. മൂന്നാമദ്ധ്യായത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "ഫരിസേയരിൽ നിക്കോദേമോസ് എന്നു പേരായ ഒരു യഹൂദപ്രമാണിയുണ്ടായിരുന്നു. അവൻ രാത്രി ഈശോയുടെ അടുത്തുവന്നു പറഞ്ഞു: റബ്ബീ, അങ്ങ് ദൈവത്തിൽനിന്നു വന്ന ഒരു ഗുരുവാണെന്നു ഞങ്ങൾ അറിയുന്നു. ദൈവം കൂടെയില്ലെങ്കിൽ ഒരുവനും നീ ചെയ്യുന്ന ഈ അടയാളങ്ങൾ പ്രവർത്തിക്കാൻ കഴിയുകയില്ല" (യോഹ 3,1-2). ഈശോയുമായുള്ള സംഭാഷണവേളയിൽ നിക്കൊദേമോസ് ഇസ്രായേലിലെ ഒരു ഗുരുവായിരുന്നുവെന്നും നമുക്ക് മനസ്സിലാക്കാം (യോഹ 3,10). അതുകൊണ്ടായിരിക്കാം ഈശോയുടെ പ്രബോധനങ്ങളാൽ ആകൃഷ്ടനായി അദ്ദേഹം ഈശോയുടെ പക്കലെത്തിയത്. രാത്രിയിൽ വന്നതിന് ബൈബിൾ വ്യാഖ്യാതാക്കൾ വിവിധ വിശദീകരണങ്ങൾ നല്കുന്നുണ്ട്. മറ്റുള്ളവർ അറിയാതെ രഹസ്യമായി വന്നുവെന്നും, അതല്ല, രാത്രികാലങ്ങളിലാണ് യഹൂദർ വിശുദ്ധലിഖിതവായനയിലും പഠനത്തിലും ഏർപ്പെട്ടിരുന്നത് എന്നതുകൊണ്ടാണെന്നും പറയുന്നവരുണ്ട്. ഇവിടെ പ്രതീകാത്മകമായ ഒരർത്ഥമുണ്ടെന്നു പറയാം. അന്ധകാരത്തിലായിരുന്ന നിക്കൊദേമോസ് പ്രകാശമായ മിശിഹായിലേക്കു വരുന്നു. ഏഴാമദ്ധ്യായത്തിൽ നിക്കൊദേമോസിനെ ഈശോയിൽ വിശ്വസിക്കുന്ന ഒരാളായിട്ടും ഈശോയ്ക്കുവേണ്ടി ആലോചനാസംഘത്തിൽ സംസാരിക്കുന്നവനുമായിട്ടാണ് നാം കാണുക: "മുമ്പൊരിക്കൽ ഈശോയുടെ അടുക്കൽ പോയവനും അവരിലൊരുവനുമായ നിക്കൊദേമോസ് അപ്പോൾ അവരോടു ചോദിച്ചു: ഒരുവനു പറയാനുള്ളത് ആദ്യം കേൾക്കാതെയും അവനെന്താണു ചെയ്യുന്നതെന്നറിയാതെയും അവനെ വിധിക്കാൻ നമ്മുടെ നിയമം അനുവദിക്കുന്നുണ്ടോ?" (യോഹ 7,50-51).

നിക്കൊദേമോസ് സത്യത്തോട് തുറവിയുള്ളവനും നീതിബോധമുള്ളവനുമായിരുന്നു. ഒരു പ്രബോധകനെന്ന നിലയിൽ വിശ്വാസസംബന്ധമായ കാര്യങ്ങൾ അറിയുവാനും മനസ്സിലാക്കുവാനും അത് മറ്റുള്ളവരെ പഠിപ്പിക്കുവാനും നിക്കൊദേമോസ് ശ്രദ്ധിച്ചിരുന്നിരിക്കണം. ദൈവത്തിൽനിന്നും വന്ന ഒരു ഗുരുവായി ഈശോയെ തിരിച്ചറിഞ്ഞ് ഈശോയുടെ പക്കൽനിന്ന് കൂടുതൽ പഠിക്കുവാനാണ് രാത്രിയിൽ അയാൾ ഈശോയെ സമീപിച്ചത്.

ജലത്താലും അരൂപിയാലുമുള്ള ജനനത്തെപ്പറ്റി ഈശോ വിശദീകരിച്ചപ്പോൾ "ഇതെല്ലാം എങ്ങനെ സംഭവിക്കും?" (യോഹ 3,9) എന്ന് അയാൾ ചോദിക്കുന്നു. അതിന് ഈശോ കൊടുത്ത വിശദീകരണമെല്ലാം കേട്ട് മനസ്സിലാക്കി ഈശോയിൽ വിശ്വസിച്ച ഒരു രഹസ്യശിഷ്യനായിരുന്നു നിക്കൊദേമോസ്. വിശ്വാസപരമായ കാര്യങ്ങൾ പഠിച്ച് ബോദ്ധ്യങ്ങൾ ഉൾക്കൊള്ളുവാനും ആ ബോദ്ധ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനും അവ മറ്റുള്ളവരെ പഠിപ്പിക്കുവാനും ശ്രദ്ധിച്ചിരുന്ന ഒരു പ്രബോധകനായി കാണപ്പെടുന്ന നിക്കോദേമോസും പുരോഹിതർക്ക് മാതൃകയാണ്. പുരോഹിതന്റെ പ്രഥമദൗത്യം പ്രബോധനദൗത്യമാണെന്ന് സഭ പഠിപ്പിക്കുന്നു (PO4). ലൗകായികതയുടെ അതിപ്രസരത്തിൽ വിശ്വാസം നഷ്ടപ്പെടാതിരിക്കാനും വിശ്വാസപരമായ ബോദ്ധ്യങ്ങൾ സമ്പാദിച്ച് ആ ബോദ്ധ്യങ്ങൾക്കനുസരിച്ച് ജീവിക്കുവാനും ജനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടവനാണ് പുരോഹിതൻ.

**3. പുരോഹിതൻ: ദൈവത്തിൽ വിശ്രമം കണ്ടെത്തുന്നവൻ**

"*യഹൂദരുടെ ഒരുക്കത്തിന്റെ ദിനമായിരുന്നതിനാലും കല്ലറ സമീപത്തായിരുന്നതിനാലും അവർ ഈശോയെ അവിടെ സംസ്കരിച്ചു*" (വാക്യം 42).

'യഹൂദരുടെ ഒരുക്കത്തിന്റെ ദിവസ'മെന്ന് ഇവിടെ പറയുന്നത് സാബത്തിനു മുമ്പുള്ളതോ പെസഹായ്ക്കു മുമ്പുള്ളതോ എന്ന് നിശ്ചയമില്ല. സഭാപിതാവായ താസിയനും ഏതാനും സുറിയാനി സാക്ഷ്യങ്ങളും "സാബത്ത് ആരംഭിക്കുന്നതിനുമുമ്പ്" എന്ന് വ്യക്തമാക്കുന്നുണ്ട്. വി. മർക്കോസിന്റെ സുവിശേഷത്തിൽ, "അന്ന് സാബത്തിനു തൊട്ടുമുമ്പുള്ള ഒരുക്കദിവസമായിരുന്നു" എന്ന് വ്യക്തമായി പറയുന്നുമുണ്ട്. സാബത്തിൽ മൃതസംസ്ക്കാരം നടത്തുക അനുവദനീയമായിരുന്നില്ല. അതുകൊണ്ട് സാബത്തിലേക്കുള്ള പ്രവേശനവും ഈശോയുടെ മൃതസംസ്ക്കാരവും ഒരേസമയത്ത് നടക്കുകയാണ്. മരണം ദൈവത്തിന്റെ വിശ്രമത്തിലേക്കുള്ള പ്രവേശനമാണ് എന്ന വസ്തുത ഇവിടെ പ്രത്യേകം സൂചിപ്പിക്കപ്പെടുന്നു. സാബത്തുവിശ്രമം ദൈവത്തിന്റെ വിശ്രമത്തെ ഓർമ്മിപ്പിക്കുന്നതാണ്. ഉല്പത്തിപുസ്തകത്തിൽ സൃഷ്ടിയുടെ വിവരണപശ്ചാത്തലത്തിലാണ് ദൈവത്തിന്റെ വിശ്രമത്തെപ്പറ്റി പറയുന്നത്: "സൃഷ്ടികർമ്മം പൂർത്തിയാക്കി തന്റെ പ്രവൃത്തികളിൽനിന്നു വിരമിച്ച് വിശ്രമിച്ച ഏഴാം ദിവസത്തെ ദൈവം അനുഗ്രഹിച്ച് വിശുദ്ധമാക്കി" (ഉല്പ 2,3). ദൈവത്തിന്റെ വിശ്രമം എന്തിലാണ് അടങ്ങിയിരിക്കുന്നത്? സൃഷ്ടിയുടെ വിവരണത്തിൽ അതിന്റെയും സൂചനയുണ്ട്. ഓരോന്നും സൃഷ്ടിച്ചതിനുശേഷം "അതു നല്ലതെന്നു ദൈവം കണ്ടു" എന്നു പറഞ്ഞിരിക്കുന്നു (ഉല്പ 1,4.10.12.18.21.25). അവസാനം "താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു" (ഉല്പ 1,31) എന്നും പറഞ്ഞിരിക്കുന്നു. ചെയ്യേണ്ടതെല്ലാം വേണ്ടതുപോലെ ചെയ്തുതീർത്തു എന്ന സംതൃപ്തിയും കൃതാർത്ഥതയുമാണ് യഥാർത്ഥ വിശ്രമം.

ഈശോയുടെ മരണവും മൃതസംസ്ക്കാരവും ദൈവത്തിന്റെ വിശ്രമത്തിലേക്കുള്ള പ്രവേശനമായിരുന്നു. തന്റെ പിതാവിന്റെ ഹിതമനുസരിച്ച് എല്ലാം പൂർത്തിയാക്കി എന്ന സംതൃപ്തിയോടെയാണ് ഈശോ ഈ വിശ്രമത്തിലേക്കു പ്രവേശിച്ചത് (യോഹ 19,28). പുരോഹിതനും എല്ലാം ദൈവഹിതമനുസരിച്ച് പൂർത്തിയാക്കി ദൈവത്തിന്റെ വിശ്രമത്തിലേക്കു പ്രവേശിക്കേണ്ടവനാണ്. എല്ലാ ക്രൈസ്തവരും പ്രവേശിക്കേണ്ട ഈ വിശ്രമത്തെപ്പറ്റിയാണ് ഹെബ്രായലേഖകൻ ഇപ്രകാരം പറയുന്നത്: "അവിടുന്നു നല്കുന്ന വിശ്രമത്തിലേക്കു നാം പ്രവേശിക്കുമെന്ന വാഗ്ദാനം നിലനില്ക്കുമ്പോൾത്തന്നെ അതിൽ പ്രവേശിക്കുവാൻ കഴിയാത്തവരായി നിങ്ങളിലാരെങ്കിലും കാണപ്പെടുമോ എന്നു നാം ഭയപ്പെടണം" (ഹെബ്രാ 4,1). ഈ വിശ്രമത്തിലേക്ക് ആത്യന്തികമായി മരണത്തിലൂടെയാണ് നാം പ്രവേശിക്കുന്നതെങ്കിലും അതിന്റെ മുന്നാസ്വാദനമാണ് ഞായറാഴ്ചയാചരണത്തിൽ നാം അനുഭവിക്കുന്നത്. "കർത്താവിന്റെ ദിവസം" "സഭയുടെ ദിവസം" എന്നെല്ലാം വിശേഷിപ്പിക്കപ്പെടുന്ന ഞായറാഴ്ചയാചരണത്തിന്റെ ലക്ഷ്യം കർത്താവിനോടുകൂടെ ആയിരുന്നുകൊണ്ട് ജീവിതത്തെ വിലയിരുത്തുകയും കർത്താവിന്റെ ഹിതമനുസരിച്ചാണ് ജീവിക്കുന്നതെന്ന് ഉറപ്പുവരുത്തുകയുമാണ്. പുരോഹിതൻ ഈ വിധത്തിൽ ഞായറാഴ്ചയാചരണം നടത്തുന്നവനും ആ വിധത്തിൽ ജനങ്ങളെ പരിശീലിപ്പിക്കുന്നവനുമാകണം.

**4. പുരോഹിതൻ: മിശിഹായോടൊപ്പം മരിച്ച് ജീവിക്കുന്നവൻ**

"*ജോസഫ് ഒരു തുണി വാങ്ങി അവനെ താഴെയിറക്കി. അതിൽ പൊതിഞ്ഞ് പാറയിൽ വെട്ടിയൊരുക്കിയ കല്ലറയിൽ അവനെ സംസ്ക്കരിക്കുകയും കല്ലറയുടെ വാതിൽക്കൽ ഒരു കല്ല് ഉരുട്ടി വയ്ക്കുകയും ചെയ്തു*" (മർക്കോ 15,46).

ഈശോയുടെ മൃതസംസ്ക്കാരം ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനപരമായ ഒരു വിഷയമാണ്. ഉത്ഥിതനായ ഈശോയിലുള്ള ആദിമസഭയുടെ വിശ്വാസം നാലു കാര്യങ്ങളാണ് ഏറ്റുപറഞ്ഞിരുന്നത് - ഈശോയുടെ മരണം, മൃതസംസ്ക്കാരം, ഉത്ഥാനം, പ്രത്യക്ഷപ്പെടൽ. കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ, പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഇത് സാക്ഷ്യപ്പെടുത്തുന്നു: "എനിക്കു ലഭിച്ചത് സർവ്വപ്രധാനമായി കരുതി ഞാൻ നിങ്ങൾക്ക് ഏല്പിച്ചു തന്നു. വിശുദ്ധലിഖിതങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെ മിശിഹാ നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു. അവൻ കേപ്പായ്ക്കും പിന്നീടു പന്ത്രണ്ടുപേർക്കും പ്രത്യക്ഷനായി" (1 കോറി 15,3-4). മരണം സംഭവിച്ചു എന്നതിന് തീർച്ച നല്കുന്നത് മൃതസംസ്ക്കാരമാണ്. മൃതസംസ്ക്കാരം ഉറപ്പുവരുത്തിയാലേ ഉത്ഥാനം നടന്നു എന്നതിന് തീർച്ച ലഭിക്കുകയുള്ളൂ. അതുകൊണ്ടാണ് ശൂന്യമായ കബറിടവും പ്രത്യക്ഷീകരണങ്ങളും മിശിഹായുടെ ഉത്ഥാനത്തിന്റെ വിവരണങ്ങളായി സുവിശേഷങ്ങളിൽ രൂപംകൊണ്ടത്. കല്ലറയുടെ വാതിൽക്കൽ ഒരു കല്ല് ഉരുട്ടിവച്ചു എന്നതും കല്ലറക്കു കാവൽ ഏർപ്പെടുത്തി എന്നതും ശ്രദ്ധേയമാണ് (മത്താ 27,62-66). ഉത്ഥാനവിവരണത്തിൽ കല്ലുരുട്ടി മാറ്റപ്പെടുന്നത് പ്രാധാന്യം കൊടുത്ത് വിവരിക്കുന്നതായി കാണാം (മത്താ 28,2; മർക്കോ 16,3-4).

ക്രൈസ്തവജീവിതം മിശിഹായോടൊപ്പം മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും ഉയിർപ്പിക്കപ്പെടുകയും ചെയ്യുന്ന ഒരു ജീവിതമാണ്. ക്രൈസ്തവജീവിതത്തിന് തുടക്കംകുറിക്കുന്ന മാമ്മോദീസാനുഭവം പൗലോസ്ശ്ലീഹാ ഈ വിധത്തിലാണ് വിവരിക്കുന്നത്: "ഈശോമിശിഹായോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും അവന്റെ മരണത്തോട് ഐക്യപ്പെടാനാണ് ജ്ഞാനസ്നാനം സ്വീകരിച്ചതെന്ന് നിങ്ങൾക്കറിഞ്ഞുകൂടേ? അങ്ങനെ അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്ക്കരിക്കപ്പെട്ടു. മിശിഹാ മരിച്ചതിനുശേഷം പിതാവിന്റെ മഹത്ത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്ത് സംസ്ക്കരിക്കപ്പെട്ടത്" (റോമാ 6,3-4). മാമ്മോദീസായിൽ മിശിഹായോടൊത്ത് മരിക്കുക മാത്രമല്ല സംസ്ക്കരിക്കപ്പെടുകയും ചെയ്തു എന്ന് ശ്ലീഹാ ഊന്നൽ കൊടുത്തു പറയുന്നു. സംസ്ക്കരിക്കപ്പെടൽ പൂർണ്ണമായ വേർപാടിനെയാണ് സൂചിപ്പിക്കുന്നത്. ഒരാൾ മരിച്ചാലും ബന്ധപ്പെട്ടവർ വരികയും ബന്ധപ്പെടുകയും ചെയ്തുകൊണ്ടിരിക്കും. എന്നാൽ സംസ്ക്കരിക്കപ്പെട്ടു കഴിയുമ്പോൾ എല്ലാവരും പിരിഞ്ഞുപോകുന്നു. മാമ്മോദീസാ പരികർമ്മം ചെയ്യുമ്പോൾ മാമ്മോദീസാർത്ഥിയെ പൂർണ്ണമായും വെള്ളത്തിൽ മുക്കിയിരുന്നത് സംസ്ക്കരിക്കപ്പെടുന്നതിനെ സൂചിപ്പിക്കാനാവണം. പാപത്തോട് പൂർണ്ണമായി വിട പറഞ്ഞ് മിശിഹായോടു ചേർന്ന് വിശുദ്ധിയുടെ നവജീവിതത്തിലേക്കു ഒരാൾ പ്രവേശിക്കുന്നു എന്നാണ് ഇതിന്റെ സൂചന. ഈ മാമ്മോദീസാനുഭവം അതിന്റെ പൂർണ്ണതയിൽ ജീവിക്കാൻ വിളിക്കപ്പെട്ടവനാണ് പുരോഹിതൻ.

**5. പുരോഹിതൻ: സുവിശേഷം ധ്യാനിക്കുന്നവൻ**

"*ഗലീലിയിൽ നിന്ന് ഈശോയോടൊപ്പം വന്നിരുന്ന സ്ത്രീകൾ അവനോടൊപ്പം പോയി കല്ലറ കണ്ടു. അവന്റെ ശരീരം എങ്ങനെ സംസ്ക്കരിച്ചു എന്നും കണ്ടു*" (ലൂക്കാ 23,55).

ഈശോയുടെ മൃതസംസ്ക്കാരത്തിന് അരിമത്തിയാക്കാരൻ ജോസഫിനോടും നിക്കൊദേമോസിനോടുമൊപ്പം സാക്ഷികളായിരുന്ന സ്ത്രീകളെക്കുറിച്ച് ലൂക്കാ സുവിശേഷകനും മർക്കാസ് സുവിശേഷകനനും (15,47) പറയുന്നുണ്ട്. ഈശോയോടൊപ്പം ഉണ്ടായിരുന്ന സ്ത്രീകൾ എന്നാണ് ഇവരെ ലൂക്കാ സുവിശേഷകൻ വിശേഷിപ്പിക്കുന്നത്. പരസ്യജീവിതകാലത്ത് ഈശോയെ ശുശ്രൂഷിച്ചു

കൊണ്ട് ഈശോയോടൊപ്പമായിരുന്ന സ്ത്രീകളെപ്പറ്റി ലൂക്കാ സുവിശേഷകൻ നേരത്തെ പ്രതിപാദിക്കുന്നുണ്ട് (8,2-3). അവർ ഈശോയുടെ മൃതസംസ്ക്കാരം കണ്ടു എന്നത് പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാണ്. കാരണം, ഈ സ്ത്രീകളാണ് പിന്നീട് ശൂന്യമായ കല്ലറയ്ക്കും മിശിഹായുടെ ഉത്ഥാനത്തിനും പ്രഥമസാക്ഷികളായി ത്തീർന്നത്. മൃതസംസ്ക്കാരത്തിനും ഉത്ഥാനത്തിനും സാക്ഷികളായി എന്നതിനോടൊപ്പം മറ്റൊരു വസ്തുതയും ഇവിടെ സൂചിപ്പിക്കുന്നുണ്ട്. അതു മറ്റൊന്നുമല്ല. അവർ ധ്യാനനിരതരായി ഈശോയെ അനുഗമിച്ചിരുന്നു എന്ന വസ്തുത ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഈശോയുടെ മരണം അവതരിപ്പിക്കുന്ന സന്ദർഭത്തിൽ ലൂക്കാ സുവിശേഷകൻ പറയുന്നു: "അവന്റെ പരിചയക്കാരും ഗലീലിയിൽനിന്ന് അവനെ അനുഗമിച്ചിരുന്ന സ്ത്രീകളും അകലെ ഇതെല്ലാം കണ്ടുകൊണ്ടു നിന്നിരുന്നു" (23,49).

ധ്യാനനിരതരായി ഈശോയെ അനുഗമിച്ചിരുന്ന സ്ത്രീകൾ ധ്യാനാത്മകജീവിതത്തിന്റെ ആവശ്യകതയെ അനുസ്മരിപ്പിക്കുന്നു. പഴയനിയമത്തിൽ, ദൈവം ചെയ്യുന്ന കാര്യങ്ങൾ ധ്യാനവിഷയമാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പറയുന്നുണ്ട്: "നിങ്ങളുടെ കണ്ണുകൾ കണ്ട കാര്യങ്ങൾ മറക്കാതിരിക്കാനും ജീവിതകാലം മുഴുവൻ അവ ഹൃദയത്തിൽനിന്നു മായാതിരിക്കാനും ശ്രദ്ധിക്കുവിൻ. ജാഗരൂകരായിരിക്കുവിൻ. അവയെല്ലാം നിങ്ങളുടെ മക്കളെയും മക്കളുടെ മക്കളെയും അറിയിക്കണം" (നിയമാ 4,9). ഇങ്ങനെ, ജീവിതാനുഭവങ്ങളെ ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെയും പരിപാലനയുടെയും വെളിച്ചത്തിൽ വിലയിരുത്തി ധ്യാനിക്കുന്ന ഒരു രീതി യഹൂദരുടെയിടയിൽ നിലവിലിരുന്നു. ഇതിന് ഉത്തമോദാഹരണമാണ് പരിശുദ്ധ കന്യകാമറിയം. അവൾ എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ധ്യാനിച്ചുകൊണ്ടിരുന്നു എന്ന് ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തുന്നു (2,19.51). ഈ പ്രാർത്ഥനാരീതിയായിരുന്നിരിക്കണം ഈശോയെ അനുഗമിച്ചിരുന്ന സ്ത്രീകളും അവലംബിച്ചിരുന്നത്. ഈശോ ചെയ്തിരുന്ന പ്രവൃത്തികളിലും അവിടുത്തെ അനുദിനജീവിതസംഭവങ്ങളിലും ദൈവത്തിന്റെ രക്ഷാകരപ്രവർത്തനങ്ങൾ കണ്ട് മനസ്സിലാക്കുവാനും അവ ധ്യാനവിഷയമാക്കുവാനും അവർ ശ്രദ്ധിച്ചിരുന്നിരിക്കണം. പുരോഹിതന്റെ



പ്രഥമദൗത്യം സുവിശേഷപ്രഘോഷണമാണ്. സുവിശേഷസംഭവങ്ങൾ ധ്യാനവിഷയമാക്കാതെ സുവിശേഷം വേണ്ടവിധം പ്രഘോഷിക്കുവാൻ പുരോഹിതനു കഴിയുകയില്ല.

**ജീവിതസൂചിക**

1. അജപാലനരംഗത്ത് ദൈവമഹത്വം മാത്രം ലക്ഷ്യമാക്കിയുള്ള ശുശ്രൂഷയ്ക്ക് തടസ്സമാകാവുന്ന പ്രതികൂല സാഹചര്യങ്ങൾ എവ? അവയെ എങ്ങനെ നേരിടാം?
2. പുരോഹിതന്റെ ജീവിതത്തിൽ പഠനത്തിനും ബോദ്ധ്യങ്ങൾക്കുമുള്ള പ്രാധാന്യമെന്ത്?
3. ദൈവത്തിൽ വിശ്രമം കണ്ടെത്തുന്നതിന് പുരോഹിതജീവിതത്തിലുള്ള പ്രസക്തിയെന്ത്?
4. പാപത്തോടു പൂർണ്ണമായി വിട പറഞ്ഞ, വിശുദ്ധമായ ജീവിതം പുരോഹിതൻ നയിക്കേണ്ടതെങ്ങനെ?
5. പുരോഹിതന്റെ ജീവിതത്തിൽ സുവിശേഷധ്യാനത്തിനുള്ള പ്രസക്തിയും പ്രാധാന്യവുമെന്ത്?

# പാലാ മിഷൻ വാർത്തകൾ

**1. കർമ്മരംഗത്തേക്ക്**

പാലാ രൂപതയിൽ നിന്നും പാലാ മിഷനിലേയ്ക്ക് എത്തിയ മൂന്ന് പുതിയ അച്ചന്മാർ ഒരു മാസത്തെ തെലുങ്ക് ഭാഷാപഠനത്തിനുശേഷം ഏപ്രിൽ 20 മുതൽ മിഷൻസ്റ്റേഷനുകളിൽ ചാർജെടുത്തു.

Fr. Joseph Mylaparambil - Asst. priest-in-charge, Gollapally
Fr. Mathew Kizhakkekollithanam - Asst. priest-in-charge, Nennel
Fr. Kurian Polakkattu- Asst. priest-in-charge Jhondavenkittapalayam

**2. പുതിയ മിഷൻ സ്റ്റേഷൻ**

കോനംപെട്ട വില്ലേജിൽ നിലവിലുണ്ടായിരുന്ന 2 മുറികളോട് ചേർത്ത് അടുക്കളയും ഊണുമുറിയും പണിതു. പുതിയ പള്ളിമുറിയുടെ വെഞ്ചരിപ്പ് ജൂൺ 18-ന് അഭിവന്ദ്യ മാർ ജോസഫ് കുന്നത്ത് പിതാവ് നിർവ്വഹിച്ചു. ഈ മിഷൻസ്റ്റേഷന്റെ priest-in-charge ആയി ഫാ. ജോർജ് വയലിപ്പറമ്പിൽ ചാർജെടുത്തു. ജൂൺ 30 മുതൽ അവിടെ താമസമാരംഭിച്ചു. പാലാ രൂപതയിലെ കോതനല്ലൂർ ഇടവകയെ ഏൽപ്പിച്ചിരിക്കുന്ന സ്റ്റേഷനാണിത്.

**3. വി. അൽഫോൻസാ ചാപ്പൽ ആശീർവദിച്ചു**

കൊത്തപ്പള്ളി വില്ലേജിൽ പുതുതായി പണികഴിപ്പിച്ച വി. അൽഫോൻസാമ്മയുടെ നാമത്തിലുള്ള ചാപ്പലിന്റെ ആശീർവാദകർമ്മം ജൂൺ 18-ന് അഭിവന്ദ്യ മാർ ജോസഫ് കുന്നത്ത് പിതാവ് നിർവ്വഹിച്ചു. തുടർന്ന് ആദിലാബാദ് രൂപതാ ഹ്യൂമൻ പ്രൊമോഷൻ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മേജർ സെമിനാരി ബ്രദേഴ്സ് പാട്ട്, ഡാൻസ്, സ്കിറ്റ് തുടങ്ങിയവയിലൂടെ ബോധവത്കരണപരിപാടി നടത്തി. പാലാ രൂപതയിലെ ഭരണങ്ങാനം ഇടവകയെ ഏൽപ്പിച്ചിരിക്കുന്ന സ്റ്റേഷനാണിത്. പള്ളിയിൽ നിന്ന് 1,00,000 രൂപയും മിഷൻലീഗ് 50,000 രൂപയും നൽകി സഹായിച്ചിരുന്നു.

**4. പുതിയ നിയമനങ്ങൾ**

കഴിഞ്ഞ മൂന്നരവർഷക്കാലം ജോണ്ടാ വെങ്കിട്ടപുരം സ്റ്റേഷനിൽ priest-in-charge ആയി ശുശ്രൂഷ ചെയ്ത ഫാ. ഐസക് കുറിച്ചിയേൽ നെന്നൽ സ്റ്റേഷനിൽ priest-in-charge ആയി നിയമിതനായി. ജോണ്ടാ വെങ്കിട്ടപുരം സ്റ്റേഷനിൽ Asst priest-in-charge ആയിരുന്ന ഫാ. മാത്യു പുല്ലുകാലായിൽ അവിടെ priest-in-charge ആയി നിയമിതനായി. മൂന്നരവർഷക്കാലം നെന്നൽ സ്റ്റേഷനിൽ priest-in-charge ആയിരുന്ന ഫാ. ജോർജ് വയലിപ്പറമ്പിൽ കോനംപെട്ട സ്റ്റേഷനിൽ priest-in-charge ആയി നിയമിതനായി.

**4. യാത്രാമംഗളങ്ങൾ**

ഒരു വർഷക്കാലം പാലാ മിഷനിലെ ഗൊല്ലപ്പള്ളി സ്റ്റേഷനിൽ ശുശ്രൂഷ ചെയ്തശേഷം സുവർണ്ണജൂബിലി വർഷമായതിനാൽ പ്രാർത്ഥനയ്ക്കായി സ്ഥലം മാറിയ സി. ഹെൻട്രീറ്റാ സി.എം.സി. യ്ക്ക് പാലാ മിഷനിലെ അച്ചന്മാരും സിസ്റ്റേഴ്സും ജൂലൈ 11-ന് ഗൊല്ലപ്പള്ളിയിൽ ഒത്തുചേർന്ന് ജൂബിലി മംഗളങ്ങളും യാത്രാമംഗളങ്ങളും ആശംസിച്ചു. പുതുതായി സി. ആൽഫി സി.എം.സി. ചാർജെടുത്തു. ഒരു വർഷക്കാലം വെങ്കിട്ടപുരം സ്റ്റേഷനിൽ ശുശ്രൂഷ ചെയ്തശേഷം പാലാക്കുരുത്തിയിലേയ്ക്ക് സ്ഥലം മാറിയ സി. സിസിലി സി.എം.സി.യ്ക്ക് പാലാ മിഷൻ അച്ചൻമാരും സിസ്റ്റേഴ്സും ജൂൺ 8-ന് വെങ്കിട്ടപുരത്ത് ഒന്നിച്ചുചേർന്ന് യാത്രാമംഗളങ്ങൾ ആശംസിച്ചു. പുതുതായി സി. ക്ലാരിസ് സി.എം.സി. ചാർജെടുത്തു.

**5. ആത്മദർശൻ**

മേയ് 1 മുതൽ 6 വരെ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ പാലാ മിഷനിൽ നിന്നും 13 പേർ 6, 7, 8 തീയതികളിൽ മലയാറ്റൂർ, രാമപുരം, ഭരണങ്ങാനം, വാഗമൺ, കുറവിലങ്ങാട്, അർത്തുങ്കൽ തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളും പാലാ രൂപതയിലെ വിവിധ ഇടവകളും സ്ഥാപനങ്ങളും സന്ദർശിച്ചു.

**6. തിരുനാളുകൾ**

വെങ്കിട്ടപുരം പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് ജൂൺ 2-ാം തീയതി വൈകുന്നേരം കൊടിയേറ്റ്, വി. കുർബാന, വചനപ്രഘോഷണം -ഫാ. മാത്യു പുതിയിടത്ത്, 3-ാം തീയതി വൈകുന്നേരം ആരാധന-ഫാ. ദാനിയേൽ നിച്ചക്കോള. 4-ാം തീയതി രാവിലെ 10 മണിക്ക് ആഘോഷമായ വി. കുർബാന, പ്രസംഗം - ഫാ. ബിനോയ് കണയിങ്കൽ. തുടർന്ന് സ്നേഹവിരുന്ന്. വൈകുന്നേരം വില്ലേജിലൂടെ പ്രദക്ഷിണം വൈകിട്ട് ഇടവകാംഗങ്ങളുടെ കലാപരിപാടികൾ എന്നിവ നടന്നു.

ജൂൺ 5-ാം തീയതി കോനംപെട്ട മിഷൻ സെന്ററിൽ വൈകുന്നേരം തിരുനാൾ കുർബാന, പ്രസംഗം - ഫാ. കുര്യൻ പൊൻമലകുന്നേൽ തുടർന്ന് പ്രദക്ഷിണം. ജൂൺ 10-ാം തീയതി മന്നഗൂഡം മിഷൻ സെന്ററിൽ വൈകുന്നേരം തിരുനാൾ കുർബാന. പ്രസംഗം ഫാ. ചാക്കോച്ചൻ തെങ്ങുംപള്ളിൽ സി.എം.എസ്. തുടർന്ന് പ്രദക്ഷിണം. ഗൊല്ലപ്പള്ളി പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് 9-ാം തീയതി വൈകുന്നേരം വചനപ്ര

ഘോഷണം-ഫാ. ദാനിയേൽ നിച്ചക്കോള, 10-ാം തീയതി വൈകുന്നേരം വചനപ്രഘോഷണം ഫാ. മത്തായി കുളംപള്ളി സി.എം.ഐ. 11-ാം തീയതി 10 മണിക്ക് തിരുനാൾ കുർബാന പ്രസംഗം ഫാ. സെബാസ്റ്റ്യൻ കോലഞ്ചേരി. തുടർന്ന് സ്നേഹവിരുന്ന്. വൈകുന്നേരം പ്രദക്ഷിണം.

ജൂൺ 16-ാം തീയതി കൊത്തൂർ മിഷൻ സെന്ററിൽ വൈകുന്നേരം തിരുനാൾ കുർബാന, പ്രസംഗം ഫാ. പി.എൽ. ജോസഫ്. തുടർന്ന് പ്രദക്ഷിണം.

**7. മിഷൻ സന്ദർശനം**

പാലാ അഡാർട്ട് എ.എ. ഗ്രൂപ്പിൽ നിന്നും പാപ്പച്ചൻ മുത്തോലി, മൈക്കിൾ ഉള്ളനാട്, തോമസ് കടനാട്, ബെന്നി മുത്തോലി എന്നിവർ മാർച്ച് 29-31 വരെ പാലാ മിഷനിലെ വിവിധ സ്റ്റേഷനുകളിൽ സന്ദർശിച്ചു. പാലാ രൂപതയ്ക്കുവേണ്ടി റൂഹാലയ സെമിനാരിയിൽ ഒന്നാംവർഷ തീയോളജി പഠിക്കുന്ന ബ്ര. ആനന്ദ് പര്യപ്പനാൽ, പാലാ മിഷനിൽ ഏപ്രിൽ 4 മുതൽ 8 വരെ വില്ലേജുകൾ സന്ദർശിച്ചു. ഏപ്രിൽ 6, 7 തീയതികളിൽ തലശേരി രൂപതയിൽ നിന്നും ഫാ. തോമസ് തട്ടാംപറമ്പിൽ പാലാ മിഷൻ സന്ദർശിച്ചു. റവ. ഡോ. ജേക്കബ് കട്ടയ്ക്കൽ ഏപ്രിൽ 8 മുതൽ 15 വരെ പാലാ മിഷനിൽ സന്ദർശനം നടത്തി. ജൂലൈ 7-ാം തീയതി ഉജ്ജെയിൻ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വടക്കേൽ പിതാവ് മാർ ജോസഫ് കുന്നത്ത് പിതാവിനോടൊപ്പം പാലാ മിഷൻ സന്ദർശിച്ചു. പാലാ രൂപതയിൽ നിന്നും ഫാ. ആൻഡ്രൂസ് വേങ്ങത്താനം, ഫാ. ഇമ്മാനുവേൽ പാറേക്കാട്ടിൽ, ഫാ. സ്കറിയാ മലമാക്കൽ, ഫാ. സിറിയക് പുത്തേട്ട് എന്നിവർ ഫെബ്രുവരി 15, 16 തീയതികളിൽ പാലാ മിഷൻ സന്ദർശിച്ചു. ജൂലൈ 23, 24 തീയതികളിൽ പാലാ രൂപതയിൽനിന്നും വെരി. റവ. ഫാ. ജേക്കബ് മുരിക്കൻ, ഫാ. ജോസ് ഏഴുപറയിൽ, ഫാ. ജോൺ പാളിത്തോട്ടം എന്നിവർ പാലാ മിഷൻ സന്ദർശിച്ചു. എല്ലാവർക്കും പ്രത്യേകം നന്ദി.

**8. അഭിനന്ദനങ്ങളും നന്ദിയും**

ഈ മാസങ്ങളിൽ പാലാ മിഷനുവേണ്ടി പ്രാർത്ഥിക്കുകയും സാമ്പത്തികസഹായങ്ങൾ നൽകിയ ഇടവകകൾക്കും സംഘടനകൾക്കും വ്യക്തികൾക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.






# വിശ്വാസപരിശീലനരംഗം

**1. അൽഫോൻസാ തീർത്ഥാടനം**

ജൂലൈ 17-ാം തീയതി വി. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിക്കുവാനായി കുഞ്ഞുമിഷനറിമാർ ഭരണങ്ങാനത്തേക്ക് അൽഫോൻസാ തീർത്ഥാടനം നടത്തി. ഇരുപതിനായിരത്തിലധികം കുട്ടികൾ തീർത്ഥാടനത്തിൽ പങ്കെടുത്തു. കൃത്യം 12 മണിക്ക് ഇടപ്പാടി കുരിശുപള്ളി ജംഗ്ഷനിൽ പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോസഫ് കൊല്ലംപറമ്പിൽ തീർത്ഥാടനം ഉദ്ഘാടനം ചെയ്തു. അമ്പാറ ദീപ്തിഭവൻ കോമ്പൗണ്ടിൽ എം.എസ്.ടി. വികാരി ജനറാൾ വെരി. റവ. ഫാ. ജയിംസ് അത്തിക്കളം തീർത്ഥാടനത്തിന് തുടക്കം കുറിച്ചു. രണ്ടു ദിക്കിൽനിന്നും തുടർച്ചയായി തീർത്ഥാടകരെത്തി. ഉച്ചകഴിഞ്ഞ് 2.30 ന് പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് തീർത്ഥാടനത്തിൽ പങ്കുചേർന്നു. വൈകുന്നേരം നാലുമണിക്ക് തീർത്ഥാടനം സമാപിച്ചു. തീർത്ഥാടനത്തിന് നേതൃത്വം നൽകിയവരും വേദി ഒരുക്കിയവരുമായ ബഹു. അച്ചന്മാർക്കും വിശ്വാസപരിശീലകർക്കും ത്യാഗപൂർവ്വം നല്ല വേഷവിധാനങ്ങളോടെ തീർത്ഥാടനത്തിൽ പങ്കെടുത്ത കുഞ്ഞുമിഷനറിമാർക്കും പ്രത്യേകം നന്ദി.

**2. സി.റ്റി.പി.**

ഓഗസ്റ്റ് 30-ാം തീയതി സി.റ്റി.പി. പുതിയ ബാച്ച് ഭരണങ്ങാനത്ത് ആരംഭിക്കുന്നു. ഇതുവരെ പാസാകാത്ത എല്ലാ അധ്യാപകരും ആഗസ്റ്റ് 20-നു മുമ്പ് നിശ്ചിത ഫോറത്തിൽ രജിസ്ട്രേഷൻ നടത്തുകയും ഫീസ് 1500 രൂപാ അടക്കുകയും ചെയ്യേണ്ടതാണ്. ആദ്യക്ലാസ്സുകൾ വിശ്വാസപരിശീലനകലണ്ടറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**3. XI, XII ക്ലാസ്സുകളിലെ അധ്യാപകർക്ക് പ്രത്യേക പരിശീലനം**

ഈ അധ്യയനവർഷം XI ൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകർക്കും ജൂലൈ 31 ഞായറാഴ്ച രാവിലെ 9.30 മുതലും, XII ൽ പഠിപ്പിക്കുന്നവർക്ക് ആഗസ്റ്റ് 21 ഞായറാഴ്ചയും പ്രത്യേക പരിശീലനം നൽകുന്നതാണ്. എല്ലാ അധ്യാപകരും പങ്കെടുക്കണം. രജിസ്ട്രേഷൻ ഫീസ് 70-രൂപാ.

## 4. XII -ാം ക്ലാസ്സിലെ കുട്ടികൾക്ക് പ്രത്യേക അവാർഡ്

സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മറ്റി ഈ വർഷം ഏറ്റം നന്നായി പ്രവർത്തിക്കുന്ന നാലു പേർക്ക് രൂപതാതലത്തിലും സഭാതലത്തിലും അവാർഡുകൾ നല്കുന്നതാണ്. ആയതിലേക്കുള്ള ഇടവകതലപ്രവേശനഫോറം എല്ലാ ഇടവകകളിലും എത്തിച്ചിട്ടുണ്ട്. വിദ്യാർത്ഥിയും അദ്ധ്യാപകനും ഡയറക്ടറച്ചനും ആ ഫോറത്തിന്റെ നിശ്ചിതഭാഗങ്ങൾ പൂരിപ്പിക്കണം. അതിൽ ഏറ്റം മുമ്പന്തിയിൽ വരുന്ന നാലുപേരെ (2 ആൺകുട്ടിയും 2 പെൺകുട്ടിയും) ഫൊറോനാതലത്തിൽ നടത്തുന്ന പരിശീലനത്തിന് പൂരിപ്പിച്ച ഫോറവുമായി അയയ്ക്കണം. അവിടെ നിന്ന് നാലുപേരെ വീതം കണ്ടെത്തി രൂപതാതല സെലക്ഷൻ ക്യാമ്പ് നടത്തും. രൂപതയിൽനിന്ന് നാലു പേരെ കണ്ടെത്തി സഭാതലക്യാമ്പിന് അയയ്ക്കും. ഇടവകതല സെലക്ഷൻ പൂർത്തിയാക്കുക. ഫൊറോനാതല സെലക്ഷനുള്ള ഏകദിന സെമിനാറിന്റെ തീയതികൾ ഉടനെ അറിയിക്കുന്നതാണ്. എല്ലാ ഇടവകകളിൽനിന്നും കുട്ടികളെ പറഞ്ഞയയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## 5. വിചിന്തനം ക്യാമ്പ്

ഒക്ടോബർ 8-ാം തീയതി നടത്തുന്നത് ഈ വർഷത്തെ അവസാനവിചിന്തനം ക്യാമ്പായിരിക്കും. ഇനിയും ഏതെങ്കിലും കാരണത്താൽ ആരെങ്കിലും പങ്കെടുക്കാനുണ്ടെങ്കിൽ പേരു രജിസ്റ്റർ ചെയ്യുക.

## 6. സന്ദർശനം

പ്രൊമോട്ടർമാർ വിശ്വാസപരിശീലനകേന്ദ്രങ്ങൾ സന്ദർശിക്കുവാൻ ആരംഭിച്ചിരിക്കുന്നു. എത്രയും പെട്ടെന്ന് സന്ദർശനം പൂർത്തിയാക്കാനാവശ്യമായ ക്രമീകരണങ്ങൾ ബഹു. അച്ചന്മാർ ചെയ്തുകൊടുക്കുമല്ലോ.

## 7. മിഷൻവർഷം

കുട്ടികളിൽ ദൈവവിളിയും പ്രേഷിതാഭിമുഖ്യവും വളർത്തുവാൻ പര്യാപ്തമായവിധം മിഷൻവർഷത്തോടനുബന്ധിച്ചുള്ള കർമ്മപരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ ഓരോ സൺഡേ സ്കൂളും പ്രത്യേകം ശ്രദ്ധ വയ്ക്കുമല്ലോ.

## 8. തിരുബാലസഖ്യം - ഈ വർഷം ചേർത്ത കുട്ടികളിൽ ലക്കി നമ്പർ സമ്മാനത്തിന് അർഹരായ കുട്ടികൾ. ആനിമേറ്റർമാർ ഓഫീസിൽ വന്ന് സമ്മാനങ്ങൾ കൈപ്പറ്റുമല്ലോ.

| No. | പേര് | ഇടവക |
|---|---|---|
| 9000 | തോമസ് മുത്തനാട്ട് | അയ്യമ്പാറ |
| 9100 | ജോർജ് തൊടുകയിൽ | മൂന്നാനി |
| 9200 | മേരി വേകത്താനത്ത് | ചെമ്മലമറ്റം |
| 9300 | മേരി മുട്ടപ്പള്ളിൽ | ചൂണ്ടച്ചേരി |
| 9400 | മറിയം ചിറ്റടിയിൽ | മാനത്തൂർ |
| 9500 | റോസ് വാതല്ലൂർ | കരൂർ |
| 9600 | ജിസ്ബിൻ മണിക്കൊമ്പിൽ | മണിയംകുന്ന് |
| 9700 | തോമസ് കരിശേരിൽ | കുടക്കച്ചിറ |
| 9800 | ട്രീസ എലിപ്പുലിക്കാട്ട് | ചക്കാമ്പുഴ |
| 9900 | മരിയ നാടൻതൊട്ടിയിൽ | സ്ലീവാപുരം |
| 10000 | മരിയ പീടികമലയിൽ | കാവുംകണ്ടം |
| 10100 | തോമസ് ഇളംതോട്ടം | തിടനാട് |
| 10200 | ജോൺ അമ്പാറയിൽ | മാന്നാർ |
| 10300 | കൊച്ചുത്രേസ്യാ കരിമാംതടത്തിൽ | പ്രവിത്താനം |
| 10400 | വർക്കി വെടിക്കുന്നേൽ | കടപ്ലാമറ്റം |
| 10500 | ജോസഫ് പെരുമണ്ണിൽ | പൂവരണി |
| 10600 | ജോസഫ് കുന്നുംപുറത്ത് | ഐങ്കൊമ്പ് |
| 10700 | ത്രേസ്യാ പാറയിൽ | ളാലം ഓൾഡ് |
| 10800 | കുര്യാക്കോസ് പുതുമനക്കുന്ന് | അമനകര |
| 10900 | ജോസഫ് പൊൻമലക്കുന്നേൽ | പൈക |
| 11000 | അന്ന മരിയ തോട്ടക്കര | വടകര |
| 11200 | മരിയ കൂട്ടിയാറ്റിക്കൽ | തീക്കോയി |
| 11300 | മരിയ പോണാട്ട് | പയസ്മൗണ്ട് |
| 11400 | റോസ് ഇഞ്ചയിൽ | വെള്ളികുളം |
| 11500 | എമ്മാനുവേൽ തറപ്പേൽ | കിഴപറയാർ |
| 11600 | എഡ്വിൻ വെട്ടിക്കാട്ടുപറമ്പിൽ | മണ്ണാറപ്പാറ |
| 11700 | മരിയ കുന്നക്കാട്ട് | കുറുമണ്ണ് |
| 11800 | ജോസഫ് കോട്ടയരികിൽ | നമ്പ്യാകുളം |

## 9. സമ്മാനാർഹർ

ജൂലൈ 17-ന് നടത്തിയ അൽഫോൻസാ തീർത്ഥാടനത്തിൽ പ്രാർത്ഥനാചൈതന്യം, അലങ്കാരം, ആനുപാതികമായി കുട്ടികളുടെ എണ്ണം എന്നിവ അടിസ്ഥാനമാക്കി ഏറ്റവും നല്ല തീർത്ഥാടനം നടത്തിയവരുടെ പേരു വിവരം താഴെ കൊടുക്കുന്നു. സമ്മാനങ്ങൾ ജനുവരി 26-ന് വാർഷികയോഗത്തിൽ നൽകപ്പെടും.

A വിഭാഗം - Ist വാരിയാനിക്കാട് IInd അരുണാപുരം
B വിഭാഗം - Ist കാഞ്ഞിരത്താനം IInd കുന്നോന്നി
C വിഭാഗം - Ist കോതനല്ലൂർ IInd തീക്കോയി, കുറവിലങ്ങാട്

## ലീജിയൻ ഓഫ് മേരി - ഏകദിനധ്യാനവും ആരാധനയും

ലീജിയൻ ഓഫ് മേരി കേരളാ സെനാത്തുസിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 11-ാം തീയതി വ്യാഴാഴ്ച കിഴതടിയൂർ സെന്റ് ജോസഫ്സ് പള്ളിയിൽ വച്ച് ഒരു ഏകദിന ധ്യാനവും ദിവ്യകാരുണ്യആരാധനയും നടത്തപ്പെടുന്നതാണ്. ലീജിയൺ ഓഫ് മേരി അംഗങ്ങൾക്കും മറ്റു മരിയഭക്തർക്കും പങ്കെടുക്കാം. റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ധ്യാനം നയിക്കും. ഉച്ചകഴിഞ്ഞ് 2 മണിക്ക് ആധ്യാത്മികനിയന്താവ് റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ വി. കുർബാനയർപ്പിക്കും.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ (ഡയറക്ടർ)**

# ഫാമിലി അപ്പസ്തോലേറ്റ്

**1. വിവാഹഒരുക്ക സെമിനാർ**

ജൂലൈ മാസത്തെ വിവാഹഒരുക്കസെമിനാറിൽ 200 പേർ പങ്കെടുത്തു; സർട്ടിഫിക്കറ്റ് നേടി.

ആഗസ്റ്റ് 8-10; 22-24 എന്നീ തീയതികളിൽ നടക്കുന്ന സെമിനാറിന്റെ ബുക്കിംഗ് തുടരുന്നു.

സെപ്റ്റംബർ 12-14; 26-28 തീയതികളിലെ കോഴ്സിന്റെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**2. 'പേരന്റ് മീറ്റ്'**

ജൂലൈ മാസത്തിലെ മാതാപിതാക്കളുടെ സംഗമത്തിൽ 320 പേർ സംബന്ധിച്ചു. റവ. ഫാ. മാത്യു അരഞ്ഞാണിയിൽ ഉദ്ഘാടനസന്ദേശം നൽകി. ഡോ. റോസിലിൻഡ് ക്ലാസ് നയിച്ചു. ഹൃദ്യമായ ഒരു അനുഭവമായി 'പേരന്റ് മീറ്റ്' കണ്ടു വരുന്നു.

**3. നേഴ്സിംഗ് പഠനം**

കേരളത്തിനു വെളിയിൽ ബി.എസ്.സി. നഴ്സിംഗ്പഠനത്തിന് ആഗ്രഹിച്ച കുട്ടികൾക്കായി വിവിധ കോളേജുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ പാലാ രൂപത ഫാമിലി അപ്പോസ്റ്റലേറ്റിൽ വച്ചു നടക്കുകയുണ്ടായി. അതനുസരിച്ചു അഡ്മിഷൻ നേടിയ കുട്ടികൾ ജൂലൈ 28 - 31 എന്നീ തീയതികളിലായി അവരവർ അഡ്മിഷൻ എടുത്ത സ്ഥാപനങ്ങളിലേക്ക് പോകുകയും ചെയ്തു.

**4. ഓറിയന്റേഷൻ പ്രോഗ്രാം**

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഒരു നൂതന സംരംഭമായി ഒരു ഓറിയന്റേഷൻ കോഴ്സ് നമ്മുടെ രൂപതയിൽ നിന്നും കേരളത്തിനു വെളിയിൽ നേഴ്സിംഗും മറ്റ് അതുപോലുള്ള ഏതെങ്കിലും കോഴ്സുകൾക്കുമായി പോകുന്ന എല്ലാ കുട്ടികൾക്കുമായി ജൂലൈ 22-23-24 തീയതികളിലായി അരുണാപുരത്തുള്ള പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കുകയുണ്ടായി. 200 കുട്ടികൾ ഇതിൽ സംബന്ധിച്ചു. തികച്ചും നല്ലൊരു ആത്മീയ ഉണർവ്വ് നേടുന്നതിന് ഈ കോഴ്സ് സഹായകമായി. രൂപതാ കെ.സി.എസ്.എൽ. ഡയറക്ടർ റവ. ഫാ. ജോസഫ് അരിമറ്റം ആണ് ഈ പ്രോഗ്രാം നയിച്ചത്.

## മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

മഡോണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടുത്ത ബാച്ച് ഹോംസയൻസ് ക്ലാസ്സുകൾ 2011 ജൂലൈ 4-ാം തീയതി ആരംഭിച്ചു. അതോടൊപ്പം തന്നെ എല്ലാ ദിവസവും തയ്യൽ പരിശീലനവും ആരംഭിച്ച് ആവശ്യമുള്ളവർക്കു ഡ്രസുകൾ തയ്ച്ചുകൊടുക്കുകയും ചെയ്യുന്നുണ്ട്.



# മാതൃജ്യോതി

**1. രൂപതാ എക്സിക്യൂട്ടീവ്**

രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ ഡയറക്ടർ റവ. ഫാ. ജോൺസൺ പുള്ളീറ്റിന്റെ നേതൃത്വത്തിൽ ഒരുമിച്ച് ചേർന്ന് ഭാവിപരിപാടികൾ ചർച്ച ചെയ്തു.

**2. അൽഫോൻസാ തീർത്ഥാടനം**

ജൂലൈ 8-ാം തീയതി പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിൽനിന്നും ആയിരത്തിൽപ്പരം മാതാക്കൾ ഭരണങ്ങാനത്ത് തീർത്ഥാടനമായി എത്തിച്ചേർന്നു. രാവിലെ 11.00 ന് ഡയറക്ടർ റവ. ഫാ. ജോൺസൺ പുള്ളീറ്റ് ആഘോഷമായ വി. കുർബാന അർപ്പിക്കുകയും ഭരണങ്ങാനം പള്ളി വികാരി റവ. ഫാ. ജോസ് അഞ്ചേരിൽ സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് കൊടികളും ബാനറുകളുമായി മാതൃജ്യോതിയംഗങ്ങൾ ഭക്തിനിർഭരമായ ജപമാലപ്രദക്ഷിണം നടത്തി. സ്നേഹവിരുന്നോടുകൂടി തീർത്ഥാടനത്തിന് സമാപനം കുറിച്ചു.

**3. മേഖലാസെമിനാർ**

മൂലമറ്റം ഫൊറോനായുടെ കീഴിലുള്ള എല്ലാ മാതൃജ്യോതി അംഗങ്ങൾക്കുമായി 'കുടുംബവും സൗഖ്യസംവിധാനങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി സി. മേരി ജയിൻ സെമിനാർ നയിച്ചു. തുടങ്ങനാട് മേഖലയിൽ ഫാ. ആൻഡ്രൂസ് വേങ്ങത്താനം ക്ലാസ് നയിച്ചു.

**4. മദർ തെരേസ ജീവകാരുണ്യഫണ്ട്**

കുറവിലങ്ങാട് യൂണിറ്റിൽനിന്നും നിർദ്ധനരായ രോഗികൾക്ക് ഫണ്ട് വിതരണം ചെയ്തു.

**5. അനുശോചനം രേഖപ്പെടുത്തി**

തോടനാൽ യൂണിറ്റിലെ മാതൃജ്യോതി അംഗമായ മേരി ഫിലിപ്പ് മറ്റത്തിന്റെ നിര്യാണത്തിൽ ഡയറക്ടർ റവ. ഫാ. ജോൺസൺ പുള്ളീറ്റിനൊപ്പം രൂപതാ-മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങൾ ഭവനത്തിലെത്തി അനുശോചനം രേഖപ്പെടുത്തി.

**6. ലൈബ്രറി ഉദ്ഘാടനം**

ജൂലൈ 9-ാം തീയതി കുറവിലങ്ങാട് യൂണിറ്റിലെ മാതാക്കളുടെ വായനാശീലത്തെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ഒരു ലൈബ്രറി ഉദ്ഘാടനം ചെയ്തു.

**7. കുന്നന്താനം പ്രത്യാശാഭവൻ സന്ദർശിച്ചു**

തുടങ്ങനാട് യൂണിറ്റിൽ നിന്നും മാതൃജ്യോതി അംഗങ്ങൾ പ്രത്യാശാഭവനത്തിലെത്തി ധനസഹായവും വസ്ത്രങ്ങളും നല്കി.

**8. കുട, യൂണിഫോം, ബാഗ് വിതരണം**

കുറവിലങ്ങാട് മാതൃജ്യോതി യൂണിറ്റ് നിർദ്ധനരായ സ്കൂൾ കുട്ടികൾക്ക് കുട വിതരണം ചെയ്തു. തുടങ്ങനാട് മാതൃജ്യോതി അംഗങ്ങൾ എൽ.പി. സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് യൂണിഫോം, ബാഗ്, കുട എന്നിവ വിതരണം ചെയ്തു.

**9. മാതൃസംഗമം**

കുറവിലങ്ങാട് മേഖലയിലും വയലാ യൂണിറ്റിലും മാതൃസംഗമം നടത്തി. ശ്രീമതി തങ്കമ്മ വീരാളക്കോട്ടിൽ വയലാ യൂണിറ്റിലെ മാതാക്കൾക്ക് ക്ലാസ് എടുത്തു.

**10. വൃദ്ധരെയും രോഗികളെയും സന്ദർശിച്ചു**

ജൂലൈ 24-ാം തീയതി വയലാ യൂണിറ്റിലെ മാതൃജ്യോതി അംഗങ്ങൾ വൃദ്ധരെയും രോഗികളെയും സന്ദർശിച്ച് സഹായങ്ങൾ നൽകി.

**11. സീറോ മലബാർ സഭ വനിതാഫോറത്തിൽ പങ്കെടുത്തു**

ജൂലൈ 9, 10 തീയതികളിൽ എറണാകുളം റിന്യൂവൽ സെന്ററിൽ നടന്ന സീറോ മലബാർസഭ വനിതാ ഫോറത്തിന്റെ മീറ്റിംഗിൽ രൂപതാ ജോ. ഡയറക്ടർ സി. ജോസി മരിയ തോലാനിക്കലും ജോ. സെക്രട്ടറി സിജി ലുക്സണും പങ്കുചേർന്നു.

# ഹോംമിഷൻ

**1. പാലക്കാട്ടുമല ഇടവക**

2011 ജൂൺ 26 ഞായറാഴ്ച ബഹു. ഡയറക്ടറച്ചൻ റവ. ഫാ. ജോൺസൺ പുള്ളീറ്റ് പാലക്കാട്ടുമല ഇടവകയിൽ എത്തുകയും എല്ലാ ദിവ്യബലിയിലും ആ ഇടവകയിൽ ആരംഭിക്കുന്ന ഹോംമിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

**2. ഹോംമിഷൻ - ഓറിയന്റേഷൻ പ്രോഗ്രാം**

2011 ജൂലൈ 4, 5, 6 തീയതികളിലായി അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ഓറിയന്റേഷൻ പ്രോഗ്രാം നടന്നു. 4-ാം തീയതി രാവിലെ 9.30 ന് പാലാ രൂപതാ പാസ്റ്ററൽ കോ-ഓർഡിനേറ്റർ വെരി. റവ. ഫാ. ജേക്കബ് മുരിക്കൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. തൃശൂർ ഹോളിഫാമിലി സിസ്റ്റേഴ്സാണ് നേതൃത്വം വഹിച്ചിരുന്നത്. എന്താണ് കൗൺസിലിംഗ് Counselling skills Techniques, കുടുംബം നേരിടുന്ന പ്രശ്നങ്ങൾ, സ്ത്രീപുരുഷമന:ശാസ്ത്രം, Upnormal Psychology ക്ലാസ്സുകളെടുത്തു. റവ. ഫാ. വർഗീസ് പുളിക്കൽ (എറണാകുളം) Youth Animation നെക്കുറിച്ചും ക്ലാസ്സെടുത്തു.

6-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 ന് സമാപനസമ്മേളനം ആയിരുന്നു. അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് അധ്യക്ഷം വഹിച്ച ഈ സമ്മേളനത്തിൽ ഹോം മിഷന്റെ ഇന്നത്തെ ആവശ്യകതയെക്കുറിച്ച് പിതാവ് സംസാരിച്ചു. ഹോംമിഷൻ ടീം സിസ്റ്റേഴ്സ് എല്ലാവരും ഈ പ്രോഗ്രാമിൽ സജീവമായി പങ്കെടുത്തു.

**3. ഹോംമിഷൻ - പാലക്കാട്ടുമല ഇടവക**

ജൂലൈ 10-ന് ഹോംമിഷൻ നടത്തുവാനായി ആ ഇടവകാലീഡറായ സി. കരോളിന്റെ നേതൃത്വത്തിൽ 17 സിസ്റ്റേഴ്സ് എത്തിച്ചേർന്നു. 5 മണിക്ക് ബഹു. വികാരിയച്ചൻ റവ. ഫാ. അബ്രാഹം പേഴുംകാട്ടിലിന്റെ നേതൃത്വത്തിൽ സമ്മേളിച്ച് ഹോംമിഷൻ പ്രവർത്തനം ചർച്ച ചെയ്തു. ഏകദേശം 1 മണിക്കൂർ ഇടവകയെ സമർപ്പിച്ച് പ്രാർത്ഥിച്ചു.



**4. സമാപനം**

ജൂലൈ 15-ന് ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് തീർന്നു. 16-ന് രാവിലെ ദിവ്യബലിക്കുശേഷം സിസ്റ്റേഴ്സ് സ്വഭവനങ്ങളിലേയ്ക്ക് മടങ്ങി.

**5. ഇളന്തോട്ടം ഇടവക**

ജൂലൈ 31-ന് ഇളന്തോട്ടം ഇടവകയിൽ ഹോംമിഷൻ ആരംഭിക്കുന്നതാണ്.

# പ്രോ-ലൈഫ്

**1. നവസംരംഭം**

നമ്മുടെ രൂപതയിലെ ഇടവകകളിൽ നിന്നും 1995 നുശേഷം വിവാഹിതരായവരും നാലു കുട്ടികളിൽ കൂടുതലുള്ളവരുമായ മാതാപിതാക്കളുടെ ഒരു സംഗമത്തിന് പ്രോ-ലൈഫ് കളമൊരുക്കുന്നു.

**ഫാ. ജോൺസൺ പുള്ളീറ്റ് (ഡയറക്ടർ)**

# സുവിശേഷവത്കരണം

**1. ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന**

ജൂലൈ മാസം 1, 8, 15, 22 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നയിച്ചു.

**2. ജയിൽ മിനിസ്ട്രി**

ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ പാലാ അഡാർട്ടുമായി ചേർന്ന് ഈ മാസം 9-ാം തീയതി ശനിയാഴ്ച 3 മണി മുതൽ ജയിൽ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ഫാ. മാത്യു മതിലകത്ത് വചനം പങ്കുവച്ചു. സെന്റ് മേരീസിലെ കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, തങ്കച്ചൻ ശ്രാമ്പിക്കൽ, സി. ലിസ്യൂ റോസ് തുടങ്ങിയവർ നേതൃത്വം നൽകി.

**3. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന ജയിൽ, കോളനി, ആശുപത്രി, മദ്യപാനത്തിനെതിരെയുള്ള മധ്യസ്ഥപ്രാർത്ഥന ആത്മഹത്യയ്ക്ക് എതിരെയുള്ള മിനിസ്ട്രി ഇവയിൽ പ്രവർത്തിക്കുന്നവർ ഈ മാസം 16-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ഷാലോമിൽ ഒന്നിച്ചുകൂടി കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങളെപ്പറ്റി ആലോചിക്കുകയും ചെയ്തു. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ജോയി നെല്ലിയേക്കുന്നേൽ, ആലീസ് കട്ടക്കയം തുടങ്ങിയവർ നേതൃത്വം നൽകി.

ഈ മാസം 15-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് അഭിവന്ദ്യ പിതാവിന്റെ അദ്ധ്യക്ഷതയിൽ ബിഷപ് ഹൗസിൽ യോഗം ചേർന്ന് 28-ാമത് ബൈബിൾ കൺവൻഷനെപ്പറ്റി വിലയിരുത്തി കണക്കുകൾ അവതരിപ്പിച്ചു. 29-ാമതു ബൈബിൾ കൺവൻഷനെപ്പറ്റി ആലോചിക്കുകയും ബജറ്റ് അവതരിപ്പിക്കുകയും ചെയ്തു. ഏകദേശം 110 പേരോളം ഇതിൽ പങ്കെടുത്തു.

### 4. കുടുംബകൂട്ടായ്മാ റിപ്പോർട്ട്

കുടുംബകൂട്ടായ്മാ റിസോഴ്സ് ടീം മീറ്റ് ജൂലൈ 5-ാം തീയതി ചൊവ്വാഴ്ച ഡയറക്ടർ ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നിവരുടെ സാന്നിധ്യത്തിൽ കൂടി. ജൂൺ 6-ാം തീയതി നടന്ന കുടുംബകൂട്ടായ്മാ രൂപതാ സംഗമത്തെപ്പറ്റി ചർച്ച ചെയ്തു. മുൻവർഷങ്ങളേക്കാൾ ആളുകളുടെ പങ്കാളിത്തം കൂടുതലുണ്ടായിരുന്നു. ഫൊറോനാഅടിസ്ഥാനത്തിൽ കുടുംബകൂട്ടായ്മാ ലീഡേഴ്സിന് ക്ലാസ് നടത്തണമെന്ന് തീരുമാനിച്ചു. ഇ.എം. ദേവസ്യാ, തോമസ് വടക്കേൽ, ടി.കെ. ജോസഫ് തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി.

രണ്ടു ബാച്ചുകളിലായി നടന്ന കുടുംബകൂട്ടായ്മാ ലീഡേഴ്സ് ക്യാമ്പിൽ പങ്കെടുത്ത പാലാ, ഭരണങ്ങാനം, ചേർപ്പുങ്കൽ, കുറവിലങ്ങാട്, രാമപുരം എന്നീ ഫൊറോനാകളിലെ അംഗങ്ങളുടെ ഒരു കൂട്ടായ്മ ജൂലൈ 9-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തി. 10 മണിക്ക് ആരംഭിച്ച ജപമാല പ്രാർത്ഥനയ്ക്കുശേഷം ഡയറക്ടർ ഫാ. ജോസഫ് ശ്രാമ്പിക്കൽ യോഗോദ്ദേശ്യം വിശദീകരിച്ച് സ്വാഗതം ആശംസിച്ചു. പങ്കെടുത്തവർ കുടുംബകൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും ലീഡേഴ്സ് സംഗമത്തെപ്പറ്റിയുമുള്ള അഭിപ്രായങ്ങൾ പങ്കുവച്ചു. ദൈവവചനം പങ്കുവയ്ക്കുന്ന സപ്തതലരീതി പരിശീലിപ്പിക്കുകയും ചെയ്തു.

അടിവാരം പള്ളി വികാരി ഫാ. സ്കറിയാ വേകത്താനം കുടുംബകൂട്ടായ്മകളുടെ ആവശ്യകത, രൂപീകരണം, നടത്തിപ്പ് എന്നിവയെ സംബന്ധിച്ച് വിശദമായി ക്ലാസ്സെടുത്തു.

റ്റി.കെ. ജോസഫ്, പി.പി. തോമസ്, ജോസഫ് മുകളേൽ, സെബാസ്റ്റ്യൻ പൈലി തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തു.

# കരിസ്മാറ്റിക് പ്രോഗ്രാമുകൾ

### 1. കരിസ്മാറ്റിക് ദിനം

ജൂലൈ 2-ാം തീയതി ആദ്യശനിയാഴ്ച പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കരിസ്മാറ്റിക് ദിനം ആചരിച്ചു. തദവസരത്തിൽ ഫാ. ജോസഫ് കുമ്മിണിയിൽ വചനസന്ദേശം നല്കുകയുണ്ടായി. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഫാ. കുര്യൻ മറ്റം, ബാബു ജോർജ് തട്ടാംപറമ്പിൽ എന്നിവർ നേതൃത്വം നല്കി.



### 2. മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി

മദ്ധ്യസ്ഥപ്രാർത്ഥനാമിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തിങ്കൾ മുതൽ ശനി വരെ എല്ലാ ദിവസവും ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നുണ്ട്.

### 3. കപ്പിൾസ് മിനിസ്ട്രി

കപ്പിൾസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ പഴയ സർവ്വീസ് ടീമും പുതിയ സർവ്വീസ് ടീമും സംയുക്തമായി കൂടുകയും കോർഡിനേറ്റർ പാനലിലേക്ക് ആളുകളെ കണ്ടെത്തുകയും ചെയ്തു.

### 4. കുടുംബവിശുദ്ധീകരണവർഷം (ബേത്ശാലോം 2011)

കുടുംബവിശുദ്ധീകരണവർഷം പ്രമാണിച്ചുള്ള ബേത്ശാലോം 2011 ന്റെ പ്രോഗ്രാമിനെക്കുറിച്ച് ചിന്തിക്കുവാനും തീരുമാനങ്ങൾ എടുക്കുവാനും ബഹു. കെ.എസ്.ടി. ചെയർമാന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഭവനസന്ദർശനം, കുടുംബകൺവൻഷനോടനുബന്ധിച്ചുള്ള കൂപ്പൺ വിതരണം, മദ്ധ്യസ്ഥപ്രാർത്ഥന, ഭരണങ്ങാനം അൽഫോൻസാ ചാപ്പലിൽ ജൂലൈ 28 മുതൽ ഡിസംബർ 28 വരെ എല്ലാ ദിവസവും ദമ്പതികൾ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുവാനും തീരുമാനിച്ചു.

### 5. രാത്രി ആരാധന

ജൂലൈ 30-ാം തീയതി ശനിയാഴ്ച വൈകിട്ട് 6 മുതൽ 31-ാം തീയതി ഞായറാഴ്ച രാവിലെ 6 മണി വരെ ഭരണങ്ങാനം അൽഫോൻസാ ചാപ്പലിൽ രാത്രി ആരാധന നടത്തി. ബ്രദർ ഉണ്ണി കുമളി വചനപ്രഘോഷണം നടത്തി. ഫാ. ജോസഫ് ശ്രാമ്പിക്കൽ, ബാബു തട്ടാംപറമ്പിൽ, ടോമി ആട്ടപ്പാട്ട്, സാബു കോഴിക്കോട്ട്, മാത്യു കല്ലേപ്ലാക്കൽ എന്നിവർ നേതൃത്വം നല്കി.

### 6. വചനദീപ്തി - തുടർച്ചാധ്യാനം

**കവീക്കുന്ന് പള്ളി**

ജൂലൈ മാസം 1-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചാധ്യാനം നടത്തി. ടോമി ആട്ടപ്പാട്ട് നയിച്ചു.

**ഇടമറുക് പള്ളി**

ജൂലൈ മാസം 1-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചാധ്യാനം നടത്തി. ബാബു ജോർജ് തട്ടാംപറമ്പിൽ നയിച്ചു.

**ഉള്ളനാട് പള്ളി**

ജൂലൈ മാസം 2-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെ വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചാധ്യാനം നടത്തി. ബെന്നി പാലിയിൽ നയിച്ചു.

**വേഴാങ്ങാനം പള്ളി**

ജൂലൈ മാസം 13-ാം തീയതി ബുധനാഴ്ച വൈകുന്നേരം 5.00 മുതൽ 8.00 വരെ വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചാധ്യാനം നടത്തി. സണ്ണി വാഴയിൽ നയിച്ചു.

**ചൂണ്ടച്ചേരി പള്ളി**

ജൂലൈ മാസം 10-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00 വരെ വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചാധ്യാനം നടത്തി. മാത്യു കല്ലേപ്ലാക്കൽ നയിച്ചു.

**വേലനിലം പള്ളി**

ജൂലൈ മാസം 7-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00 വരെ വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചാധ്യാനം നടത്തി. സാബു കോഴിക്കോട്ട് നയിച്ചു.

**ഫാ. ജോസഫ് ശ്രാമ്പിക്കൽ (ഡയറക്ടർ)**

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (അസി. ഡയറക്ടർ)**

# ജീസ്സസ് യൂത്ത്

## 1. മൂന്നാം ശനിയാഴ്ച കൂട്ടായ്മ

ജൂലൈ 16-ാം തീയതി ശനിയാഴ്ച വൈകുന്നേരം 5.30 മുതൽ 10.00 വരെ ബഹു. കുര്യൻ മറ്റത്തിലച്ചന്റെ നേതൃത്വത്തിൽ ഭരണങ്ങാനം അസ്സീസിയിൽ വച്ച് ടീൻസ്, ക്യാമ്പസ് ജീസസ് യൂത്തുകൾ ഒരുമിച്ചു കൂടുന്ന മൂന്നാം ശനിയാഴ്ചക്കൂട്ടായ്മ നടന്നു. വിവിധ കോളജുകളിൽ നിന്നും സ്കൂളുകളിൽനിന്നുമായി അനേകം കുട്ടികൾ പങ്കെടുത്തു.

## 2. ക്യാമ്പസ് സർവ്വീസ് ടീം

പാലാ സോണിലെ ക്യാമ്പസുകളിൽ ദൈവരാജ്യം വളർത്തുക എന്ന ലക്ഷ്യത്തോടെ സിറിൾ രാമപുരം കോർഡിനേറ്ററായുള്ള ക്യാമ്പസ് സർവ്വീസ് ടീം രൂപം കൊണ്ടു. അവർക്കുവേണ്ടിയുള്ള അഭിഷേകപ്രാർത്ഥനകൾ ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ നടന്നു. ഓറിയന്റേഷൻ ക്ലാസ്സുകൾക്ക് ഫാ. കുര്യൻ മറ്റം നേതൃത്വം കൊടുത്തു.

## 3. ടീൻസ് സർവ്വീസ് ടീം

പാലാ സോണിലെ ടീനേജ് കുട്ടികളിൽ കർത്താവിന്റെ സ്നേഹം പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ റിസ്വിൻ കോർഡിനേറ്ററായുള്ള ടീൻസ് സർവ്വീസ് ടീം രൂപംകൊണ്ടു. അവർക്കുവേണ്ടിയുള്ള അഭിഷേകപ്രാർത്ഥനകളും ഓറിയന്റേഷൻ ക്ലാസ്സുകളും ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ ഫാ. കുര്യൻ മറ്റത്തിന്റെ നേതൃത്വത്തിൽ നടന്നു.

## 5. SANCTITAS -2011(വിശുദ്ധീകരണകൂട്ടായ്മ)

പാലാ സോൺ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 4 മുതൽ 8 വരെ സെന്റ് തോമസ് കോളജിൽ വച്ച് 'സാൻക്ത്തിത്താസ് - 2011' എന്ന പേരിൽ യുവജനനവീകരണപ്രോഗ്രാം നടത്തുന്നതാണ്. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്ന ഈ യുവജനപവർ കോൺഗ്രസിന് റവ.ഫാ. തോമസ് കാഞ്ഞിരക്കോണം OFM (Cap) റവ. ഫാ. ഷിജോ കുര്യൻ OFM (Cap) റവ. ഫാ. ജോസ് അഞ്ചാനി (കെ.എസ്.ടി. ചെയർമാൻ) റവ. ഫാ. തോമസ് മണ്ണൂർ, റവ. ഫാ. ജോസഫ് ശ്രാമ്പിക്കൽ, റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഡോ. ജോൺ ഡി. കൊല്ലം, സുനിൽ കോതമംഗലം, ശശി ഇമ്മാനുവേൽ, ഫാ. കുര്യൻ മറ്റം എന്നിവർ നേതൃത്വം നല്കും.

**ഫാ. കുര്യൻ മറ്റം (ഡയറക്ടർ)**

# കെ.സി.വൈ.എം.

## 1. കരിയർ ഗൈഡൻസ് സെമിനാർ

കെ.സി.വൈ.എം. പാലാ രൂപതയുടെയും മേഖലയുടെയും സംയുക്താഭിമുഖ്യത്തിൽ മൊണാർക്ക് കരിയർ ഗൈഡൻസിയുടെ സഹകരണത്തോടെ പാലാ ളാലം പള്ളി പാരീഷ് ഹാളിൽ വച്ച് കരിയർ ഗൈഡൻസ് സെമിനാർ നടന്നു. രൂപതാ പ്രസിഡന്റ് സിജു കണ്ണംതറപ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം വികാരി ജനറൽ റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ ഉദ്ഘാടനം ചെയ്തു. പ്രസ്തുത യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരിൽ, അസി. ഡയറക്ടർ ഫാ. ജോസഫ് വാട്ടപ്പള്ളിൽ, മേഖലാ ഡയറക്ടർ ഫാ. ജോസഫ് മേയിക്കൽ, മേഖലാപ്രസിഡന്റ് സാജു തെക്കേഅറയ്ക്കൽ, വൈസ് പ്രസിഡന്റ് ശില്പ വെട്ടത്ത് എന്നിവർ പ്രസംഗിച്ചു. ക്ലാസുകൾ അവൈഡ് ഇന്റർനാഷണൽ ഡയറക്ടർ മുറേയ് വാട്സൺ നയിച്ചു. പരിപാടികൾക്ക് ഫാ. ജോൺ മറ്റമുണ്ടയിൽ, സി. ധന്യ ഡി.എസ്.ടി., പ്രദിഷ് നിലത്തുമുക്കിൽ, ആശ മച്ചിയിൽ, ജോസൻ പേഴുംകാട്ടിൽ, ജോസ്മി വാഴേക്കാട്ട്, സാജു മൊണാർക്ക് തുടങ്ങിയവർ നേതൃത്വം നല്കി.

## 2. യുവജനദിനാഘോഷവും സൗഹൃദസമാധാനറാലിയും

യുവജനദിനത്തോടനുബന്ധിച്ച് അക്രമരാഷ്ട്രീയത്തിനും, ഭീകരവാദത്തിനും വർഗ്ഗീയതയ്ക്കുമെതിരെ കെ.സി.വൈ.എം. പാലാ രൂപത സൗഹൃദസമാധാനറാലി നടത്തി. ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ അസി. ഡയറക്ടർ ഫാ.ജോസഫ് വാട്ടപ്പള്ളി, പ്രസിഡന്റ് സിജു കണ്ണംതറപ്പിലിന് കെ.സി.വൈ.എം. പതാക കൈമാറി റാലി ഫ്ളാഗ് ഓഫ് ചെയ്തു. കുരിശുപള്ളി ജംഗ്ഷനിൽ കൂടിയ സമാപനയോഗത്തിൽ പാലാ രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സന്ദേശം നൽകുകയും സമാധാനത്തിന്റെ അടയാളമായ വെള്ളരിപ്രാവുകളെ ആകാശത്തേക്ക് പറത്തിവിടുകയും ചെയ്തു. രൂപതാ പ്രസിഡന്റ് സിജു കണ്ണംതറപ്പിൽ സമാധാനപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. കെ.സി. വൈ.എം. പ്രവർത്തകർ ചുവപ്പ്, മഞ്ഞ, വെള്ള തുടങ്ങിയ നിറങ്ങളിൽ ഉള്ള ഹൈഡ്രജൻ ബലൂണുകൾ ആകാശത്തേയ്ക്ക് ഉയർത്തിവിട്ടു. പരിപാടികൾക്ക് ഫാ.

ജോസഫ് ആലഞ്ചേരി, ഫാ. ജോസഫ് വാട്ടപ്പള്ളിൽ, സി. ധന്യ ഡി.എസ്.ടി., സി. ജാസ്മിൻ എഫ്.സി.സി., ജോസൻ പേഴുംകാട്ടിൽ, പ്രദിഷ് നിലത്തുമുക്കിൽ, ആശ മച്ചിയിൽ, ജോസ്മി വാഴേക്കാട്ട്, അഖിൽ കുമാരമംഗലം, അരുൺ വട്ടത്തോട്, മുൻ രൂപതാ ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കി.

### 3. വിശ്വദർശൻ 2011

കെ.സി.വൈ.എം. സംസ്ഥാനസമിതി രൂപതകളിൽ സംഘടിപ്പിക്കുന്ന വിശ്വദർശൻ 2011 സംസ്ഥാനക്യാമ്പ് തീക്കോയി മേഖലയുടെ ആതിഥേയത്വത്തിൽ തീക്കോയി യൂണിറ്റിൽ വച്ച് ആഗസ്റ്റ് 12, 13, 14 തീയതികളിൽ സംഘടിപ്പിക്കുന്നു. ഒരു യൂണിറ്റിൽ നിന്ന് 2 പേരെ പറഞ്ഞ് അയയ്ക്കാൻ ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്മാർ ശ്രദ്ധിക്കണമെന്ന് താൽപര്യപ്പെടുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### 4. Y.A.T.P.

കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന യൂത്ത് ആനിമേറ്റേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം ജൂലൈ 8, 9 തീയതികളിൽപാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു.

### 5. അർദ്ധവാർഷികകൗൺസിൽ

"ക്രിസ്തീയയുവത്വം വിശ്വസാഹോദര്യത്തിന്" എന്ന പഠനവിഷയത്തെ ആസ്പദമാക്കിയുള്ള കെ.സി.വൈ.എം. 2011 വർഷത്തെ അർദ്ധവാർഷികകൗൺസിൽ ജൂലൈ 24-ാം തീയതി ശാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നു.

### 6. വനിതാക്യാമ്പ്

കെ.സി.വൈ.എം. സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ നടത്തിയ വനിതാ ക്യാമ്പിൽ പാലാ രൂപതയിൽ നിന്നും 5 പേർ പങ്കെടുത്തു.

### 7. സിബിഗിരി യൂണിറ്റ്

കെ.സി.വൈ.എം. സിബിഗിരി യൂണിറ്റ് ഉദ്ഘാടനം ജൂലൈ 3-ാം തീയതി സിബിഗിരിയിൽ വച്ച് നടത്തപ്പെട്ടു. യൂണിറ്റ് പ്രസിഡന്റ് ബിബിൻ ഒറ്റത്തെങ്ങുങ്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. ഫാ. സെബാസ്റ്റ്യൻ എട്ടുപറ, രൂപതാ പ്രസിഡന്റ് സിജു കണ്ണംതറപ്പിൽ, വൈസ്പ്രസിഡന്റ് ശില്പ വെട്ടത്ത്, ജനറൽ സെക്രട്ടറി ജോസൻ പേഴുംകാട്ടിൽ എന്നിവർ പ്രസംഗിച്ചു. കെ.സി.വൈ.എം. ചരിത്രം അടങ്ങിയ വീഡിയോ പ്രദർശനം നടന്നു.

### 8. രാമപുരം മേഖല

കെ.സി.വൈ.എം. രാമപുരം മേഖലയുടെ നേതൃത്വത്തിൽ മേഖലയൂണിറ്റുകൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് മേഖലാ കൺവൻഷൻ നടത്തി. കൺവൻഷനിൽ രാമപുരം മേഖല രക്ഷാധികാരി റവ. ഫാ. ജോർജ് ഞാറക്കുന്നേൽ അദ്ധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി അദ്ധ്യക്ഷനായിരുന്നു.



യൂണിറ്റ് പ്രസിഡന്റ് ജോമോൻ തുണ്ടത്തിൽ, ഫാ. മാത്യു അമ്മോട്ടുകുന്നേൽ, രൂപതാ പ്രസിഡന്റ് സിജു കണ്ണംതറപ്പിൽ, ജനറൽ സെക്രട്ടറി ജോസൻ പേഴുംകാട്ടിൽ എന്നിവർ പ്രസംഗിച്ചു. കെ.സി.വൈ.എം. ചരിത്രം വീഡിയോ പ്രദർശനം നടന്നു. പരിപാടികൾക്ക് രാമപുരം യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നല്കി.

### 9. ഐങ്കൊമ്പ് യൂണിറ്റ്

കെ.സി.വൈ.എം. ഐങ്കൊമ്പ് യൂണിറ്റ് 3-ാം വർഷാഘോഷം ഉദ്ഘാടനം രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി നിർവ്വഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് മുണ്ടയ്ക്കൽ, ജോ. ഡയറക്ടർ സി. മരിയ ഫ്രാൻസീസ്, രൂപതാ പ്രസിഡന്റ് സിജു കണ്ണംതറപ്പിൽ എന്നിവർ പ്രസംഗിച്ചു. യൂണിറ്റ് അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

### 10. അന്ത്യാളം യൂണിറ്റ്

കെ.സി.വൈ.എം. അന്ത്യാളം യൂണിറ്റ് യുവജനദിനാഘോഷം കരിയർ ഗൈഡൻസ് ക്ലാസ് നടന്നു. യുവജനദിനാഘോഷം രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് മലയിൽ, മുൻ കെ.സി.വൈ.എം. സംസ്ഥാനപ്രസിഡന്റ് സാജു അലക്സ് തെങ്ങുംപള്ളികുന്നേൽ, യൂണിറ്റ് പ്രസിഡന്റ് ജോബിൻ ജോസഫ്, രൂപതാ വൈസ്പ്രസിഡന്റ് പ്രദീഷ് നീലത്തുമുക്കിൽ എന്നിവർ പ്രസംഗിച്ചു. കരിയർ ഗൈഡൻസ് ക്ലാസ്സുകൾ മുൻ കെ.സി.വൈ.എം. സംസ്ഥാനപ്രസിഡന്റ് ദീപക് ചേർക്കോട്ട് നയിച്ചു. പരിപാടികൾക്ക് യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നല്കി.

### 11. ചെമ്മലമറ്റം യൂണിറ്റ്

കെ.സി.വൈ.എം. ചെമ്മലമറ്റം യൂണിറ്റ് യുവജനദിനാഘോഷം ഉദ്ഘാടനം രൂപതാ ജനറൽ സെക്രട്ടറി ജോസൻ പേഴുംകാട്ടിൽ നിർവ്വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് റോബിൻ അദ്ധ്യക്ഷനായിരുന്നു. യൂണിറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കുമ്പുളുംമൂട്ടിൽ, യൂണിറ്റ് ജോ. ഡയറക്ടർ സി. ലീന എഫ്.സി.സി. എന്നിവർ പ്രസംഗിച്ചു. ക്ലാസ്സുകൾ ജോസൻ പേഴുംകാട്ടിൽ നയിച്ചു.

### 12. കുണിഞ്ഞി യൂണിറ്റ്

കെ.സി.വൈ.എം. കുണിഞ്ഞി യൂണിറ്റ് യുവജനദിനാഘോഷവും ക്ലാസ്സുകളും നടത്തപ്പെട്ടു. ക്ലാസ്സുകൾക്ക് ഫാ. ജോസഫ് ആലഞ്ചേരി, ജോസൻ പേഴുംകാട്ടിൽ എന്നിവർ നയിച്ചു. ഫാ. തോമസ് മേനാച്ചേരി, രൂപതാ വൈസ്പ്രസിഡന്റ് പ്രദിഷ് നീലത്തുമുക്കിൽ എന്നിവർ പ്രസംഗിച്ചു. പരിപാടികൾക്ക് യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നല്കി.

### 13. മൂന്നാനി യൂണിറ്റ്

കെ.സി.വൈ.എം. മൂന്നാനി യൂണിറ്റ് യുവജനദിനാഘോഷവും സീനിയർ മെമ്പേഴ്സിന് മെമെന്റോ നൽകുന്ന ചടങ്ങും നടന്നു. പരിപാടികൾക്ക് ഫാ. തോമസ് പനയ്ക്കക്കുഴി, ഫാ. ജോസഫ് ആലഞ്ചേരി, സിറിൾ, പ്രദീഷ് നീലത്തുമുക്കിൽ, ജോസൻ പേഴുംകാട്ടിൽ എന്നിവർ സന്നിഹിതരായിരുന്നു.

## 14. കുറവിലങ്ങാട് മേഖല

**ഭൂമിക്ക് കുടയൊരുക്കി കെ.സി.വൈ.എം.**

ആഗോളതാപനത്തിനു മറുപടിയായി ഭൂമിയെ കുട ചൂടിച്ച് കെ.സി.വൈ.എം. കുറവിലങ്ങാട് മേഖല മാതൃകയായി. എം.സി. റോഡിൽ കോഴാ ജംഗ്ഷൻ മുതൽ സെന്റ് ജോസഫ് കപ്പേള ജംഗ്ഷൻ വരെ തണൽമരങ്ങൾ നട്ടാണ് യുവജനങ്ങൾ നാടിനു മാതൃകയായത്.

തണൽമരങ്ങൾ നട്ട് മോൻസ് ജോസഫ് എം.എൽ.എ. പദ്ധതി ഉദ്ഘാടനം ചെയ്തു. ഫൊറോനാവികാരിയും രക്ഷാധികാരിയുമായ റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ അദ്ധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരിൽ, മേഖല ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ, മേഖലാ പ്രസിഡന്റ് ബിജുമോൻ മൂന്നു തൊട്ടിയിൽ, അജോ അറയ്ക്കൽ, അരുൺ വട്ടത്തോട്ടത്തിൽ, പ്രദീഷ് കുര്യാക്കോസ്, ശില്പ വെട്ടത്ത്, ജോസ്മി വാഴപ്പറമ്പിൽ, ജേക്കബ് ചാലിശേരിൽ എന്നിവർ പ്രസംഗിച്ചു. ഷിജോ ചെന്നേലിൽ, ജിനു തെക്കേപ്പാട്ടത്തേൽ, ഫിലിപ്പ് ആണ്ടാശ്ശേരിൽ എന്നിവർ നേതൃത്വം നല്കി.

**കുറവിലങ്ങാട് മേഖല അർദ്ധവാർഷികകൗൺസിൽ**

കെ.സി.വൈ.എം. കുറവിലങ്ങാട് മേഖല അർദ്ധവാർഷികകൗൺസിൽ ജൂലൈ 17-ാം തീയതി നടന്നു. മേഖല ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ, ജോ. ഡയറക്ടർ സി. വിൻസി സി.എം.സി., മേഖലാ പ്രസിഡന്റ് ബിജുമോൻ മൂന്നു തൊട്ടിയിൽ എന്നിവർ പങ്കെടുത്തു. യൂണിറ്റുകളുടെ അർദ്ധവാർഷികറിപ്പോർട്ട് അവതരണം നടന്നു.

**കുറവിലങ്ങാട് മേഖല - നോട്ടു ബുക്ക് വിതരണം**

കെ.സി.വൈ.എം. കുറവിലങ്ങാട് മേഖലയുടെ നേതൃത്വത്തിൽ 100 വിദ്യാർത്ഥികൾക്ക് ആവശ്യമായ നോട്ടുബുക്കുകൾ വിതരണം ചെയ്തു. നോട്ടുബുക്കുകളുടെ വിതരണോദ്ഘാടനം മേഖലാ രക്ഷാധികാരി റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ നിർവ്വഹിച്ചു. മേഖലാപ്രസിഡന്റ് ബിജുമോൻ മൂന്നുതൊട്ടിയിൽ അദ്ധ്യക്ഷത വഹിച്ചു. അജോ അറയ്ക്കൽ, അരുൺ വട്ടത്തോട്ടത്തിൽ, സിജു കണ്ണംതറപ്പിൽ, സിസ്റ്റർ ഡോ. വിൻസി സി.എം.സി., ജേക്കബ് ചാലശേരിൽ, റിബിൻ അരഞ്ഞാണിയിൽ എന്നിവർ നേതൃത്വം നല്കി.

**കുറവിലങ്ങാട് യൂണിറ്റ് - പച്ചക്കറി വിത്ത് വിതരണം**

ഓണത്തിന് ആവശ്യമായ പച്ചക്കറികൾ സ്വയം വീട്ടിൽ ഉൽപാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ യൂണിറ്റംഗങ്ങൾക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ വിതരണോദ്ഘാടനം ചെയ്തു. റിബിൻ അരഞ്ഞാണിയിൽ അദ്ധ്യക്ഷനായിരുന്നു. ജേക്കബ് ചാലാശേരിൽ, പ്രിൻസ് കുടുക്കംതടം, സിസ്റ്റർ വിൻസി സി.എം.സി., വിദ്യ കുഴികണ്ണയിൽ, ജ്യോതിസ് പുല്ലാട്ട്, ഫിലിപ്പ് ആണ്ടാശേരിൽ, സോബിൻ കണ്ടത്തിൽപുത്തൻപുര, ജിനു തെക്കേപ്പാട്ടത്തേൽ എന്നിവർ നേതൃത്വം നല്കി.



## 15. സൗജന്യ മെഡിക്കൽ ക്യാമ്പും രോഗപ്രതിരോധമരുന്ന് വിതരണവും

കെ.സി.വൈ.എം. അരുവിത്തുറ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പാലാ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയുടെ സഹകരണത്തോടെ വർദ്ധിച്ചുവരുന്ന പകർച്ചപ്പനിയേയും സാംക്രമികരോഗങ്ങളേയും പ്രതിരോധിക്കുന്നതിനു വേണ്ടി സൗജന്യമെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. അരുവിത്തുറയിലും സമീപപ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന രോഗങ്ങളെ നിയന്ത്രിക്കുന്നതിനും രോഗവിമുക്ത അരുവിത്തുറയെന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമായി കെ.സി.വൈ.എം.ന്റെ നേതൃത്വത്തിൽ നടന്ന ഈ മെഡിക്കൽക്യാമ്പ് വൻവിജയമായിരുന്നു. ഡോ. റോയി സക്കറിയ, ഡോ. സാജൻ ചെറിയാൻ, ഡോ. കെ.സി. രാജൻ. ഡോ. കെ.സി. അനിൽകുമാർ തുടങ്ങിയ വിദഗ്ധ ഡോക്ടർമാരുടെ സേവനമാണ് ക്യാമ്പിൽ ലഭ്യമായത്. സൗജന്യമെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം അരുവിത്തുറ ഫൊറോനാ വികാരി റവ. ഫാ. തോമസ് ഓലിക്കൽ നിർവ്വഹിച്ചു. കെ.സി.വൈ.എം. യൂണിറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയവീട്ടിൽകളപ്പുര, ജിജോ തൈലംമാനാൽ, ജോസൻ പേഴുംകാട്ടിൽ, ലിജോ കണ്ടത്തിൻകര തുടങ്ങിയവർ മെഡിക്കൽക്യാമ്പിന് നേതൃത്വം നൽകി. കോട്ടയം ജില്ലാ ഹോമിയോ ഡിസ്പെൻസറി ഡോ. റോയി സക്കറിയ ക്ലാസ്സ് നയിച്ചു.

## 16. മുളക്കുളം യൂണിറ്റ് പഠനഉപകരണം വിതരണം ചെയ്തു

കെ.സി.വൈ.എം. മുളക്കുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കല്ലുവാ സെന്റ് ആന്റണീസിലെ കുട്ടികൾക്ക് പഠനഉപകരണം വിതരണം ചെയ്തു. പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടക്കൽ, തോമസ് പുതുശേരിയിൽ എന്നിവർ നേതൃത്വം കൊടുത്തു.

## 17. മരങ്ങാട്ടുപള്ളി യൂണിറ്റ്

യുവജനങ്ങൾക്കായി ഒരു യുവജനസെമിനാറും ദിവ്യകാരുണ്യആരാധനയും കെ.സി.വൈ.എം. മരങ്ങാട്ടുപള്ളി യൂണിറ്റ് സംഘടിപ്പിക്കുന്നു. ക്ലാസ് നയിക്കുന്നത് സുബിൻ പുന്നയ്ക്കൽ.

## 18. യുവജന-പതാകദിനാഘോഷങ്ങൾ

കെ.സി.വൈ.എം. പെരിങ്ങുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ യുവജനദിനവും പതാകദിനവും സംയുക്തമായി ആഘോഷിച്ചു. പതാകദിനത്തോടനുബന്ധിച്ച് ഭൂമിക പൂഞ്ഞാർ യൂണിറ്റിന്റെ പ്രസിഡന്റും റിട്ട. അധ്യാപകനുമായ ശ്രീ. എ.ഡി. ജോസഫ് അരീപ്ലാക്കൽ പതാക ഉയർത്തുകയും അംഗങ്ങൾ കെ.സി.വൈ.എം. ആന്തം ആലപിക്കുകയും ചെയ്തു. തുടർന്ന് കെ.സി.വൈ.എം. പെരിങ്ങുളം യൂണിറ്റ് പ്രസിഡന്റ് ജസ്റ്റിൻ മുതലക്കുഴിയിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ യൂണിറ്റ് രക്ഷാധികാരി എം. ജോസ് ഈന്തനാൽ, ഡയറക്ടർ ഫാ. മാർട്ടിൻ പന്തിരുവേലിൽ എന്നിവർ യുവജനസന്ദേശങ്ങൾ നൽകുകയും ചെയ്തു.

**ഫാ. ജോസഫ് ആലഞ്ചേരി (ഡയറക്ടർ)**

**ഫാ. ജോസഫ് വാട്ടപ്പിള്ളിൽ (അസി. ഡയറക്ടർ)**

# കെ.സി.എസ്.എൽ.

**1. ആനിമേറ്റേഴ്സ് കോൺഫറൻസ്**

ജൂൺ 25-ാം തീയതി ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് കെ.സി.എസ്.എൽ. ആനിമേറ്റേഴ്സ് കോൺഫറൻസ് നടത്തി. പുതിയ അദ്ധ്യയനവർഷം സ്കൂളുകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട എല്ലാ ആനിമേറ്റേഴ്സും കോൺഫറൻസിൽ പങ്കെടുത്തു. രൂപതാ പാസ്റ്ററൽ കോർഡിനേറ്റർ ഫാ. ജേക്കബ് മുരിക്കൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

**2. ഉദ്ഘാടനവും സെമിനാറും - മോനിപ്പള്ളി**

മോനിപ്പള്ളി വിദ്യാനികേതൻ സ്കൂളിൽ ജൂൺ 30-ാം തീയതി വിവിധ പാഠ്യേതരപ്രവർത്തനങ്ങളുടെ ഉദ്ഘാടനവും സെമിനാറും നടത്തി.

**3. പ്രവർത്തനോദ്ഘാടനം - അരുവിത്തുറ**

അരുവിത്തുറ സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിൽ കെ.സി.എസ്.എൽ. പ്രവർത്തനോദ്ഘാടനവും ലഹരി വസ്തുക്കളുടെ ദുരുപയോഗത്തെക്കുറിച്ച് ക്ലാസ്സും നടത്തി.

**4. പ്രവർത്തനോദ്ഘാടനം - മംഗളാരാം, വാകക്കാട്, തീക്കോയി**

മംഗളാരാം, വാകക്കാട്, തീക്കോയി എന്നീ സ്കൂളുകളിൽ പ്രവർത്തനോദ്ഘാടനവും സെമിനാറും നടത്തി.

**5. കളരി**

കളരി ഒന്നാം പ്രതിയുടെ വിതരണവും ജൂലൈ, ആഗസ്റ്റ് മാസത്തേയ്ക്കുള്ള പോസ്റ്ററുകളും സ്കൂളുകളിൽ നടത്തി.

**6. ലീഡേഴ്സ് സംഗമം**

ഷലോം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ലീഡേഴ്സ് സംഗമം നടത്തി. പാലാ രൂപതാ വികാരി ജനറാൾ മോൺ. ജോർജ് ചൂരക്കാട്ട് സംഗമം ഉദ്ഘാടനം ചെയ്തു. രൂപതയിലെ വിവിധ സ്കൂളുകളിൽ നിന്നായി 285 കുട്ടികൾ പങ്കെടുത്തു. കുട്ടികളുടെ ഭാഗത്തു നിന്നും വിവിധ ഭാരവാഹികളെ തിരഞ്ഞെടുത്തു. ചെയർമാനായി ആൽബിൻ തോമസും ജനറൽ സെക്രട്ടറിയായി അക്വിതാ റാണി മാത്യുവും തിരഞ്ഞെടുക്കപ്പെട്ടു.

**ഫാ. ജോസഫ് അരിമറ്റത്തിൽ (ഡയറക്ടർ)**



# സോഷ്യൽ വെൽഫെയർ സൊസൈറ്റി

**1. പച്ചക്കറിതൈ വിതരണവും സെമിനാറും**

പാലാ P.S.W.S. വി.എഫ്.പി.കെ.സി. യുമായി സഹകരിച്ച് രാമപുരം, പാലാ എന്നീ സ്ഥലങ്ങളിൽ വച്ച് 22000 പച്ചക്കറിതൈകൾ വിതരണം ചെയ്തു. ഭരണങ്ങാനം, അരുവിത്തുറ, തുടങ്ങനാട്, മുട്ടുചിറ എന്നീ സോണുകളിൽ ഓഗസ്റ്റ് മാസത്തിൽ വിതരണം നടക്കും. പരിപാടിയോടനുബന്ധിച്ച് അടുക്കളത്തോട്ടം പരിപാലനപദ്ധതിയെക്കുറിച്ച് സെമിനാർ നടക്കും.

**2. ഹോമിയോ സ്ഥിരം മെഡിക്കൽ ക്യാമ്പ്**

കോട്ടയം കുറിച്ചിയിലുള്ള ഹോമിയോപ്പതി ഗവേഷണസ്ഥാപനത്തിന്റെ സഹകരണത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ പാലാ കിഴതടിയൂർ പള്ളിക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സൗജന്യഹോമിയോ ക്ലിനിക്കിൽ എല്ലാ മാസവും രണ്ടാമത്തേയും നാലാമത്തേയും വെള്ളിയാഴ്ചകളിൽ വിദഗ്ധരായ ഡോക്ടർമാർ രോഗികളെ പരിശോധിച്ച് മരുന്നുകൾ സൗജന്യമായി നൽകുന്ന സ്ഥിരം മെഡിക്കൽ ക്യാമ്പ് പ്രവർത്തിച്ചുവരുന്നു.

**3. ചുരിദാർ ബ്ലൗസ് കട്ടിംഗ് പരിശീലനം**

സ്കിൽ ഏൺ പ്രോജക്ടിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി വനിതകൾക്കായി ഓഗസ്റ്റുമാസം മുട്ടുചിറ സീയോൻഭവനിൽ വച്ചും, പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചും ചുരിദാർ, ബ്ലൗസ് കട്ടിംഗ് പരിശീലനം നടക്കുന്നു. ജൂലൈ മാസം മുട്ടുചിറയിലും പാലായിലും വച്ച് രണ്ട് ബാച്ചുകളുടെ പരിശീലനം നടന്നു.

**4. മുട്ടുചിറ റീജിയൺ ഓഫീസ്**

പാലാ P. S. W. S. റീജിയൺ സെന്ററായ ആയ മുട്ടുചിറ സീയോൻ ഭവൻ ജൂലൈ മാസം മുതൽ തിങ്കൾ മുതൽ വെള്ളി വരെ എല്ലാ ദിവസവും 10 മണിമുതൽ 4 മണി വരെ പ്രവർത്തിക്കുന്നതാണ്.

**5. SEED, J.L.G. കൾ രൂപീകൃതമാകുന്നു**

നബാർഡിന്റെ ആഭിമുഖ്യത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ആവിഷ്കരിക്കുന്ന SEED, J.L.G. കൾക്ക് തുടക്കമായി. കൃഷിക്കും അനുബന്ധ തൊഴിൽ മേഖലകൾക്കും ആശ്വാസം പകരുന്ന ഉൽപാദനസംരംഭങ്ങൾ ആരംഭിക്കുന്നതിനാണ് ജെ.എൽ.ജി. യിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഇലഞ്ഞി, കോതനല്ലൂർ, കുറവിലങ്ങാട്, പാലാ, രാമപുരം, ചേർപ്പുങ്കൽ, ഭരണങ്ങാനം, മൂലമറ്റം സോണുകളിൽ ജെ.എൽ.ജി. കൾ രൂപീകരണപ്രവർത്തനങ്ങൾ ആരംഭിച്ചു. വേലനിലം, പൂഞ്ഞാർ, തീക്കോയി, തുടങ്ങനാട്, മുട്ടുചിറ, അരുവിത്തുറ സോണുകളിൽ പ്രാരംഭക്ലാസ്സുകൾ നടന്നുവരുന്നു.

**6. സ്നേഹസന്ദേശയാത്ര**

പാലാ റീജിയണിന്റെ ആഭിമുഖ്യത്തിൽ പാലാ മരിയസദനിലേയ്ക്ക് സ്നേഹ സന്ദേശയാത്ര സംഘടിപ്പിച്ചു. 28581 രൂപയും അരിയും മരിയസദന് നൽകി.

**7. പലിശരഹിത ലോൺ വിതരണം ചെയ്തു**

ഇലഞ്ഞി, കോതനല്ലൂർ സോണുകളിലായി 3,27,500 രൂപാ പലിശരഹിത ലോൺ ആയി 18 ഗ്രൂപ്പുകൾക്കായി വിതരണം ചെയ്തു.

**8. ഹോമിയോപ്പതി ബോധവത്കരണസെമിനാറും സൗജന്യ മെഡിക്കൽ ക്യാമ്പും**

കേന്ദ്രഹോമിയോപ്പതി ഗവേഷണസ്ഥാപനം കുറിച്ചി ആവിഷ്കരിച്ചിരിക്കുന്ന മാതൃശിശു ആരോഗ്യസംരക്ഷണപദ്ധതിയുടെ ഭാഗമായി ഹോമിയോപ്പതി ബോധ വത്കരണസെമിനാറും സൗജന്യ മെഡിക്കൽ ക്യാമ്പും മുട്ടുചിറ സീയോൻ ഭവ നിൽവച്ച് സംഘടിപ്പിച്ചു. 120 രോഗികളെ പരിശോധിക്കുകയും സൗജന്യമായി മരുന്ന് വിതരണം ചെയ്യുകയും ചെയ്തു.

**9. സോൺ വാർഷികങ്ങൾ**

തീക്കോയി സോണിന്റെ വാർഷികം തീക്കോയി പാരീഷ് ഹാളിൽ വച്ച് ഫാ.തോമസ് വലിയവീട്ടിലിന്റെ അദ്ധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജോമോൻ ഐക്കര ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് വാലുമ്മേൽ, ഫാ. ആൻഡ്രൂസ് വേങ്ങത്താനം തുടങ്ങിയവർ പ്രസംഗിച്ചു.

പൂഞ്ഞാർ സോൺ വാർഷികം ഫാ. സെബാസ്റ്റ്യൻ കടപ്ലാക്കലിന്റെ അദ്ധ്യക്ഷ തയിൽ പൂഞ്ഞാർ പാരീഷ് ഹാളിൽ വച്ച് നടന്നു.

**10. കൂൺകൃഷി സെമിനാർ**

മുട്ടുചിറ, സീയോൻഭവൻ, പാലാ, ഷലോം പാസ്റ്ററൽ സെന്റർ എന്നീ സ്ഥല ങ്ങളിൽ വച്ച് കൂൺകൃഷി സെമിനാറും കൂൺ വിത്ത് വിതരണവും നടത്തി.

**11. സോളാർ ലാമ്പ് വിതരണം**

സബ്സിഡി നിരക്കിൽ ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ സോളാർ ലാമ്പ് വിത രണം P.S.W.S. ൽ ആരംഭിച്ചു.

**12. സ്വാശ്രയസംഘം വാർഷികങ്ങൾ**

മലയിഞ്ചിപ്പാറ, അറക്കുളം, അമ്പാറനിരപ്പേൽ, കരിമ്പാനി എന്നീ സ്വാശ്രയ സംഘങ്ങളുടെ വാർഷികം നടത്തി.

**13. മുട്ടക്കോഴി വിതരണം**

പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മുട്ടക്കോഴി വിതരണം സംഘടി പ്പിച്ചു.

**ഫാ. തോമസ് വാലുമ്മേൽ (ഡയറക്ടർ)**



# ഏ.കെ.സി.സി.

**1. വിദ്യാഭ്യാസസമ്മേളനം-സ്വാശ്രയചർച്ച**

എ.കെ.സി.സി. പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ ജൂലൈ-3 ന് മുണ്ടാങ്കൽ പള്ളി ഹാളിൽ വച്ച് 'സ്വാശ്രയവിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങളെ ക്കുറിച്ചും സഭയുടെ നിലപാടുകളെക്കുറിച്ചും ഒരു സെമിനാർ നടത്തുകയുണ്ടാ യി. കാലങ്ങളായി വിദ്യാഭ്യാസരംഗത്ത് കത്തോലിക്കാസഭ നൽകിവരുന്ന നിസ്വാർത്ഥ സേവനങ്ങളെ മറച്ചുപിടിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾക്കെതിരെ ശക്ത മായി പ്രതികരിക്കാനും പ്രവർത്തിക്കാനും സമ്മേളനം തീരുമാനിച്ചു. ലഫ്. ഡോ. റജി മേക്കാടൻ വിഷയാവതരണം നടത്തി.

**2. മുഖ്യമന്ത്രിക്ക് നിവേദനം, തുറന്ന കത്ത്**

സ്വാശ്രയപ്രശ്നത്തിന്റെ പേരിൽ സഭയെ ഒറ്റപ്പെടുത്തി ആക്രമിക്കുന്ന മാധ്യമ ങ്ങൾക്കും പ്രതിപക്ഷത്തിനും പിന്തുണ നൽകുവാൻ ശ്രമിക്കുന്ന ബഹു. മുഖ്യമ ന്ത്രിക്ക്, എ.കെ.സി.സി. രൂപതാ സമിതി 15 ചോദ്യങ്ങൾ അടങ്ങിയ തുറന്ന കത്തും നിവേദനവും നൽകുകയുണ്ടായി. ഇത് മാധ്യമങ്ങളിലൂടെ പൊതുസമൂഹത്തിന്റെ വിചിന്തനത്തിനായി നൽകുകയും ചെയ്തു.

**3. വിദ്യാഭ്യാസവേദി**

എ.കെ.സി.സി. പാലാ രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ വിദ്യാഭ്യാസ വേദി രൂപീകരിച്ചു. ലഫ്. ഡോ. റെജി വർഗീസ് മേക്കാടൻ (അരുവിത്തുറ) വിദ്യാഭ്യാ സവേദി കൺവീനറായി തിരഞ്ഞെടുക്കപ്പെട്ടു.

**4. 'സാമൂഹികനീതി സേവനത്തിലൂടെ' പ്രോജക്ട്**

എ.കെ.സി.സി. പാലാ രൂപതാ സമിതി പുതിയ പ്രവർത്തനവർഷത്തിൽ പ്രോജ ക്ടായി തിരഞ്ഞെടുത്തിരിക്കുന്നത് 'സാമൂഹികനീതി സേവനത്തിലൂടെ' എന്ന വിഷ യമാണ്. പ്രോജക്ടിനെ 4 ഘട്ടങ്ങളായി തിരിച്ച് നടപ്പിലാക്കുന്നു. 1. ആതുരശുശ്രൂ ഷാരംഗം 2. ഭവനനിർമ്മാണപദ്ധതി 3. വിദ്യാഭ്യാസസഹായം 4. വിവാഹസഹായ നിധി എന്നിവയാണ് 4 ഘട്ടങ്ങളിലെ പ്രധാന പ്രവർത്തനമേഖലകൾ.

**5. അഖണ്ഡ ബൈബിൾ പാരായണം**

കത്തീഡ്രൽ പള്ളയിൽ വച്ച് നടത്തപ്പെട്ട അഖണ്ഡ ബൈബിൾ പാരായണ ത്തിൽ ജൂൺ 20-ാം തീയതി തിങ്കൾ വൈകുന്നേരം 7.00 മുതൽ എ.കെ.സി.സി. രൂപതാസമിതിയംഗങ്ങൾ പങ്കുചേർന്നു.

**6. മേഖലാസമ്മേളനങ്ങൾ**

കാലികസമൂഹത്തിൽ സഭ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ നേരിടുന്ന തിന് അംഗങ്ങളെ സജ്ജരാക്കുന്നതിനുവേണ്ടി, എ.കെ.സി.സി. രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ വിവിധ മേഖലാകേന്ദ്രങ്ങളിൽ ചർച്ചാ യോഗങ്ങൾ സംഘടിപ്പിച്ചു.

**അരുവിത്തുറ**

അരുവിത്തുറ മേഖലാസമ്മേളനം ജൂൺ 24-ാം തീയതി അരുവിത്തുറയിൽ വച്ച് നടത്തപ്പെട്ടു. ഫൊറോനാവികാരി ഫാ. തോമസ് ഓലിക്കൽ ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സാജു അലക്സ്, രാജീവ് കൊച്ചുപറമ്പിൽ, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ഡോ. റെജി മേക്കാടൻ എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന മേഖലാ തിരഞ്ഞെടുപ്പിൽ ജോൺസൺ ചെറുവള്ളി (അരുവിത്തുറ) മേഖലാ പ്രസിഡന്റായും ജോസഫ് പരുത്തിയിൽ (ചെമ്മലമറ്റം) സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു.

**മുട്ടുചിറ**

മുട്ടുചിറ മേഖലാ സമ്മേളനം ജൂലൈ 10-ാം തീയതി മുട്ടുചിറ പള്ളി ഹാളിൽ വച്ച് നടത്തപ്പെട്ടു. ഫൊറോനാ വികാരി ഫാ. സെബാസ്റ്റ്യൻ മുണ്ടുമൂഴിക്കര ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സാജു അലക്സ്, രാജീവ് കൊച്ചുപറമ്പിൽ, തോമസ് മാഞ്ഞൂരാൻ, ബേബിച്ചൻ അഴിയാത്ത് എന്നിവർ നേതൃത്വം നൽകി. തുടർന്ന് നടന്ന മേഖല തിരഞ്ഞെടുപ്പിൽ ജോസ് പുത്തൻകാലാ (മാന്നാർ) മേഖലാ പ്രസിഡന്റായും ജോണി പറമ്പിൽ (മുട്ടുചിറ) സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു.

**ഇലഞ്ഞി**

ഇലഞ്ഞി മേഖലാ സമ്മേളനം ജൂലൈ 17-ാം തീയതി ഞായറാഴ്ച ഇലഞ്ഞി പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഫൊറോനാവികാരി ഫാ. ജോൺ പൊതീട്ടേൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ്ജ് വർഗീസ് ഞാറക്കുന്നേൽ, ഫാ. ഇമ്മാനുവേൽ പാറേക്കാട്ട്, സാജു അലക്സ്, ബേബി ആലുങ്കൽ എന്നിവർ പങ്കെടുത്തു. തുടർന്ന് മേഖലാതിരഞ്ഞെടുപ്പിൽ പ്രസിഡന്റായി ടോമി സെബാസ്റ്റ്യൻ പാലകുന്നേൽ (ഇലഞ്ഞി), സെക്രട്ടറിയായി ഡോളി ജോസ് (കാക്കൂർ) എന്നിവരെ തിരഞ്ഞെടുത്തു.

## 7. വനിതാസംഗമം

എ.കെ.സി.സി. പാലാ രൂപതാസമിതി വനിതാവേദിയുടെ ആഭിമുഖ്യത്തിൽ ജൂൺ 25-ാം തീയതി ശനിയാഴ്ച 9.30 മുതൽ മുണ്ടാങ്കൽ ഹാളിൽ വച്ച് നടത്തപ്പെട്ടു. രൂപതാ പാസ്റ്ററൽ കോർഡിനേറ്റർ ഫാ. ജേക്കബ് മുരിക്കൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. 'ഊർജ്ജസംരക്ഷണസെമിനാറിന്' അനി തോമസ് (ചിങ്ങവനം), നേതൃത്വം നൽകി. മാഗി ജോസ് മേനാംപറമ്പിൽ, ലിസി മാനുവൽ, ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, സാജു അലക്സ്, രാജീവ് കൊച്ചുപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## 8. വനിതാവേദി

എ.കെ.സി.സി. പാലാ രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ 'വനിതാവേദി' രൂപീകരിച്ചു. വനിതാവേദി കൺവീനറായി മാഗി ജോസ് മേനാംപറമ്പിൽ (പാലാ) തിരഞ്ഞെടുക്കപ്പെട്ടു.



## 9. സ്വാശ്രയപ്രചരണം-റിസോഴ്സ് ടീം

സ്വാശ്രയവിഷയത്തിൽ സഭയ്ക്കെതിരെയുള്ള കുപ്രചാരണങ്ങളെയും ആക്രമണങ്ങളെയും പ്രതിരോധിക്കുന്നതിന് എ.കെ.സി.സി. റിസോഴ്സ് ടീം രൂപീകരിച്ചു. ഇതിനായി രൂപതയിലെ എല്ലാ ഇടവകകളിലും പ്രചാരണയോഗങ്ങൾ സംഘടിപ്പിക്കാനും ബുക്ലെറ്റുകൾ എത്തിക്കുവാനും, തീരുമാനിക്കുകയുണ്ടായി. ഇതിനായി വികാരി ജനറാൾ വെരി. റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ടച്ചനുമായി രൂപതാസമിതിയംഗങ്ങൾ ചർച്ചകൾ നടത്തുകയുണ്ടായി.

## 10. എ.കെ.സി.സി. സമ്മേളനം

**നെല്ലിയാനി**

എ.കെ.സി.സി. നെല്ലിയാനി യൂണിറ്റ് വാർഷികസമ്മേളനം ജൂലൈ 3-ാം തീയതി നടത്തപ്പെട്ടു. ഫാ. ജോർജ് പുല്ലുകാലായിൽ, ഡാന്റീസ് കൂനാനിക്കൽ, അഡ്വ. തോമസ് തണ്ണിപ്പാറ എന്നിവർ പ്രസംഗിച്ചു.

**മോനിപ്പള്ളി**

എ.കെ.സി.സി. മോനിപ്പള്ളി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 8-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് യൂണിറ്റ് സമ്മേളനം നടത്തി. ഫാ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ, ബെന്നി പാലയ്ക്കാത്തടം എന്നിവർ നേതൃത്വം നൽകി.

## 11. 'ബെത്സെയ്ദാ ലേബർ മൂവ്മെന്റ്'

എ.കെ.സി.സി. ഉരുളികുന്നം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രദേശത്തെ തൊഴിൽ സഹായത്തിനുവേണ്ടി 'ബെത്സെയ്ദാ ലേബർ മൂവ്മെന്റ്' എന്ന വേദി സംഘടിപ്പിച്ചിരിക്കുന്നു. കാർഷികമേഖലയിലെയും ഭവനങ്ങളിലെയും ജോലികൾ ഏറ്റെടുത്ത് നടത്തുന്ന വേദി, എല്ലാ ദിവസവും പ്രവർത്തിക്കുന്നു. ഫാ. എബ്രഹാം കുപ്പപ്പുഴയ്ക്കൽ, മാണി മാത്യു കാവുകാട്ട് എന്നിവർ നേതൃത്വം നൽകുന്നു.

**രാജീവ് ജോസഫ് കൊച്ചുപറമ്പിൽ (ജന. സെക്രട്ടറി)**

# ബൈബിൾ അപ്പസ്തോലേറ്റ്

## 1. ബൈബിൾ കോഴ്സ്

ബൈബിൾ അപ്പോസ്തലേറ്റ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന ബൈബിൾ കോഴ്സിന്റെ 7-ാമത് ബാച്ചിന്റെ ക്ലാസ്സുകൾ അവസാനിച്ചു. 45 ലധികം പേർ കോഴ്സ് വിജയകരമായി പൂർത്തിയാക്കി. പുതിയ ബാച്ച് 2011 ആഗസ്റ്റ് 13-ാം തീയതി ആരംഭിക്കും. എല്ലാ രണ്ടാംശനിയാഴ്ചകളിലുമായി അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കുന്ന ഈ കോഴ്സിന് 600 - രൂപയാണ് ഫീസ്. പ്രസ്തുത കോഴ്സിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ആഗസ്റ്റ് 8 നു മുമ്പായി ഷലോമിലുള്ള ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഫാ. അഗസ്റ്റിൻ കൂട്ടിയാനിയിൽ (ഡയറക്ടർ)**

# ഡി.സി.എം.എസ്.

## 1. റിസോഴ്സ് ടീം ക്യാമ്പ്

ഡി.സി.എം.എസ്. സംഘടന യുവജനങ്ങൾക്കായി നടത്തുന്ന റിസോഴ്സ് ടീം ട്രെയിനിംഗ് 2011 ജൂലൈ 8, 9, 10 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്നു. 32 യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. അടുത്ത മാസത്തെ ക്യാമ്പ് ആഗസ്റ്റ് 12, 13, 14 തീയതികളിൽ.

## 2. ലീഡേഴ്സ് ക്യാമ്പ്

ഡി.സി.എം.എസ്. സംഘടന മാതാപിതാക്കൾക്കായി നടത്തുന്ന ലീഡേഴ്സ് ക്യാമ്പ് ജൂലൈ 16, 17 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തി. പാലാ, ചേർപ്പുങ്കൽ, ഭരണങ്ങാനം, അരുവിത്തുറ, രാമപുരം തുടങ്ങിയ മേഖലകളിൽ നിന്നുള്ള മാതാപിതാക്കളാണ് ഈ ക്യാമ്പിൽ പങ്കെടുത്തത്.

ഇലഞ്ഞി, മുട്ടുചിറ, കുറവിലങ്ങാട്, തുടങ്ങനാട് തുടങ്ങിയ മേഖലകളിലെ ലീഡേഴ്സ് ക്യാമ്പ് ജൂലൈ 23, 24 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കും.

## 3. അടുത്ത മാസത്തെ ക്യാമ്പുകൾ

റിസോഴ്സ് ടീം ക്യാമ്പ് : ആഗസ്റ്റ് 12, 13, 14 - പാലാ, രാമപുരം
ചേർപ്പുങ്കൽ, ഭരണങ്ങാനം, അരുവിത്തുറ: ആഗസ്റ്റ് 20, 21
മുട്ടുചിറ, ഇലഞ്ഞി, തുടങ്ങനാട്, കുറവിലങ്ങാട്: ആഗസ്റ്റ് 27, 28.

## 4. രൂപതാ കമ്മറ്റി & കൗൺസിൽ

പാലാ രൂപതാ ഡി.സി.എം.എസ്. രൂപതാകമ്മറ്റി ജൂലൈ മാസം 10-ാം തീയതി രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1.00 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ നടന്നു.

## 5. രൂപതാ കൗൺസിൽ

രൂപതാ കൗൺസിൽ ജൂലൈ 10-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 ന് ഷലോം പാസ്റ്ററൽ സെന്ററിൽ നടന്നു.

## 6. എസ്.എച്ച്.ജി. കൺവീനിയേഴ്സ് മീറ്റിംഗ്

ഡി.സി.എം.എസിന്റെ എസ്.എച്ച്.ജി. കൾക്ക് നേതൃത്വം നൽകുന്ന കൺവീനിയേഴ്സിന്റെ മീറ്റിംഗ് ജൂലൈ 22-ാം തീയതി വെള്ളിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ നടന്നു.

**ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ**



# പാലാ കമ്മ്യൂണിക്കേഷൻസ്

## 1. കുർബാനക്രമത്തിന് പുതിയ ഈണം

പാലാ കമ്മ്യൂണിക്കേഷൻസിന്റെ ആഭിമുഖ്യത്തിൽ സീറോ മലബാർ സഭയുടെ വി. കുർബാനയ്ക്ക് റാസക്രമം ഉൾപ്പെടെ എല്ലാവർക്കും പാടാൻ സഹായകരമായ രീതിയിൽ പുതിയ ട്യൂൺ തയ്യാറായിരിക്കുന്നു. പ്രസിദ്ധസംഗീതജ്ഞനായ ജർസൻ ആന്റണിയുടെ നേതൃത്വത്തിലുള്ള സംഘമാണ് പുതിയ ട്യൂൺ തയ്യാറാക്കിയിരിക്കുന്നത്.

## 2. നാടകമേള സെപ്റ്റംബറിൽ

പാലാ കമ്മ്യൂണിക്കേഷൻസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന അഖില കേരള പ്രൊഫഷണൽ നാടകമേളയും നിധീരിക്കൽ മാണിക്കത്തനാർ സ്മാരകപ്രഭാഷണപരമ്പരയും സെപ്തംബർ 12-ന് പാലാ മുനിസിപ്പൽ ടൗൺ ഹാളിൽ ആരംഭിക്കുന്നതാണ്.

## 3. പുതിയ നാടകം 'ഒരു നിറകൺചിരി'

പാലാ കമ്മ്യൂണിക്കേഷൻസിന്റെ ഈ വർഷത്തെ രണ്ടാമത്തെ പുതിയ സാമൂഹികനാടകമായ 'ഒരു നിറകൺചിരി' ആഗസ്റ്റ് ആദ്യവാരത്തോടെ അരങ്ങിലെത്തുന്നു. രചന: ഫ്രാൻസീസ് ടി. മാവേലിക്കര, സംവിധാനം: വിൽസൺ നിസരി.

## 4. 'ആർദ്രനിലാവ്' അവതരിപ്പിച്ചു തുടങ്ങി

പാലാ കമ്മ്യൂണിക്കേഷൻസിന്റെ ഈ വർഷത്തെ ഏറ്റവും പുതിയ സാമൂഹിക നാടകമായ 'ആർദ്രനിലാവ്' അവതരണം ആരംഭിച്ചു.

## 5. ക്രിസ്ത്യൻ മൂവി ലൈബ്രറി

പാലാ കമ്മ്യൂണിക്കേഷൻസിന്റെ ഏറ്റവും പുതിയ സംരംഭമായ ക്രിസ്ത്യൻ മൂവി ലൈബ്രറിയുടെ സേവനം പ്രയോജനപ്പെടുത്തിയ ഇടവകകൾ.

അരുണാപുരം, മേവിട, തോടനാൽ, ഉരുളികുന്നം, പൂവരണി, മീനച്ചിൽ, പാലാക്കാട്, കിഴപറയാർ, ഇടമറ്റം, അമ്പാറനിരപ്പേൽ, പ്ലാശനാൽ, ചൂണ്ടച്ചേരി, നരിയങ്ങാനം, നെല്ലിയാനി, പൈങ്ങുളം, പാളയം, ളാലം (ന്യൂ), കരൂർ, ചിറ്റാർ, കൂത്താട്ടുകുളം, പെരിയപ്പുറം, ഇലഞ്ഞി, ശാന്തിപുരം, അറുന്നൂറ്റിമംഗലം, മാന്നാർ, ഇല്ല്യാതി, മുട്ടുചിറ, കാഞ്ഞിരത്താനം, സ്ലീവാപുരം, മംഗളാരം, കടപ്ലാമറ്റം, കാളികാവ്, നമ്പ്യാകുളം, വേദഗിരി, മാൻവെട്ടം, ഫാത്തിമാപുരം, ജയ്ഗിരി, കാട്ടാംപാക്ക്, കുറവിലങ്ങാട്, മരങ്ങാട്ടുപള്ളി, ചക്കാമ്പുഴ, പൂവക്കുളം, പിഴക്, കടനാട്, കാവുംകണ്ടം, നീലൂർ, അറക്കുളം (ന്യൂ), ഇലപ്പള്ളി, മൂലമറ്റം, വെള്ളികുളം, ളാലം (ഓൾഡ്), തിടനാട്, ചേന്നാട്, പെരിങ്ങുളം, ഏന്തയാർ, കൂട്ടിക്കൽ, പൂഞ്ഞാർ, മൂന്നാനി, നീലൂർ, മേരിലാൻഡ്, മേലുകാവുമറ്റം, ഉള്ളനാട്, കളത്തൂക്കടവ്, തീക്കോയി, ശാന്തിഗിരി, കുന്നോന്നി, പയ്യാനിത്തോട്ടം, പ്രവിത്താനം. എല്ലാ ഇടവകകൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു.

**ഫാ. ജയിംസ് വെണ്ണായിപ്പിള്ളിൽ (ഡയറക്ടർ)**

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**1. രൂപതാ കമ്മറ്റി യോഗം**

ജൂൺ 18-ാം തീയതി പാലാ അഡാർട്ടിൽവച്ച് രൂപതാകമ്മിറ്റി യോഗം ചേർന്നു.

**2. ജപമാല**

ചേർപ്പുങ്കൽ, ഉള്ളനാട്, മണ്ണക്കനാട്, കോതനല്ലൂർ, കൊഴുവനാൽ ഇടവകകളിൽ മദ്യവിമുക്തഇടവകയ്ക്കുവേണ്ടി ജപമാല നടത്തി.

**3. ദിവ്യകാരുണ്യആരാധന**

രൂപതാതല ആരാധന അഡാർട്ടിൽവച്ച് അവസാന ചൊവ്വാഴ്ച നടത്തി. ബുധനാഴ്ചകളിൽ പാലാ കിഴതടിയൂർ പള്ളിയിൽ വച്ച് ആരാധന, ജപമാല, ദിവ്യബലി ഇവ നടത്തി. പറത്താനം, ഉള്ളനാട്, മംഗളഗിരി ഇടവകകളിൽ ആരാധന നടത്തി.

**4. മേഖലാ കൺവൻഷൻ**

ചേർപ്പുങ്കൽ മേഖലാ കൺവൻഷൻ ജൂൺ 21-ാം തീയതി കൊഴുവനാൽ വച്ചു നടത്തി. റവ. ഫാ. ജോർജ് മുളങ്ങാട്ടിൽ അദ്ധ്യക്ഷനായിരുന്നു. കൊഴുവനാൽ പഞ്ചായത്ത് പ്രസിഡണ്ട് പ്രൊഫ. കൊച്ചുത്രേസ്യാ അബ്രാഹം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, റവ. ഫാ. സെബാസ്റ്റ്യൻ വെച്ചൂക്കരോട്ട് സി. റെനി, ജോസ് ഫ്രാൻസീസ്, മാത്യു ജോസഫ്, സിബി ചരുവിൽ പുരയിടം എന്നിവർ പ്രസംഗിച്ചു. റവ. ഫാ. തോമസ് കരോട്ടുകിഴക്കേൽ പുതിയ യൂണിറ്റുകളുടെ ഉദ്ഘാടനം നടത്തി. ചേർപ്പുങ്കൽ മേഖലയിലെ എല്ലാ ഇടവകകളിലും യൂണിറ്റു തുടങ്ങി. ഫൊറോനായിലെ വിവിധ ഇടവകകളിൽനിന്നായി 200 പേർ കൺവൻഷനിൽ പങ്കെടുത്തു. 'നാശം വിതയ്ക്കുന്ന ലഹരി'കൾ എന്ന ചെറു പുസ്തകം വിതരണം ചെയ്തു.

**5. റിസോഴ്സ് പേഴ്സൺസ് ടീം ട്രെയിനിംഗ്**

പാലാ അഡാർട്ടിൽ വച്ച് ജൂൺമാസം 18-ാം തീയതി റിസോഴ്സ് പേഴ്സൺസ് ടീം ട്രെയിനിംഗ് നടത്തി. എൻ.എം. സെബാസ്റ്റ്യൻ, ടി.കെ. ജോസഫ്, പ്രസാദ് കുരുവിള എന്നിവർ ക്ലാസ്സെടുത്തു. ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ഉദ്ഘാടനം ചെയ്തു.

**6. പുതിയ യൂണിറ്റുകൾ**

ചെമ്പിളാവ്, മണലുങ്കൽ, പാദുവാ എന്നീ ഇടവകകളിൽ പുതിയ യൂണിറ്റുകൾ തുടങ്ങി.

**7. ലഹരിവിരുദ്ധ മാസാചരണം - ഉദ്ഘാടനം**

അന്താരാഷ്ട്രലഹരിവിരുദ്ധദിനമായ ജൂൺ26-നോടനുബന്ധിച്ച് പാലാ അഡാർട്ടിന്റെയും മദ്യവിരുദ്ധസമിതിയുടെയും ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ മാസാചരണം നടത്തുന്നതിന്റെ ഉദ്ഘാടനം ജൂൺ 22-ാം തീയതി ചേർപ്പുങ്കൽ മാർ സ്ലീവാ പാരീഷ് ഹാളിൽ വച്ച് മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് ഉദ്ഘാടനം ചെയ്തു. റവ. ഫാ. അഗസ്റ്റിൻ കൊഴുപ്പൻകുറ്റി അദ്ധ്യക്ഷം വഹിച്ചു. റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, പി.വി. മേരിക്കുട്ടി, എ.എം. മാത്യു, ജോസ് ഫ്രാൻസീസ്, മാത്യു ജോസഫ് എന്നിവർ പ്രസംഗിച്ചു. പ്രസാദ് കുരുവിള ലഹരി വിരുദ്ധപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ചേർപ്പുങ്കൽ ഹൈസ്കൂളിലെയും ഹയർ സെക്കൻഡറി സ്കൂളിലേയും കുട്ടികൾ പങ്കെടുത്തു.

**റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ (ഡയറക്ടർ)**



# സാന്ത്വന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസലിംഗ് & ഗൈഡൻസ്

**1. കൗൺസിലിംഗ്**

ഈ മാസം മുൻകൂട്ടി ബുക്ക് ചെയ്ത 95 പേർക്ക് വ്യക്തിപരമായ കൗൺസിലിംഗും 5 പേർക്ക് ഫാമിലി കൗൺസിലിംഗും നടത്തി.

**2. ക്ലാസ്സുകൾ**

ജൂലൈ 8-ാം തീയതി മൂവാറ്റുപുഴ ലിസ്യൂ ആശ്രമത്തിൽ വച്ച് നടത്തപ്പെട്ട സിസ്റ്റേഴ്സിന്റെ ഫോർമേഷൻ പ്രോഗ്രാമിൽ "ആശയവിനിമയത്തിന്റെ മാനസിക തലങ്ങളെക്കുറിച്ചും" ജൂലൈ 20-ാം തീയതി പൈക എൽ.പി. സ്കൂളിലെയും, 27-ാം തീയതി രാമപുരം യു.പി. സ്കൂളിലെയും 31-ാം തീയതി കടനാട് സൺഡേ സ്കൂളിലെയും അധ്യാപകരക്ഷാകർതൃകൂട്ടായ്മയിൽ "വിദ്യാർത്ഥികളുടെ സ്വഭാവ രൂപവത്കരണത്തിൽ മാതാപിതാക്കളുടെ പങ്കിനെക്കുറിച്ചും", ജൂലൈ 24-ാം തീയതി മൂലമറ്റം കെ.സി.വൈ.എമ്മിന്റെ മേഖലാക്യാമ്പിൽ "യുവജനമന:ശാസ്ത്രം" എന്ന വിഷയത്തെക്കുറിച്ചും ഫാ. കുര്യൻ ആനിത്താനം ക്ലാസ്സെടുത്തു.

**ഫാ. മാത്യു പന്തലനാനിക്കൽ (ഡയറക്ടർ),**
**ഫാ. കുര്യൻ ആനിത്താനം (അസി. ഡയറക്ടർ)**

**RECEIVED HEAVENLY REWARD**







**ആദരാഞ്ജലികൾ**

## ഫാ. തോമസ് ഐരമന

1933 ഏപ്രിൽമാസം 24-ാം തീയതി ചേർപ്പുങ്കൽ ഇടവകയിൽ ഐരമന കുടുംബത്തിൽ സ്കറിയ-ഏലി ദമ്പതികളുടെ മകനായി തോമസച്ചൻ ജനിച്ചു. അച്ചന് മൂന്ന് സഹോദരന്മാരും മൂന്ന് സഹോദരികളുമുണ്ട്. കുമ്മണ്ണൂരിലെയും കിടങ്ങൂരിലെയും സ്കൂളുകളിലായി പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കി. ഡിഗ്രിപഠനത്തിനുശേഷം പാലാ പെറ്റി സെമിനാരിയിൽ വൈദികപഠനം ആരംഭിച്ചു. മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയിൽ വൈദികപഠനം പൂർത്തിയാക്കി. 1962 മാർച്ച് 11-ാം തീയതി മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നും ഭരണങ്ങാനത്തുവച്ച് പുരോഹിതപട്ടം സ്വീകരിച്ചു.

തുടർന്ന് ഭരണങ്ങാനം, അറക്കുളം, ചക്കിക്കാവ്, എടാട് തുടങ്ങിയ ഇടവകകളിൽ അസ്തേന്തിയായി സേവനം ചെയ്തു. 1965 മുതൽ 1966 വരെ ചെമ്പിളാവിലും 1966-1977 വരെ മലയിഞ്ചിപ്പാറയിലും വികാരിയായി സേവനം അനുഷ്ഠിച്ചു. പിന്നീട് മുട്ടുചിറ ഹോസ്പിറ്റലിന്റെയും നഴ്സിംഗ് സ്കൂളിന്റെയും ഡയറക്ടറായും കേരളാ വോളണ്ടറി ഹെൽത്ത് സർവ്വീസിന്റെ പ്രസിഡന്റായും സേവനം ചെയ്തു. തുടർന്ന് 1986 മുതൽ 1993 വരെ മേലുകാവുമറ്റത്തും 1993 മുതൽ 1999 വരെ കൂടല്ലൂരും 1999 മുതൽ 2004 വരെ കടനാട്ടിലും 2004 മുതൽ 2008 വരെ കുറിച്ചിത്താനത്തും വികാരിയായി ശുശ്രൂഷ നിർവ്വഹിച്ചു. 2008 മുതൽ 2011 മെയ് മാസം വരെ അദ്ദേഹം കല്ലൂർക്കുളം എഫ്.സി.സി. കോൺവെന്റിന്റെ ചാപ്ലയിനായിരുന്നു. തുടർന്ന് മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്ന അദ്ദേഹം 2011 ജൂലൈ 14-ാം തീയതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

മൃതസംസ്കാരശുശ്രൂഷകൾ 16-ാം തീയതി ഉച്ചകഴിഞ്ഞ് ചേർപ്പുങ്കൽ പള്ളിയിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തി. നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട അച്ചന്റെ പാവനസ്മരണയ്ക്കുമുമ്പിൽ നന്ദിയോടെ നമുക്ക് ശിരസ് നമിക്കാം. ബഹു. തോമസച്ചൻ രൂപതയ്ക്കും സഭയ്ക്കു മുഴുവനും നൽകിയ ശുശ്രൂഷകൾക്ക് ദൈവമുമ്പാകെ പ്രാർത്ഥിക്കുകയും ചെയ്യാം. ബഹു. അച്ചന്റെ കുടുംബാംഗങ്ങളെ ആത്മാർത്ഥമായ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

**N.B. എ.ഡി.സി.പി. അംഗങ്ങൾ എല്ലാവരും ബഹു. തോമസച്ചനു വേണ്ടി ഒരു വിശുദ്ധകുർബാന അർപ്പിക്കേണ്ടതാണ്.**

**- സെക്രട്ടറി എ.ഡി.സി.പി.**



# PRAYER DAY

## ( 2011 August. -6 - 2011 Sept. -4 )

**Rev. Fathers, Very Rev. Fathers**

| | | | |
|---|---|---|---|
| 1. | Vadakkethottiyil George | Aug | 6 |
| 2. | Vadakkummukulayil Thomas | | 7 |
| 3. | Vadayattukuzhy Joseph | | 8 |
| 4. | Valiyamangalam Kurian | | 9 |
| 5. | Valiyaveettil Thomas | | 10 |
| 6. | Valiyamurathankal Michael | | 11 |
| 7. | Valiyaveettilkalpura Sebastian | | 12 |
| 8. | Vallipalam Joseph | | 13 |
| 9. | Vallompurayidom Joseph | | 14 |
| 10. | Vallopillil Mathew | | 15 |
| 11. | Valumel Thomas | | 16 |
| 12. | Vanchipurackal Abraham | | 17 |
| 13. | Vanchipurackal George | | 18 |
| 14. | Varukukalaparampil George | | 19 |
| 15. | Varanath James | | 20 |
| 16. | Varickamakal Kurian | | 21 |
| 17. | Varickamakal Augustine | | 22 |
| 18. | Varickamakal Emmanuel | | 23 |
| 19. | Vattamattathil Philip | | 24 |
| 20. | Vattappalam Devasiachen | | 25 |
| 21. | Vattappalam Michael | | 26 |
| 22. | Vattappallil Joseph | | 27 |
| 23. | Vayalil James | | 28 |
| 24. | Vayaliparambil George | | 29 |
| 25. | Vazhacharickal Thomas | | 30 |
| 26. | Vazhakkapara Mathew | | 31 |
| 27. | Vechoor Dominic | Sept | 1 |
| 28. | Vedikunnel Thomas | | 2 |
| 29. | Vekathanam Scaria | | 3 |
| 30. | Velamparambil Cyrus | | 4 |

# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്



**ജൂലൈ 2011**

1- 5
ഷാർജയിൽ സീറോമലബാർ സഭാദിനത്തോടനുബന്ധിച്ചു നടന്ന സമ്മേളനത്തിൽ പങ്കെടുത്തു.

6. 09.00 am കോട്ടയം ബിഷപ്പ്സ് ഹൗസിൽ അഭിവന്ദ്യ പിതാക്കന്മാർക്കുവേണ്ടി നടത്തപ്പെട്ട ധ്യാനത്തിൽ പങ്കെടുത്തു.

02.00 pm കാക്കനാട് മൗണ്ട് സെന്റ് തോമസിൽ Permanent സിനഡ് മീറ്റിംഗിൽ സംബന്ധിച്ചു.

7. 10.00 am കോതനല്ലൂർ ഇടവകയിൽ ഒരു വീടിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

11.00 am കോതനല്ലൂർ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

01.00 pm കാഞ്ഞിരത്താനം ഇടവകയിൽ ബഹു. അലക്സ് പണ്ടാരക്കാപ്പിലച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

03.00 pm കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

8. 11.00 am മരങ്ങാട്ടുപള്ളി ഇടവകയിൽ ബഹു. വടക്കേമംഗലം അച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

03.30 pm പകലോമറ്റത്ത് വി. കുർബായർപ്പിച്ച് സന്ദേശം നൽകുകയും പുതുതായി നിർമ്മിച്ച ജാതൈക്യ ഭവന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

9. 11.45 am തീക്കോയി ഇടവകയിൽ ബഹു. ജോർജ് ചങ്ങഴശ്ശേരി അച്ചന്റെ പൗരോഹിത്യജൂബിലി ആഘോഷങ്ങളിൽ സംബന്ധിച്ച് ആശംസകളർപ്പിച്ചു.

03.00 pm ലീജിയൺ ഹോമിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

04.30 pm പാലായിൽ കെ.സി.വൈ.എം. സംഘടിപ്പിച്ച സമാധാന റാലിയിൽ പങ്കെടുത്ത് സന്ദേശം നൽകുകയും സമാധാനത്തിന്റെ പ്രതീകമായ വെള്ളരിപ്രാവിനെ പറപ്പിക്കുകയും ചെയ്തു.



10. 07.30 pm പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ രൂപതാവൈദികരുടെ ആദ്യബാച്ച് വാർഷികധ്യാനത്തിന് പ്രാരംഭസന്ദേശം നൽകി.

11. 06.30 am ബഹു. വൈദികരുടെ വാർഷികധ്യാനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

04.00 pm ഏന്തയാർ ഇടവകയിൽ ബഹു. മടുക്കാവിലച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

12. 06.30 am ബഹു. വൈദികരുടെ വാർഷികധ്യാനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

02.00 pm കടുത്തുരുത്തിയിൽ അപകടത്തിൽ മരിച്ച കുന്നശേരിയിൽ എലിസബത്ത് എന്ന കുട്ടിയുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

13. 06.30 am ബഹു. വൈദികരുടെ വാർഷികധ്യാനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

02.00 pm കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന മീറ്റിംഗിൽ പങ്കെടുത്തു.

14. 06.30 am ബഹു. വൈദികരുടെ വാർഷികധ്യാനത്തിൽ സുറിയാനി കുർബാനയർപ്പിച്ചു.

15. 09.00 am ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന ഒരു മീറ്റിംഗിൽ പങ്കെടുത്തു.

സന്ദർശകരെ സ്വീകരിച്ചു.

03.00 pm ബൈബിൾ കൺവൻഷന്റെ കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

16. 09.00 am മുത്തോലി ബ്രില്യന്റ് സ്റ്റഡി സെന്ററിൽ കുട്ടികളുടെ അവാർഡുദാന സമ്മേളനത്തിൽ സംബന്ധിച്ച് അനുഗ്രഹപ്രഭാഷണം നടത്തി.

10.00 am സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിന്റെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു.

11.00 am ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന ഒരു മീറ്റിംഗിൽ സംബന്ധിച്ചു.

02.00 pm ചേർപ്പുങ്കൽ ഇടവകയിൽ തോമസ് ഐരമന അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

04.30 pm ഐങ്കൊമ്പ് ഇടവകയിൽ പുതുതായി നിർമ്മിച്ച പള്ളിമുറിയുടെയും കൽക്കുരിശിന്റെയും വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

17. 07.30 am പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ബഹു. വൈദികരുടെ രണ്ടാം ബാച്ച് വാർഷികധ്യാനത്തിന് പ്രാരംഭസന്ദേശം നൽകി.

02.30 pm മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടന്ന അൽഫോൻസാ തീർത്ഥാടനത്തിൽ സംബന്ധിച്ചു.

03.30 pm ഏഴാച്ചേരി ഇടവകയിൽ ഒരു മൃതസംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചു.

05.30 pm കുടക്കച്ചിറ ഇടവകയിൽ ബഹു. തോമസ് തെക്കേടത്ത് അച്ചന്റെ അമ്മയുടെ മൃതസംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചു.

18. 06.30 am ബഹു. വൈദികരുടെ വാർഷികധ്യാനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

10.00 am കുഞ്ചിത്തണ്ണി ഇടവകയിൽ അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകളിൽ സംബന്ധിച്ച് അനുശോചനം അറിയിച്ചു.

05.00 pm തെള്ളകം സെമിനാരിയിൽ മരണമടഞ്ഞ തോമസ് തുമ്പേപ്പറമ്പിലച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

19. 10.45 am ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെ കൊടിയേറ്റ് കർമ്മം നിർവ്വഹിക്കുകയും തുടർന്ന് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

06.30 pm ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ചുള്ള ജപമാല പ്രദക്ഷിണത്തിൽ സംബന്ധിച്ചു.

20. 06.30 am ബഹു. വൈദികരുടെ വാർഷികധ്യാനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

21. 06.30 am ബഹു. വൈദികരുടെ വാർഷികധ്യാനത്തിൽ സുറിയാനി കുർബാനയർപ്പിച്ച് സന്ദേശം നൽകി.

03.00 pm കടുത്തുരുത്തി ഇടവകയിൽ ഒരു മൃതസംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചു.

22. 09.45 am പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ രസതന്ത്രവർഷ ഉദ്ഘാടനം നിർവ്വഹിച്ചു.



05.00 pm ചേർപ്പുങ്കൽ പള്ളിയിൽ പുതുതായി നിർമ്മിച്ച സിമിത്തേരി ചാപ്പലിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

23. 04.00 pm പാലാ സി.ആർ. ഹോസ്റ്റലിന്റെ പുതിയ കിച്ചൺ വെഞ്ചരിച്ചു.

25. 11.30 am അരുവിത്തുറ കോളജിൽ വച്ചു നടന്ന മദ്യവിരുദ്ധ മാസത്തിന്റെ സമാപനസമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

02.30 pm ബഹു. ജോസ് വടക്കേനെല്ലിക്കാട്ടിലച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26. 10.15 am രാമപുരം കോളജിൽ ഒരു മീറ്റിംഗിൽ സംബന്ധിച്ചു.

02.45 pm മേരിലാന്റ് ഇടവകയിൽ ബഹു. സക്കറിയാസ് ആലപ്പാട്ടച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

03.30 pm ദീപനാളത്തിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു.

27. 10.00 am സെന്റ് തോമസ് കോളജിൽ ഒരു മീറ്റിംഗിൽ പങ്കെടുത്തു.

07.00 pm പാലാ ബിഷപ്പ്സ് ഹൗസിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് ആലഞ്ചേരി പിതാവിന് സ്വീകരണം നൽകി.

28 08.30 am മരിയൻ ഹോസ്പിറ്റലിൽ പുതുതായി പണികഴിപ്പിച്ച ലാബിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

10.00 am വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് മേജർ ആർച്ചുബിഷപ് അർപ്പിച്ച വി. കുർബാനയിൽ സംബന്ധിച്ചു.

29. 06.45 am സെന്റ് മർത്താസ് ജനറലേറ്റിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.

03.00 pm ബിഷപ്പ്സ് ഹൗസിൽ വച്ചു നടന്ന എ.ഡി.സി.പി. യുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

30. 10.00 am പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന പാസ്റ്ററൽ കൗൺസിലിന്റെയും പ്രിസ്ബിറ്ററൽ കൗൺസിലിന്റേയും സംയുക്തസമ്മേളനത്തിൽ പങ്കെടുത്തു.

31. 02.00 pm അഭിവന്ദ്യ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് കുടക്കച്ചിറ പള്ളിയിൽ വി. കുർബാനയർപ്പിക്കുകയും തുടർന്ന് നടന്ന മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.



# Bishop's Engagements

## Mar Joseph Kallarangatt

**2011 August**

| | | | |
|---|---|---|---|
| 1. | 02-30 | pm | Kakkoor - Holy Qurbana |
| 2. | 02.30 | pm | St. Thomas College Pala - Holy Qurbana |
| | 04.30 | pm | Meeting - Bishp's House |
| 3. | 03.30 | pm | Deepanalam, Governing Body Meeting |
| 4. | 06.30 | pm | G.S.M.S. Karoor - Holy Qurbana |
| 5 | | | Engaged |
| 6. | 10.00 | am | Neeloor - Meeting |
| | 05.00 | pm | Vakakkadu - Pastoral Visit |
| 7 | | | Vakakkadu - Pastoral Visit |
| 8 -12 | | | KCBC Annual Retreat |
| 13 | 09.30 | am | Bishop's House - Meeting |
| | 11.00 | am | Bharananganam - Meeting |
| | 04.00 | pm | Keezhoor - Pastoral Visit |
| 14 | | | Keezhoor - Pastoral Visit |
| | 02.30 | pm | Kanjiramattam - Blessing |
| | 05.30 | pm | Yendayar - Blessing |
| 15-27 | | | Syro-malabar Synod, Kakkanad |
| 28 | 10.00 | am | Ramapuram - Syriac Qurbana |
| | 03.30 | pm | Vezhanganam - Blessing |
| 29 | | | Engaged |
| 30-Sept.3 | | | Kunnoth - Seminary Commision |